3. 1986-ലെ കേരള സമുദ്ര മൽസ്യബന്ധന നിയന്ത്രണ (രണ്ടാം ഭേദഗതി) ബിൽ സംബന്ധിച്ച രണ്ടാം സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ട്

റവന്യു വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, 1986-ലെ കേരള സമുദ്ര മൽസ്യബന്ധന നിയന്ത്രണ (രണ്ടാം ഭേദഗതി) ബിൽ സംബന്ധിച്ച രണ്ടാം സബ്ജക്റ്റ് കമ്മിറ്റിയുടെ റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

4. 1986-ലെ കേരള സർവ്വെ അതിരടയാള (ഭേദഗതി) ബിൽ സംബന്ധിച്ച രണ്ടാം സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ട്

റവന്യു വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, 1986-ലെ കേരള സർവ്വേ അതിരടയാള (ഭേദഗതി) ബിൽ സംബന്ധിച്ച രണ്ടാം സബ്ജക്റ്റ് കമ്മിറ്റിയുടെ റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

5. പൊതുമേഖലാ സ്ഥാപനങ്ങൾക്കായുള്ള സമിതിയുടെ അൻപത്തിനാലു മുതൽ അൻപത്തിഒൻപതു വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. പി. സീതിഹാജി : പൊതുമേഖലാ സ്ഥാപനങ്ങൾക്കായുള്ള സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 54 മുതൽ 59 വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

6. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ നൂറ്റിനാൽപ്പതു മുതൽ നൂറ്റി നാൽപ്പത്തിനാലുവരെയുള്ള റിപ്പോർട്ടുകൾ

ശ്രീമതി കെ. ആർ. ഗൗരി : സർ, പബ്ലിക് അക്കൗൺസ് കമ്മിറ്റിയുടെ 40 മുതൽ 144 വരെയുള്ള റിപ്പോർട്ടുകൾ ഞാൻ സമർപ്പിക്കുന്നു.

VI നിയമനിർമ്മാണകാര്യം

1986-ലെ കേരള പണം കടംകൊടുപ്പുകാർ (ഭേദഗതി) ബിൽ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) : സർ, 1986-ലെ കേരള പണം കടംകൊടുക്കൽ (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമ നിർമ്മാണ നടത്തുവാനുണ്ടായ സാഹചര്യങ്ങൾ വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെൻറ് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. തച്ചടി പ്രഭാകരൻ : സർ, 1986-ലെ കേരള പണം കടംകൊടുക്കൽ ഭേദഗതി ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച 8-ാം സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാനവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം) : സർ, ഞാനീ പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, ഒരു പോയിന്റ്. ഒരു ക്ലാരിഫിക്കേഷനുവേണ്ടിയാണ്. ഈ മണി ലെൻഡേഴ്സ് ആക്ട് 1958-ൽ പാസ്സാക്കിയ ഒരു നിയമത്തിന്റെ ഭേദഗതിയാണ്. അതാണ് ഇപ്പോളിവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഈ ഭേദഗതി അവതരിപ്പിക്കുന്നതിന് മുൻപ് നമ്മുടെ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി തന്നെ ഈ സഭയിൽ മണിലെൻഡേഴ്സ് ആക്ട് വളരെ ഇഫക്റ്റീവല്ല എന്നും വളരെ ഇഫക്റ്റീവായിട്ട് ഒരു നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുവെന്നും പറഞ്ഞുകൊണ്ട് ഒരു പ്രഖ്യാപനം നടത്തി. അതുകൊണ്ട് അദ്ദേഹം പുതിയ ഒരു നിയമം കൊണ്ടുവരാൻ ഉദ്ദേശിക്കുന്ന ഈ സാഹചര്യത്തിൽ, നമ്മുടെ നടപടിച്ചട്ടങ്ങളിൽ വ്യവസ്ഥയുണ്ട്, ഒരു പുതിയ ബിൽ റീപ്ലെയിസ് ചെയ്യാനുദ്ദേശിക്കുന്ന ഒരു സാഹചര്യത്തിൽ ഇപ്പോളിവിടെ ഇക്കാര്യം ചർച്ച ചെയ്യേണ്ട കാര്യമുണ്ടോ ? ബഹുമാനപ്പെട്ട മന്ത്രിയുടെ അഭിപ്രായമറിയണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) : സർ, ഈ ഓർഡിനൻസ് രണ്ടു മൂന്നു പ്രാവശ്യം വന്നതാണ്. ആ ഓർഡിനൻസ് ബിൽ ആക്കി എടുക്കേണ്ടത് നമുക്കാവശ്യമായതുകൊണ്ട് ഇത് കൊണ്ടുവന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചതുപ്പോലെ ഇന്നു രാവിലെ ഈ സഭയിൽ തന്നെ, പുതിയ അമെൻറുമെൻറ് വച്ചിട്ടുണ്ട്. അത് പ്രിൻറ് ചെയ്ത് രണ്ടു ദിവസത്തിനകം സർക്കുലേറ്റ് ചെയ്യാമെന്നും നിയമസഭാ സെക്രട്ടറിയറ്റ് പറഞ്ഞിട്ടുണ്ട്. സമഗ്രമായ ഒരു ബിൽ ഇതിനുശേഷം വരുന്നുണ്ട്. ഈ ബിൽ സബ്ജക്ടു കമ്മിറ്റിക്ക് റഫർ ചെയ്യുന്നതോടൊപ്പംതന്നെ സഭാനുവദിക്കുമെങ്കിൽ ചർച്ച, ഇത് രണ്ടുംകൂടി ചേർത്ത് ആവശ്യമായ ഭേദഗതികളും വരുത്താം. ഇതിലെ പല ക്ലാസുകളും പുതിയതായി വരുന്ന ബില്ലിനകത്തുണ്ട്. അതുകൊണ്ട് അക്കാര്യത്തെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട മെമ്പർമാർക്ക് സംശയമുണ്ടാകേണ്ട കാര്യമില്ല.

1958-ൽ കേരള മണി ലെൻഡേഴ്സ് ആക്റ്റ് നിലവിൽവന്ന സമയത്ത് അത്യാവശ്യമുള്ളവർക്ക് മിതമായ പലിശയ്ക്ക് കടം കൊടുത്താലുണ്ടാകാവുന്ന പ്രശ്നങ്ങളും അവയുടെ പരിഹാര മാർഗ്ഗങ്ങളും ഒക്കെയാണ് കണക്കിലെടുത്തിട്ടുള്ളത്. എന്നാൽ കാലക്രമേണ പൊതുജനങ്ങളിൽ നിന്ന് വൻതുകകൾ വാങ്ങി നിക്ഷേപമായിട്ട് സ്വീകരിക്കുന്ന ഒരു സാഹചര്യമുണ്ടായി. അപ്പോൾ അങ്ങനെ വൻതുകകൾ നിക്ഷേപിക്കുന്ന വ്യക്തികളും പാർട്ണർഷിപ്പുകളും മറ്റും മണി ലെൻഡിംഗ് ബിസിനസ് ആരംഭിക്കുകയും അവയിൽ പലതും സാമാന്യം ഭേദപ്പെട്ട ബാങ്കുകളെപ്പോലെ പ്രവർത്തനം നടത്തുകയും ചെയ്തുതുടങ്ങി. ഇതോടൊപ്പം ഇന്ന് നമ്മുടെ സംസ്ഥാനത്ത് നിരവധിയെണ്ണം കുന്നുപോലെ വളർന്നു വരികയുണ്ടായി. ഇപ്പോൾ ഏകദേശം 12,000 ത്തിനടുത്ത് ചിലപ്പോൾ സ്വകാര്യ മണിലെൻഡിംഗ് ബിസിനസുകാർ, സ്വകാര്യ ബാങ്കിംഗ് വ്യവസായികളും നമ്മുടെ സംസ്ഥാനത്തുണ്ട്. അവരെ നിയന്ത്രിക്കേണ്ടത് നമ്മുടെ രാജ്യത്തിന്റെ സാമ്പത്തിക സംവിധാനത്തിൽ ഏറ്റവും വലിയ ആവശ്യമാണ്. 1958-ൽ ഞാൻ നേരത്തെ പറഞ്ഞു. ചെറിയ രീതിയിലായിരുന്നതുകൊണ്ട് അവരെ വലിയ കാര്യമായി നിയന്ത്രിക്കാൻ അന്ന് ഉദ്ദേശിക്കപ്പെട്ടിരുന്നില്ല. ഇന്ന് വലിയൊരു സാമ്പത്തിക സംവി

11 A.M.] ധാനമെന്നുള്ള നിലയിൽ അവരെ സമഗ്രമായി നിയന്ത്രിക്കേണ്ടത് ഗവൺമെൻറിന് ആവശ്യമാണ് എന്നുള്ളതുകൊണ്ടാണ് ഇത് നമ്മുടെ പ്രധാനമായും കൊണ്ടുവരുന്നത്. ബാങ്ക് എന്നാൽ എന്താണെന്ന് ഒരു നിർവചനമില്ലായിരുന്നു. നിക്ഷേപത്തിന് നൽകാവുന്ന പലിശയുടെ പരിധി

LIBRARY ARCHIVES Kerala Legislative Assembly

നിശ്ചയിച്ചിട്ടില്ല. വായ്പയ്ക്ക് ഈടാക്കാവുന്ന പലിശയുടെ ഉയർന്ന പരിധി നിജപ്പെടുത്തുക, കണക്കുകൾ ചാർട്ടേഡ് അക്കൗണ്ടിനെക്കൊണ്ട് ആഡിറ്റ് ചെയ്യിക്കുക തുടങ്ങിയവയൊന്നും ഇന്ന് നിലവിലിരിക്കുന്ന 1958-ലെ മണിലെൻഡേഴ്സ് ആക്ടിലില്ല. ലൈസൻസ് കൊടുക്കാതെ ബിസിനസ് ചെയ്യുകയോ ലൈസൻസ് വ്യവസ്ഥകൾ ലംഘിക്കുകയോ ചെയ്താൽ നൽകാവുന്ന ശിക്ഷ വ്യക്തമാക്കിയിട്ടില്ലായിരുന്നു. അങ്ങനെയുള്ളതുകൊണ്ടാണ് ഇങ്ങനെ ഒരു ഭേദഗതി നേരത്തെ കൊണ്ടുവന്നത്. ഇത് കഴിഞ്ഞതിനുശേഷം, ഈ ഓർഡിനൻസ് വന്നതിനുശേഷം 1983 ഫെബ്രുവരിയിൽ റിസർവ് ബാങ്കും ഇതിന് ഒരു നിയന്ത്രണമുണ്ടാക്കുന്നതിനുവേണ്ടി ഒരു അമെൻറ്മെൻറ് നടപ്പിൽ വരുത്തി. റിസർവ് ബാങ്കിന്റെ അമെൻറ്മെൻറ് ആക്ട് വന്നാലുംശരി ആക്ഷൻ എടുക്കാനുള്ള അധികാരം സംസ്ഥാന ഗവൺമെൻറിനാണ് എന്നാണ് അതിൽ വ്യവസ്ഥ പെയ്തിരിക്കുന്നത്. സംസ്ഥാന ഗവൺമെൻറിന്റെ ആക്ടും കൂടി ഇവർക്ക് എതിരായിട്ട് നടപടി എടുക്കുന്നതിൽ ആവശ്യമുണ്ട്. നിങ്ങൾ പത്രത്തിൽ വായിച്ചിരിക്കുമല്ലോ? ഒരു വ്യക്തി നടത്തുകയാണെങ്കിൽ 25-ൽ കൂടുതൽ ആളുകളിൽ നിന്നും നിക്ഷേപം വാങ്ങാൻ പാടില്ല. 8,000 നിക്ഷേപങ്ങളുണ്ട്. 10,000 നിക്ഷേപങ്ങളുണ്ട് എന്ന് ഇവിടെ പ്രധാനപ്പെട്ട പത്രങ്ങളിൽ പരസ്യം ചെയ്താൽപോലും ഗവൺമെൻറിന് അവരെ കടിഞ്ഞാണിടാൻ കഴിയുന്നില്ല. അവരെ നിയന്ത്രിക്കാൻ കഴിയുന്നില്ല. പാർട്ടണർഷിപ്പാണെങ്കിൽ 250-ൽ കൂടുതൽ നിക്ഷേപം വാങ്ങാൻ പാടില്ലായെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതുകൊണ്ട് അവരെ കുറെക്കൂടി നിയന്ത്രിക്കുന്നതിനുവേണ്ടി, നമ്മുടെ സാമ്പത്തിക ഘടനയെ തുലക്കുന്ന ബ്ലേഡ് കമ്പനിക്കാരെ നിയന്ത്രിക്കുന്നതിനുവേണ്ടിയാണ് ഇതുകൊണ്ടു വന്നിട്ടുള്ളത്. അടുത്ത സഭയിൽ അവതരിപ്പിക്കാൻ ഈ ഗവൺമെൻറ് ആഗ്രഹിക്കുന്ന ഒരു പൂർണ്ണമായ അമെൻറുമെൻറുകൂടി വരുമ്പോഴേ മാത്രമേ പൂർണ്ണമായി ഇവരെ നിയന്ത്രിക്കാൻ കഴിയുകയുള്ളു. അതുകൊണ്ട് തൽക്കാലം പലിശയെയും ഈ പറഞ്ഞ കാര്യങ്ങളേയും ഒക്കെ നിയന്ത്രിക്കാനുതകുന്ന ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം സഭ പാസാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

Shri V.S. Chandrasekharan Pillai : Sir, I move that—"This House resolves to disapprove the Kerala Money Lenders (Amendment) Ordinance, 1986 (Ordinance No. 63 of 1986)". ഈ ഓർഡിനൻസ് നിരാകരിക്കണമെന്നുള്ള പ്രമേയം ഇവിടെ അവതരിപ്പിക്കാൻ കാരണം ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞയവസരത്തിൽ ഇവിടെസൂചിപ്പിച്ചു. മണിലെൻറേഴ്സിനെ പൂർണ്ണമായി നിയന്ത്രിക്കുന്നതിന് ആവശ്യമായ രീതിയിലുള്ള സമഗ്രമായ ഒരു ബിൽ ഇവിടെ അവതരിപ്പിക്കാൻ പോവുകയാണ് എന്ന്. ബഹുമാനപ്പെട്ട വർക്കല രാധാകൃഷ്ണൻ സൂചിപ്പിച്ചതുപോലെ സമഗ്രമായ ഒരു ബില്ലല്ല ഇത് എന്നു മാത്രമല്ല ഈ മണിലെൻറേഴ്സ് ബില്ലിൽ ഇന്നും സ്വകാര്യ പണമിടപാടുക്കാർക്ക് ഇഷ്ടംപോലെ പണം വിനിയോഗിക്കുന്നതിനും ഡപ്പോസിറ് സ്വീകരിക്കുന്നതിനും ആവശ്യമായ എല്ലാ സ്വാതന്ത്ര്യവും നൽകിയിരിക്കുന്നു എന്നതാണ്. ഇന്ന് ഒരു സമാന്തര സാമ്പത്തിക ഘടനതന്നെ ഈ വിഭാഗം പണമിടപാടുകാർ നമ്മുടെ സംസ്ഥാനത്തു സംജാതമാക്കിയിരിക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി, അദ്ദേഹം മന്ത്രിയല്ലായിരുന്നപ്പോഴും സ്വകാര്യ പണമിടപാടുകാരെ കർശനമായി നിയന്ത്രിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അന്നത്തെ ധനകാര്യമന്ത്രിക്ക് പല മെമ്മോറാണ്ടങ്ങളും സമർപ്പിച്ചിരുന്നു എന്നാണ് എനിക്ക് മനസിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. അതിനുകാരണം അദ്ദേഹം സഹകരണ ബാങ്കിന്റെ പ്രധാനപ്പെട്ട ഒരു ചുമതലക്കാരൻ എന്ന നിലയിലും. ഈ സഹകരണ പ്രസ്ഥാനത്തിന്റെ പ്രവർത്തനം സുഗമമായി

LIBRARY ARCHIVES Kerala Legislative Assembly

മുന്നോട്ടു കൊണ്ടുപോകണം എന്നുള്ളതിന്റെ അടിസ്ഥാനത്തിലുമായിരുന്നു. ഇന്ന് അദ്ദേഹം ധനകാര്യ വകുപ്പുമന്ത്രി കൂടിയാണ്. അപ്പോൾ സഹകരണ ബാങ്കുകാരെയും ബാങ്കിനെയും ഫലപ്രദമായി നിലനിർത്തികൊണ്ടുപോകണമെന്നുള്ളതിനോടൊപ്പംതന്നെ ഈ സ്വകാര്യ പണമിടപാടുകാരെയും ഏതാണ്ട് അതേരീതിയിൽ കൈകാര്യം ചെയ്യേണ്ട ഒരു സ്ഥിതിവിശേഷം ഇന്ന് അദ്ദേഹത്തിന് സംജാതമായിരിക്കുകയാണ്. ആ ഒരു പ്രത്യേക സാഹചര്യത്തിലാണ് ഇത്തരത്തിൽ വികലമായ സമഗ്രമല്ലാത്ത ഒരു ബിൽ അവതരിപ്പിക്കാൻ ഇടയായിട്ടുള്ളത് എന്നാണ് ഞാൻ മനസിലാക്കുന്നത്. ഇപ്പോൾ സഹകരണ സ്ഥാപനങ്ങളെയും പിരിയാൻ പാടില്ല സ്വകാര്യ പണമിടപാടുകാരെ വിടാനും കഴിയുകയില്ല. അങ്ങനെ ഒരുവനെ പിരിയാനും ഒരു കാലത്ത് രണ്ടാളെ വരിക്കാനും കഴിയാത്ത നിലയിൽ ഒരു ഗതികേടിലാണ് നമ്മുടെ ധനകാര്യമന്ത്രി. കഴിഞ്ഞ ഒരു ദിവസം അദ്ദേഹം ഒരു ചോദ്യത്തിനു മറുപടിയായി നമ്മുടെ സ്വകാര്യ പണമിടപാടുകാരുടെ സംഖ്യ ഇവിടെ പറയുകയുണ്ടായി. 11261 സ്വകാര്യ പണമിടപാടുകാർ നമ്മുടെ സംസ്ഥാനത്തുണ്ട്, എന്നാണ് അദ്ദേഹം പറഞ്ഞത്. അതിൽ ലൈസൻസിനും മറ്റും തകരാറുണ്ടാക്കിയതിന്റെ ഫലമായി ലൈസൻസു പുതുക്കി കൊടുത്തത് 6863 പേർക്ക് മാത്രമാണ്. അങ്ങനെ അത്തരത്തിൽ ചില നിയന്ത്രണങ്ങളും കൈവരുത്തിയിരിക്കുന്നു. ഇതു മാത്രവുമല്ല ഇപ്പോൾ അദ്ദേഹം പ്രസ്താവിച്ചതുപോലെ പരിശോനയിൽ കുറെക്കൂടി കർശനമായ ഏർപ്പാടുകളുണ്ടാക്കാൻ പോകുന്നുവെന്നും ഇഷ്ടംപോലെ വാങ്ങിക്കൊണ്ടിരുന്ന പലിശ നിയന്ത്രിക്കാൻ പോകുന്നുവെന്നകാര്യവും ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഏതായാലും രണ്ടു മാസം മുമ്പ് ഇത്തരത്തിൽ ഒരു നിയന്ത്രണം ഈ സംസ്ഥാനത്തെ സ്വകാര്യ പണമിടപാടുകാരുടെ മേൽ ഉണ്ടാക്കുവാൻപോകുന്നു എന്ന് പ്രഖ്യാപിച്ചതിന്റെ ഫലമായി പണമിടപാടുകാർക്ക് ചില മുൻകരുതൽ നടപടികളൊക്കെ എടുക്കാൻ കഴിഞ്ഞു എന്നുള്ളതാണ് യഥാർത്ഥ്യം. പണ്ട് സർ. സി. പി. രാമസ്വാമി അയ്യർ ഇവിടെ ഭരിക്കുന്ന കാലത്ത്. ചാല കമ്പോളത്തിന് വീതികൂട്ടാൻ പോകുന്നുവെന്ന് പറഞ്ഞ് ഒരു പ്രഖ്യാപനം നടത്തി. ആ പ്രഖ്യാപനം നടത്തിയതിന്റെ അടുത്ത ദിവസം മുതൽ ചാലകമ്പോളത്തിലെ കച്ചവടക്കാരായ കച്ചവടക്കാർ മുഴുവൻ പരിഭ്രാന്തരായി അവരെല്ലാം കൂടി ചേർന്ന് സർ. സി.പി. രാമസ്വാമിയെ കാണേണ്ട വിധത്തിൽ കണ്ടു. അങ്ങനെ കാണേണ്ടവിധത്തിൽ കണ്ടതിന്റെ ഫലമായി ചാല കമ്പോളത്തിന്റെ വീതി അന്ന് കൂട്ടാൻ കഴിഞ്ഞില്ല എന്നു മാത്രമല്ല ഈ നിമിഷംവരെയും ചാലകമ്പോളത്തിന്റെ വീതി കൂട്ടാൻ കഴിഞ്ഞിട്ടില്ല. അതുപോലെതന്നെ ശ്രീ. തച്ചടി പ്രഭാകരൻ സ്വകാര്യ പണമിടപാടുകാരെ വളരെ കർശനമായി നിയന്ത്രിക്കാൻ പോകുന്നുവെന്ന് പരസ്യമായി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ ചില ആളുകളൊക്കെ കാണേണ്ടവിധംതന്നെ അദ്ദേഹത്തെ കണ്ടുവെന്നാണ് മനസിലാക്കാൻ കഴിഞ്ഞത്, എന്തായാലും ഇന്ന് ചില നിയന്ത്രണങ്ങളും മാത്രമാണ് പണമിടപാടുക്കാരുടെ മേൽ ചെലുത്താൻ അദ്ദേഹം തയ്യാറായത്. ഒരു സമാന്തര സാമ്പത്തിക ഘടനതന്നെ ഇന്ന് പടുത്തുയർത്തിയിരിക്കുന്ന സ്വകാര്യ പണമിടപാടുകാരെ കർശനമായി നിയന്ത്രിച്ചില്ലെങ്കിൽ നമ്മുടെ സംസ്ഥാനത്ത് ഗുരുതരമായ ഭവിഷ്യത്തുകൾ ഉണ്ടാകാൻ പോകുന്നുവെന്നാണ് എനിക്ക് അദ്ദേഹത്തെ അനുസ്മരിപ്പിക്കാനുള്ളത്. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിയമത്തിൽ ചില ഭേദഗതികൾ ഈയടുത്തകാലത്ത് വരുത്തി. ഷെഡ്യൂൾഡ് ബാങ്കുകളും നാഷണൽ ലൈസ്ഡ് ബാങ്കുകളും വാങ്ങിക്കുന്നതിൽനിന്ന് 3% മാത്രമെ പലിശ കൂടുതൽ വാങ്ങാൻ പാടുള്ളൂ എന്ന് അവർ നിർദ്ദേശിച്ചിരുന്നു. കൂടുതൽ പലിശ വാങ്ങുന്നുവെന്ന് ഗവൺമെന്റിനു ബോദ്ധ്യമായതുകൊണ്ട് ചില നിയന്ത്രണങ്ങൾ ഗവൺമെന്റ് ഏർപ്പെടുത്താൻ തയ്യാറായി വന്നിരിക്കുന്നു. അതിന്റെ പേരിൽ ധാരാളം സ്വകാര്യ പണമിടപാടുകാർ കോടതിയെ സമീപിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെ ഹൈക്കോടതിയിൽ 47 ഹർജികളും സമർപ്പിക്കുകയും ഈ 47 ഹർജികളുടെയും ഹൈക്കോടതി സ്റ്റേ കൊടുക്കുകയും ആ സ്റ്റേ വളരെ വേഗത്തിൽ ഗവൺമെന്റ് വെക്കേറ്റ് ചെയ്യിക്കുകയും ചെയ്തുവെന്ന് മന്ത്രി ഇവിടെ സൂചിപ്പിച്ചു. ഇപ്പോൾ 47 കേസുകളും സുപ്രീംകോടതിയിലാണ്. സുപ്രീംകോടതിയിലുള്ള കേസുകളും എങ്ങനെ കൈകാര്യം ചെയ്യുമെന്നുള്ളത് ഒരു പ്രധാനപ്പെട്ട പ്രശ്നമാണ്. ഈ സ്വകാര്യ പണമിടപാടുകാരെ നിയന്ത്രിക്കാൻ ധനകാര്യമന്ത്രിക്കും ഈ ഗവൺമെന്റിനും വളരെയധികം ബുദ്ധിമുട്ടുണ്ടാകും. അതിന് കഴിയുമെന്ന് പ്രതീക്ഷിക്കുന്നില്ല. ഗഹൻ പണം കുന്നുകൂടിയിട്ടുള്ള ആളുകളും ഉദ്യോഗത്തിലിരുന്ന് എല്ലാ അഭ്യാസങ്ങളുമുലവും അഴിമതി നടത്തി ഇഷ്ടംപോലെ കൈക്കൂലി വാങ്ങി പണം സമ്പാദിച്ച ആളുകളും, അതുപോലെ റിട്ടയർ ചെയ്തതും ചെയ്യാത്തതുമായ ധാരാളം പോലീസ് ഉദ്യോഗസ്ഥൻമാർ രാഷ്ട്രീയ സ്വാധീനമുപയോഗിച്ച് ഉദ്യോഗസ്ഥൻമാർക്ക് ട്രാൻസ്ഫറും മറ്റും വാങ്ങിച്ചുകൊടുക്കാമെന്ന് പറഞ്ഞ് ലക്ഷക്കണക്കിന് രൂപ തട്ടിയെടുത്തിട്ടുള്ള ആളുകളും ടാക്സ് ഇനങ്ങളിൽ ലക്ഷക്കണക്കിന് രൂപയുടെ വൻവെട്ടിപ്പ് നടത്തിയിട്ടുള്ള ആളുകളും ഇവരൊക്കെയാണ് ബ്ലേഡ് കമ്പനികളും ഇന്നു നടത്തുന്നത്. ഇവരെ ഏതെങ്കിലും തരത്തിൽ തൊടാൻ നമ്മുടെ ധനകാര്യമന്ത്രി തയ്യാറാവുമോ ? ഈ ഗവൺമെന്റ് തയ്യാറാകുമെന്ന് പറഞ്ഞാൽ യാതൊരു കാരണവശാലും വിശ്വസിക്കാൻ നിർവാഹമില്ല. ബ്ലേഡ് കമ്പനിക്കാർ നിർബാധം അവരുടെ പ്രവർത്തനവുമായി മുന്നോട്ടു പോവുകയാണ്. ബ്ലേഡു കമ്പനികളും മുമ്പത്തെക്കാളും ഇന്ന് വളരെ കൂടുതലുണ്ട്. ആയിരക്കണിന് ബ്ലേഡ് കമ്പനികളും ഉയർന്നുവരാൻ പ്രധാനപ്പെട്ട കാരണം ബാങ്കുകളുടെ വായ്പയിൽ ഏർപ്പെടുത്തിയിട്ടുള്ള ചില നിയന്ത്രണങ്ങളാണ്. ആ നിയന്ത്രണങ്ങളും കുറെ ലഘൂകരിക്കാൻ ഉദാരവൽക്കരിക്കാൻ ആവശ്യമായ ഏർപ്പാടുകളുംകൂടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. വ്യാപാരികളുടെ അക്കൗണ്ടിൽ ഓവർ ഡ്രാഫ്റ്റ് ഇയ്യടുത്തക്കാലത്ത് നിയന്ത്രിച്ചു. ഗവൺമെന്റ് ധാരാളം കർമ്മപരിപാടികളും അടുത്തകാലത്ത് ബാങ്കുകാരുടെമേൽ അടിച്ചേൽപ്പിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ യാതൊരു നിയന്ത്രണവുമില്ലാതെ ധാരാളം സ്വകാര്യ പണമിടപാടുകാർ രംഗത്ത് വന്നിരിക്കുകയാണ്. ബ്ലേഡ് കമ്പനികളിൽ ഇയ്യടുത്തകാലത്ത് നിക്ഷേപിച്ചിട്ടുള്ള തുകയുടെ കണക്ക് സാമ്പത്തിക കുറ്റാന്വേഷകർ കണക്കാക്കി പറഞ്ഞത് ഏകദേശം 50 കോടിയിൽപ്പരം രൂപയാണെന്നാണ്. വൻപിച്ച ചൂഷണമാണ് നമ്മുടെ രാജ്യത്ത് നടന്നുകൊണ്ടിരിക്കുന്നത് എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. 1970-ൽ ഒരു ചിട്ടി ആക്ടുണ്ടാക്കി. ആ ചിട്ടി ആക്ട് ഇവർക്ക് ബാധകമല്ല. 1985-ൽ ഈ നിയമത്തിന് ഒരു ഭേദഗതി കൊണ്ടുവന്നു. ഈ ഭേദഗതിയനുസരിച്ച് വായ്പ കൊടുക്കാമെന്നും എന്നാൽ നിക്ഷേപം സ്വീകരിക്കാൻ പാടില്ലെന്നുമാണ് ഈ നിയമത്തിൽ പറഞ്ഞിരിക്കുന്നത്. യഥാർത്ഥത്തിൽ നിയന്ത്രണം നിലനിൽക്കേണ്ടതാണെന്നാണ് എന്റെ അഭിപ്രായം. രജിസ്ട്രേഷനു അപേക്ഷിച്ചാൽ മതി ഉടൻതന്നെ പണം ഇടപാടുകാർക്കു അവരുടെ ബിസിനസ് ആരംഭിക്കാം. നിലവിലുള്ള ലൈസൻസ് ഫീസ് ഇന്ന് അവരിൽ നിന്നും ഈടാക്കുന്നത് കുറച്ചുകൊടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അവർ മെമ്മോറാണ്ടങ്ങളും സമർപ്പിച്ചിട്ടുണ്ട്. നിയമപ്രകാരം വായ്പ കൊടുക്കാനുള്ള സെക്യൂരിറ്റി മാത്രമാണ് ഇന്ന് അവരിൽനിന്ന് വാങ്ങുന്നത്. ആ തുക കുറച്ചു കൊടുക്കേണ്ട യാതൊരു ആവശ്യവുമില്ല. ഇന്ന് സ്വകാര്യപണം ഇടപാടുകാർ എല്ലാ മേഖലകളിലേക്കും കടന്നു ചെന്നിരിക്കുന്ന ഒരു സ്ഥിതി വിശേഷമാണുള്ളത്. വ്യക്തമായ രേഖകളും ഒന്നുംതന്നെ വായ്പ വാങ്ങുന്നവർക്കു കൊടുക്കുന്നില്ല. 36% മുതൽ 72% വരെ ഇന്നു പലിശ ഈടാക്കുന്നുണ്ട്. ഭൂമി സെക്യൂരിറ്റിയായി നൽകി പണമടക്കാൻ കഴിയാതെ വരുമ്പോൾ ധാരാളം പേർക്കു ഭൂമി നഷ്ടപ്പെടുന്ന സ്ഥിതിവിശേഷമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അത്ര ഉയർന്ന തരത്തിലുള്ള പലിശയാണ് വാങ്ങുന്നത്. സ്വ, സ്വർണ്ണ പണ്ടങ്ങൾ പണയം വാങ്ങുന്നതിൽനിന്നും മറ്റു ബാങ്കുകളെ സർക്കാർ നിയന്ത്രിച്ചിരിക്കുന്നതുമൂലം പണയംവച്ച് പണമെടുക്കാൻ കഴിയുന്നില്ല. അങ്ങനെ സാധാരണക്കാർക്കു വളരെ പെട്ടെന്നുള്ള ഒരാവശ്യം നിർവഹിക്കാനുള്ള പണം ലഭ്യമാകാതെ വരുന്നു. അഥവാ കൊടുത്താൽതന്നെ പവന് ആയിരം രൂപയിൽ കൂടുതൽ കൊടുക്കുകയില്ല. സംസ്ഥാന സഹകരണ ബാങ്കുകളുണ്ടെങ്കിൽ, 35 സഹകരണ ബാങ്കുകളും മാത്രമാണ് ഇത്തരത്തിൽ സ്വർണ്ണ പണ്ടങ്ങൾ പണയം വാങ്ങിയിട്ട് പണം കൊടുക്കുന്നത്. അതും കഷ്ടിച്ചു 700 രൂപ മാത്രമേ കൊടുക്കുകയുള്ളു. സർ, ഈ ബ്ലേഡ് കമ്പനികൾ 1,300 രൂപ വരെ കടം കൊടുക്കുന്നു. പലിശ 36 ശതമാനം മുതൽ എത്ര രൂപവരെ വേണമെങ്കിലും വാങ്ങാം. പലിശ കൂടുമ്പോൾ സ്വർണ്ണ പണ്ടങ്ങൾ തിരിച്ചെടുക്കാൻ കഴിയാതെയുള്ള സാഹചര്യങ്ങൾ സംജാതമാകുന്നു. അങ്ങനെ പലിശതുക മാത്രം മുടക്കി സ്വർണ്ണം കുന്നുകൂട്ടുന്ന സ്ഥിതിവിശേഷമാണുള്ളത്. അതുപോലെതന്നെ വാഹനങ്ങൾക്കു പണം കടം കൊടുക്കുന്ന ഹയർ പർച്ചേസ് ഏർപ്പാടുണ്ട്. അങ്ങനെ ഹയർ പർച്ചേസ് ഏർപ്പാടിൽ ബന്ധപ്പെടുന്ന ആൾക്കാരുടെ വണ്ടി വിൽക്കാതിരിക്കാനുള്ള ഏർപ്പാടുകളെങ്കിലും ഉണ്ടാക്കണം. അതിന് ഫ്ളാറ്റ് റേറ്റ് ഇൻറെസ്റ്റ് കണക്കാക്കിക്കൊണ്ടിരിക്കുന്നത്, വൻപലിശ കൊള്ളയാണ് നടക്കുന്നത്. അതുപോലെ ആർ.സി. ബുക്കുകൾ പണയം വച്ചതിനുശേഷം പണം വാങ്ങുന്ന ഒരു ഏർപ്പാടും നിലവിലിരിക്കുന്നു. പിന്നീട് ആർ.സി. ബുക്കുകൾ കളഞ്ഞുപോയതായി പത്രത്തിൽ പരസ്യം ചെയ്തിട്ട് വീണ്ടും ഡ്യൂപ്ലിക്കേറ്റ് രജിസ്ട്രേഷൻ ബുക്കു വാങ്ങുന്നു. പണം കൊടുക്കാതെ രക്ഷപ്പെടുന്ന ഏർപ്പാടുകൾ സാധാരണയായി നടന്നുവരികയാണ്. ധാരാളം വാഹനങ്ങൾ ഇന്നു ബ്ലേഡു കമ്പനികളുടെ പേരിൽ ഓടുന്നുണ്ട്. ചെറുകിട കച്ചവടക്കാർ രാവിലെ ആയിരം രൂപ ചോദിച്ചാൽ അതിൽ നിന്നും 100 രൂപ പലിശ എടുത്തതിനുശേഷം 900 രൂപ കൊടുക്കും. പൈകിട്ട് ആയിരം രൂപ തിരിച്ചുവാങ്ങും. ഇതെല്ലാം നിയന്ത്രിക്കാൻ ഇന്നു ഈ നിയമം പര്യാപ്തമാണെന്നു ഞാൻ ധരിക്കുന്നില്ല. സർക്കാരിനെതന്നെ പല തലത്തിലും ഇവർ വെട്ടിക്കുകയാണ്. ഇൻകം ടാക്സ് വെട്ടിപ്പു നടത്തുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രി മാണിക്കും ഒക്കെ അറിയാം. കഷ്ടിച്ച് 500 രൂപ ശമ്പളമുള്ള ഒരു ശിപായി 2,500 രൂപ ശമ്പളം പറ്റുന്നതായി പരസ്പരമുള്ള ധാരണയുടെ പേരിൽ രേഖപ്പെടുത്തും. സർ, ഇതു ചാർട്ടേഡ് അക്കൗണ്ടൻറ് അല്ല, ദൈവം തമ്പുരാൻ വിചാരിച്ചാലും ഈ വെട്ടിപ്പ് കണ്ടുപിടിക്കാൻ സാധിക്കില്ല. ചാർട്ടേഡ് അൗണ്ടൻറിനെ നിയോഗിച്ചതുകൊണ്ട് കഴിയുകയില്ല. സ്റ്റേറ്റിൽ ഇത്തരത്തിൽ ഒരു ഓഫീസ് തുറന്നതുകൊണ്ട്— ഇൻസ്പെക്ടിംഗ് വിംഗ് ഉണ്ടാക്കിയതുകൊണ്ടും ഇതിനു പരിഹാരമുണ്ടാവുകയില്ല. നിക്ഷേപം യാതൊരു കാരണവശാലും പണമിടപാടുകാർ സ്വീകരിക്കാൻ പാടില്ല. അവരെ അനുവദിക്കാൻ പാടില്ല. അഥവാ അനുവദിക്കുന്നപക്ഷം നിക്ഷേപത്തിനു പരിധി നിർണ്ണയിക്കണം. പരമാവധി ഇത്ര രൂപയിൽ കൂടുതൽ നിക്ഷേപിക്കാൻ പാടില്ല എന്നുള്ള നിബന്ധന വയ്ക്കണം. അതോടൊപ്പംതന്നെ ഈ നിക്ഷേപതുകയുടെ 60% തുകയെങ്കിലും ദേശസാൽകൃത ബാങ്കുകളിൽ നിക്ഷേപിക്കാൻ ഏർപ്പാട് ഉണ്ടാക്കണം. കൃത്യമായി പരിശോധന നടത്തുന്നതിന് ആവശ്യമായ രീതിയിലുള്ള ഉദ്യോഗസ്ഥൻമാരെ നിയമിക്കണം. ഈ വക കാര്യങ്ങൾ കൂടാതെ കൂടി കർശനമാക്കിക്കൊണ്ട് മുന്നോട്ടു പോകുന്നതിനു കഴിയത്തക്ക നിലയിലുള്ള ഒരു സമഗ്രമായ നിയമനിർമ്മാണമാണ് ഉണ്ടാകേണ്ടത് എന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എൻറെ പ്രമേയം ഒന്നുകൂടി പ്രസ് ചെയ്തുകൊണ്ട് അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(അദ്ധ്യക്ഷ വേദിയിൽ ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. എസ്. ആർ. തങ്കരാജ് : സർ ഈ ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. ഈ നിയമം ചർച്ച ചെയ്ത് ഈ സഭയുടെ സമയം നഷ്ടപ്പെടുത്തേണ്ട ആവശ്യമുണ്ടോ എന്നാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണം കേട്ടപ്പോൾ എനിക്കു സംശയം തോന്നിയത്. സർ, വിശാലമായ ഒരു നിയമം കൊണ്ടുവരാൻ പോകുകയാണ്. അതിനു മുൻപ് ഇങ്ങനെയുള്ള ഓർഡിനൻസുകൾ കൊണ്ടുവന്ന് നമ്മുടെ സാമൂഹ്യ അന്തരീക്ഷത്തെ മലീമസപ്പെടുത്തേണ്ട കാര്യമുണ്ടായിരുന്നോ ? അതൊക്കെ ചർച്ചചെയ്യാനുള്ളപ്പോൾ. മറ്റൊരു അമൻറുമെൻറു ബിൽ അണിയറയിൽ അണിഞ്ഞൊരുങ്ങുമ്പോൾ ഇതിനേക്കാൾ വിശാലമായ ഒരു ബില്ലിനു രൂപം കൊടുത്തുകൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ ഇതു അനിവാര്യമാണെന്നു പറയാൻ നിർവ്വാഹമില്ല. സർ, മറ്റൊരു കാര്യം പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പു മന്ത്രിയുടെ വിശദീകരണത്തിൽ ഇപ്രകാരമൊരു ഓർഡിനൻസ് കൊണ്ടു വന്നില്ലെങ്കിൽ നമ്മുടെ കേരളത്തിൽ സാമ്പത്തിക രംഗത്തു ഉണ്ടാകാൻ പോകുന്ന ദുരവസ്ഥയെക്കുറിച്ചെങ്കിലും ഒരു വാചകം പറയേണ്ടതായിരുന്നു. ഇങ്ങനെ ഒരു നിയമത്തെ ഓർഡിനൻസു മുഖാന്തിരം കൊണ്ടുവരേണ്ട പ്രത്യേക സാഹചര്യം എന്താണെന്ന് അദ്ദേഹം ഇവിടെ വിവരിക്കുകയുണ്ടായില്ല. അതുകൊണ്ടു കൂടിയാണ് ഇതിനെ അടിയന്തിരമായി നിരാകരിക്കണമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നത്. ഈ രംഗത്തെക്കുറിച്ച് നമ്മൾ ഒന്നാലോചിക്കുകയാണെങ്കിൽ മനുഷ്യ ശരീരത്തെ അർബുദ രോഗം കാർന്നു തിന്നുന്നതുപോലെ നമ്മുടെ സാമ്പത്തിക രംഗത്തെ കാർന്നു തിന്നുകൊണ്ടിരിക്കുന്ന ഒരു മേഖലയാണ് ഈ സഹകാര്യ പണമിടപാടുകാരുടെ പ്രവർത്തന മേഖല. ഈ അർബുദ രോഗത്തിന് എങ്ങനെ പരിഹാരം കണ്ടെത്താൻ സാധിക്കുമെന്ന് ഈ നിയമത്തെ നമ്മൾ വിശകലനം ചെയ്തു നോക്കിയാൽ കാണാൻ സാധിക്കുകയില്ല. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ എടുത്ത നടപടികളുടെ ഫലമായിട്ട് പല സഹകാര്യ പണമിടപാടുകാരും നിറുത്തി എന്നാണ് അവകാശപ്പെടുന്നത്. നിറുത്തിയെന്ന് അവകാശപ്പെടുന്ന സഹകാര്യ പണമിടപാടുകാർ ഇന്നും ഒളിവിലിരുന്ന് രേഖകൾ രഹസ്യമായി സൂക്ഷിച്ച് അവരുടെ പണമിടപാടുകൾ നിർബാധം തുടർന്നുകൊണ്ടിരിക്കുകയാണ്. അങ്ങനെയുള്ള ആളുകളെ നിയന്ത്രിക്കുന്നതിന് അല്ലെങ്കിൽ അവർക്കെതിരായ നടപടികൾ സ്വീകരിക്കുന്നതിന് എന്തു സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി വിശദീകരിച്ചാൽ കൊള്ളാമായിരുന്നു സർ. സഹകരണ രംഗം ഇന്ന് വളരെയധികം വളർന്നു പന്തലിച്ചു നിൽക്കുന്നുവെന്നാണ് ജനങ്ങളുടെ വിശ്വാസം. സഹകരണ വകുപ്പു മേധാവികൾപോലും അവകാശപ്പെടുന്നത്. അതൊരു വലിയ വടവൃക്ഷമായിത്തീർന്നിരിക്കുന്നുവെന്ന് പരസ്യമായി ഒരു യോഗത്തിൽ പ്രസംഗിക്കുന്നതു ഞാൻ കേട്ടിട്ടുണ്ട്. അങ്ങനെ പടർന്നു പന്തലിച്ചു നിൽക്കുന്ന സഹകരണ മേഖലയിൽപോലും റിസർവ് ബാങ്കിന്റെ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. ഇന്നലെവരെ 18% പലിശ വാങ്ങിക്കൊണ്ടിരുന്ന പല സഹകരണ ബാങ്കുകളും അതു 17 ശതമാനമായി 16 ശതമാനമായി പലിശ വാങ്ങുന്നു. ചെറുകിട വ്യവസായികൾക്കാണെങ്കിൽ കുറഞ്ഞ റേറിനും മറ്റു പല ആവശ്യങ്ങൾക്കുമാണെങ്കിൽ അല്പം കൂടിയ റേറിനും ആ നിലയിൽ നിയന്ത്രിക്കാൻ സാധിക്കും. സഹകാര്യ പണമിടപാടുകാരെ നിയന്ത്രിക്കാൻ ആഡിറനുണ്ടെന്നും പറഞ്ഞു. അതും ചാർട്ടേഡ് അക്കൗണ്ടൻറിനെക്കൊണ്ട് ആഡിറ് ചെയ്യാനാണ് ഇതിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഇതിനു ഗവൺമെൻറിൽ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തണമെന്നാണ് എനിക്കു പറയാനുള്ളത്. ഗവൺമെൻറ് ഇതിനു പ്രത്യേക ഉദ്യോഗസ്ഥൻമാരെ വച്ച് ആഡിറ് നടത്തുമെന്നോ ഈ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

അപ്പോഴും ചാർട്ടേഡ് അക്കൗണ്ടൻറുമാർ എന്തെങ്കിലും ക്രമക്കേടുകൾ കണ്ടുപിടിച്ചുകഴിഞ്ഞാൽ ഈ ബാങ്കുകാരനു നോട്ടീസു കൊടുത്തു വിശദീകരണം ആവശ്യപ്പെട്ടതിനുശേഷം ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ടിനു താഴെ അല്ലാത്ത ഒരു കോടതിയിൽ കേസ് കൊടുത്ത് ഇതിനു നടപടിയെടുക്കാൻ മാത്രമാണ് ഇവിടെ വ്യവസ്ഥ ചെയ്തിട്ടുള്ളത്. സർ, ആരെങ്കിലും ഏതെങ്കിലുമൊരു സ്വകാര്യ പണമിടപാടുകാരന്റെ ഓഫീസിൽ ചെന്നു പരിശോധിച്ചു നോക്കിയാൽ തുക വയ്ക്കാത്ത വൗച്ചറുകളുടെ കെട്ടുകളായിരിക്കും കാണുന്നത്. ഈ തുക വയ്ക്കാത്ത വൗച്ചറുകൾ സൂക്ഷിക്കുന്നത് ക്രമക്കേടാണെന്ന് എവിടെയെങ്കിലും ഒരു നിർവ്വചനം പറഞ്ഞിട്ടുണ്ടോ ? അങ്ങനെ ഒരു നിർവ്വചനം ഇല്ലാത്തിടത്തോളം കാലം എങ്ങനെയാണ് ഇവർക്കെതിരായി നടപടിയെടുക്കാൻ സാധിക്കുന്നത്. ഇവിടെ ഇതിനൊക്കെ സീലിംഗ് കൽപ്പിച്ചുകൊണ്ടുള്ള ഒരു നിയമമാണെന്നു പറഞ്ഞു. ഷെഡ്യൂൾഡ് ബാങ്കുകളിലും മറ്റു ദേശസാൽകൃത ബാങ്കുകളിലുമൊക്കെ ഇന്നു 17.5% മാത്രമാണെന്നു പറയുമെങ്കിലും ഹാൻഡ്ലിംഗ് ചാർജ്, ഇൻഷ്വറൻസ് ചാർജ് എന്നീ പല കണക്കുകൾ പറഞ്ഞ് ഏതാണ്ട് 27.5% വരെ പലിശ ഈടാക്കുന്നുണ്ട്. ഇങ്ങനെ പലിശ ഈടാക്കിക്കൊണ്ടിരിക്കുമ്പോൾ ഇവിടെ ഒരു നിശ്ചിത ശതമാനം പലിശയായി നിജപ്പെടുത്തിയെന്നു പറഞ്ഞാൽ, ഏതെങ്കിലുമൊരു സ്വകാര്യ കമ്പനിക്കാരൻ, പണമിടപാടുകാരൻ അതനുസരിച്ചു മാത്രമെ പലിശ ഈടാക്കുകയുള്ളുവെന്നു പറഞ്ഞാൽ സാധാരണക്കാർക്ക് അതു വിശ്വസിക്കാൻ സാധിക്കുമോ ? നിങ്ങൾ അതു ആലോചിക്കേണ്ട ഒരു കാര്യമാണ്. ഇത്രയും ദീർഘവീക്ഷണമില്ലാതെ ഒരു നിയമ നിർമ്മാണം നടത്തിയതിൽ സഹതപിക്കാതിരിക്കാൻ നിർവ്വാഹമില്ല.

അതുപോലെ കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിയമത്തിലൂടെ പലിശ കുറയ്ക്കാം. സ്വകാര്യ ബാങ്കുകാർ അവരുടെ ബിസിനസ് തുടങ്ങുമ്പോൾ അവരുടെ കൈവശമുള്ള തുക ഏതെങ്കിലുമൊരു ദേശസാൽകൃത ബാങ്കിൽ നിക്ഷേപിക്കണമെന്ന് ഇതിൽ എവിടെയെങ്കിലും വ്യവസ്ഥ ചെയ്തിട്ടുണ്ടോ? ഇതിൽ വച്ചിട്ടുള്ള വ്യവസ്ഥയനുസരിച്ച് ഏതാണ്ട് ഒരു ലക്ഷം മാത്രം ടേൺ ഓവറുള്ള ഒരാൾ അയ്യായിരം രൂപ ഡെപ്പോസിറ്റു ചെയ്യണം. 5 ലക്ഷം വരെയുള്ളതിനു പതിനായിരം രൂപയും 10 ലക്ഷം വരെയുള്ളതിനു 25,000 രൂപയും ഡെപ്പോസിറ്റു ചെയ്യണം. അതു കഴിഞ്ഞാൽ അൻപതിനായിരം രൂപ സീലിംഗ് വച്ചിട്ടുള്ളതു അല്ലാതെ യാതൊരു നിയന്ത്രണവുമില്ല.

സർ, പത്തും ഇരുന്നൂറും മുന്നൂറും കോടി രൂപ മുടക്കിയിട്ടുള്ള വലിയ മേഖലകളിൽ അനേകം സ്ഥാപനങ്ങൾ വച്ച് നടത്തുന്ന സ്വകാര്യ ബാങ്കുകാരുണ്ട്. അവരെ നിയന്ത്രിക്കാൻ എന്താണ് മാർഗ്ഗമുള്ളത് ? ഇതിൽ നിന്ന് ഒരു കാര്യം തീർച്ചയാകുന്നത് സാധാരണക്കാരനെ മാത്രം—പാവപ്പെട്ടവനെ മാത്രം—ഈ സ്വകാര്യ പണമിടപാടുകളിൽ നിയന്ത്രിക്കുന്നതിനുള്ള നിയമനിർമ്മാണമുണ്ടെന്നുള്ളതിൽ കവിഞ്ഞ് ഇവിടെ മുതലാളിമാരെ നിയന്ത്രിക്കുന്നതിന് യാതൊരു സംവിധാനവും ഏർപ്പെടുത്തിയിട്ടില്ല. അവർക്ക് ഇഷ്ടംപോലെ എന്തുവേണമെങ്കിലും പ്രവർത്തിക്കുന്നതിനും, അതുപോലെതന്നെ കൊള്ളലാഭമെടുക്കുന്നതിനുമുള്ള സംവിധാനം ഈ നിയമത്തിന്റെ പഴുതുകളിലൂടെ നേടിയെടുക്കാൻ സാധിക്കും. അതേ സമയം സാധാരണക്കാരനെ നിയന്ത്രിക്കരുത് എന്നല്ല ഞാൻ പറയുന്നത്. എല്ലാ ആളുകളേയും പൂർണ്ണമായും നിയന്ത്രിക്കുന്നതിനുള്ള സമഗ്രമായ ഒരു ശ്രമം ഇല്ലാത്തിടത്തോളം കാലം, ഈ നിയമം കൊണ്ട് യാതൊരു പ്രയോജനവുമില്ല. അതിനെല്ലാം ഉപരിയായി മറ്റ് സഹസ്ഥാനങ്ങളിൽ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തവർ അവരുടെ സ്ഥാപനങ്ങളുടെ ബ്രാഞ്ച് നമ്മുടെ സംസ്ഥാനത്ത് പലതും പ്രവർത്തിക്കുന്നുണ്ട്. അതിൽ പ്രധാനമായിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

ഒരു കാര്യമുള്ളത്. ചിട്ടി ബിസിനസാണ്. കേരള സംസ്ഥാനത്തിലെ സഹകരണ ബാങ്കുകാരൻ 1 ലക്ഷം രൂപയുടെ ഒരു ചിട്ടി തുടങ്ങിയാൽ അത് ലേലം വിളിക്കുമ്പോഴും നറുക്കിട്ട് എടുക്കേണ്ട ഒരു സ്ഥിതി വിശേഷം വരുന്നുണ്ട്. കേരളത്തിൽ ഇന്നിരിക്കുന്ന നിയമ വ്യവസ്ഥിതിയനുസരിച്ച്, മുപ്പതിനായിരം രൂപയിൽ കുറച്ച് വിളിക്കാനും സാധ്യമല്ല. 70,000 രൂപ കിട്ടത്തക്കതരത്തിലുള്ള ഒരു നിയമ സംവിധാനമാണ് വച്ചിട്ടുള്ളത്. പക്ഷേ അടുത്ത സംസ്ഥാനത്തിലുള്ള ഒരാൾ അവിടെ സ്ഥാപനം രജിസ്റ്റർ ചെയ്തതിനുശേഷം അതിന്റെ ഒരു ബ്രാഞ്ച് നമ്മുടെ സംസ്ഥാനത്തു തുടങ്ങി ഇവിടെ ചിട്ടി ഏർപ്പെടുത്തിയാൽ അതിൽ പങ്കാളിയാകുന്ന ഒരാൾ ലേലം വിളിയിൽ പങ്കെടുത്താൽ 55 ശതമാനം കുറച്ച് വിളിക്കുന്നതിനുള്ള സംവിധാനം ഉണ്ട്. ഈ രീതിയിലുള്ള വ്യത്യാസം നിലവിലുള്ളപ്പോഴും തീർച്ചയായിട്ടും നമ്മുടെ സംസ്ഥാനത്തെ ഈ സാമ്പത്തിക രംഗം മെച്ചപ്പെടുത്തുന്നതിന് സാദ്ധ്യമല്ലാത്ത ഒരു സാഹചര്യമുണ്ടായിക്കൊണ്ടിരിക്കുകയാണ്. അങ്ങനെ രണ്ടു തരത്തിലുള്ള ഈ സംവിധാനങ്ങളും ഒരേ സംസ്ഥാനത്തിൽ നിലവിലിരിക്കുമ്പോഴും സാമ്പത്തിക രംഗത്ത് സാധാരണക്കാരന് മുന്നോട്ടു പോകാൻ സാധിക്കാത്ത ഒരു സ്ഥിതിവിശേഷം വന്നുചേരുമെന്നുള്ളത് കാലേകൂട്ടി കാണേണ്ട ബാദ്ധ്യത ബഹുമാനപ്പെട്ട ധനകാര്യ വകുപ്പു മന്ത്രിക്കുണ്ടെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. എസ്. ഗോവിന്ദ കുറുപ്പ് : ഈ ചർച്ചയെന്നു പറയുന്നത് വളരെ പ്രധാനപ്പെട്ടതാണ്. നമ്മുടെ നാട്ടിലെ മുന്തിയ പുള്ളിമാരെ മൂക്കുചെത്തി ഉപ്പ് തേക്കുമെന്ന് പ്രഖ്യാപിച്ച ധനകാര്യ വകുപ്പുമന്ത്രി ഇവിടെ ഇല്ലാതെ ചർച്ച നടത്തിയിട്ട് എന്താണ് കാര്യം ?

ശ്രീ. എസ്. ആർ. തങ്കരാജ് : മറ്റൊരു ദുസ്ഥിതി ഇന്ന് നാഷണലൈസ്ഡ് ബാങ്കുകളിൽ കൃത്യമായി സാധാരണക്കാരായ ആവശ്യക്കാർക്ക് ആവശ്യാനുസരണം പണയ ബിസിനസായിരുന്നാലും ശരി, കാർഷിക ലോണുകളായിരുന്നാലും ശരി, ആവശ്യക്കാരന് കൊടുത്തിരുന്നുവെങ്കിൽ ഈ സാമ്പത്തിക രംഗം ഇത്രമാത്രം തടിച്ചു കൊഴുക്കുമെന്ന് വിശ്വസിക്കേണ്ട യാതൊരു സാഹചര്യവുമില്ല. പക്ഷപാതപരമായിട്ടാണ് അതിന്റെ പ്രവർത്തനങ്ങൾ അവർ മുന്നോട്ടു കൊണ്ടുപോകുന്നതെന്ന് പറയേണ്ടിയിരിക്കുന്ന ദുഃസ്ഥിതിയിലെത്തിയിരിക്കുന്നു. പല ബാങ്കുകളിലും ഭരണപക്ഷക്കാരായ ആളുകളുടെ എഴുത്ത് ഉണ്ടെങ്കിൽ മാത്രമേ, ശുപാർശ കത്തുണ്ടെങ്കിൽ മാത്രമേ ലോൺ കൊടുക്കുകയുള്ളൂ എന്നുള്ള ഒരു സ്ഥിതിവിശേഷത്തിലെത്തിച്ചേർന്നിരിക്കുകയാണ്. നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം ലജ്ജാകരമായ ഒരു സ്ഥിതിവിശേഷമാണിത്. സാധാരണക്കാരന്റെ ആവശ്യമനുസരിച്ച് അവന് അത്യാവശ്യം വരുമ്പോൾ മാത്രമാണ് ബാങ്കുകളിലേക്ക് വീട്ടിലുള്ള പണ്ടമായിട്ടും, മറ്റ് സാധനങ്ങളുമായിട്ടും എത്തിച്ചേരുന്നത്.

ശ്രീ. നാലകത്ത് സൂപ്പി : രേണകക്ഷിയിലെ എം. എൽ. എ. മാരുടെ ശുപാർശ കത്ത് വേണമെന്ന് പറയുന്നുണ്ടല്ലോ. ആ കത്തിൽതന്നെ വെയിറ്റുള്ളവരും ഇല്ലാത്തവരുമായ എം. എൽ. എ. മാരുണ്ടെന്നുള്ളതറിയാമോ ?

ശ്രീ. എസ്. ആർ. തങ്കരാജ് : ഭരണകക്ഷികളുടെ സ്വാധീനം ആ രംഗത്ത് വളരെയധികമുണ്ടാകുന്നുണ്ടെന്ന് ഞാൻ സൂചിപ്പിച്ചു. ഞാൻ ഏതെങ്കിലും ഒരു എം. എൽ. എ. യുടെ എഴുത്തിനെക്കുറിച്ചല്ലാ പറഞ്ഞത്. ഭരണരംഗത്തുള്ള ആളുകളുടെ സ്വാധീനത്തിന്റെ പുറത്ത് അവരുടെ ശുപാർശ കത്ത് ഉണ്ടെങ്കിൽ മാത്രമേ ലോൺ കിട്ടുകയുള്ളൂ. എന്റെ സുഹൃത്തായ ശ്രീ. നാലകത്ത് സൂപ്പി വരികയാണെങ്കിൽ പല ബാങ്കുകളിലും കയറിയിറങ്ങി ഇതിന് ഉദാഹരണം ചൂണ്ടിക്കാണിച്ചുതരും. യാതൊരു സംശയവുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : അദ്ധ്യക്ഷൻ ചോദിച്ചത് രേണുകക്ഷിയിലെ എം. എൽ. എ. മാരിൽ തന്നെ വെയിറ്റുള്ളവരും, വെയിറ്റില്ലാത്തവരും ഉണ്ടെന്നും സൂപ്പിയെപ്പോലുള്ളവർ കൊടുത്താൽ കത്തിന് വിലയില്ലായെന്നുമാണ്. അത് എന്താണെന്നാണ് ഞാൻ ചോദിച്ചത് ?

ശ്രീ. എസ്. ആർ. തങ്കരാജ് : ബഹുമാനപ്പെട്ട സൂപ്പിയുടെ പഴയകാല സംഭവം എപ്പോഴും എന്റെ മനസിലുണ്ട്. അദ്ധ്യക്ഷന്റെ ഗതികേടിലേക്ക് നമ്മളാരെങ്കിലും സഹകരിക്കാൻ ചെന്നാൽ ഏറ്റവും ഒടുവിൽ അദ്ധ്യക്ഷൻ അതിൽനിന്നു പിൻമാറുമെന്നുള്ള കാര്യത്തിൽ സംശയമില്ല. നമ്മുടെ മുൻ ട്രാൻസ്പോർട്ട് വകുപ്പുമന്ത്രിയുടെ കത്തുമായിട്ട് മുൻ എം. ഡി. യുടെ മുൻപിൽ പോയ സന്ദർഭം നമ്മുടെ മുൻപിൽ ഇപ്പോഴും നിൽക്കുകയാണ്. വേദനാജനകമായ ആ സംഭവത്തിൽ ഞങ്ങളൊക്കെ സഹകരിച്ചിട്ടും, അദ്ധ്യക്ഷൻ തന്റെ ഉത്തരവാദിത്വത്തിൽ നിന്ന് പിൻമാറിയതുകൊണ്ട് അദ്ധ്യക്ഷന്റെ എഴുത്തുകുത്തുകൾക്കുള്ള വിലയെക്കുറിച്ച് നമുക്ക് ഇപ്പോഴും പരാമർശിക്കാൻ നിർവ്വാഹമില്ലാത്ത ഒരു സാഹചര്യത്തിൽ എത്തിച്ചേർന്നിരിക്കുകയാണ്. ഏതായിരുന്നാലും; ഈ ധനകാര്യ സ്ഥാപനങ്ങൾ ഈ രീതിയിൽ പക്ഷപാതപരമായിട്ട് പെരുമാറിയാൽ ഈ രംഗത്ത് ഒരു വിഭാഗം ആളുകളെ തടിച്ചു കൊഴുപ്പിക്കുന്നതിന് അതുംകൂടി കാരണമായിത്തീരും എന്നുള്ള കാര്യത്തിന് സംശയമില്ല. രണ്ടോ, മൂന്നോ വർഷങ്ങൾക്കുമുമ്പുള്ള റിസർവ്വ് ബാങ്കിന്റെ കണക്കനുസരിച്ച് ഇന്ന് സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്ന് കൊടുത്തിട്ടുള്ള ലോണുകളുടെ കണക്ക് പരിശോധിച്ചതിൽ ഇൻഡ്യാ മഹാരാജ്യത്തെപ്പോലെ രണ്ടു മഹാരാജ്യത്തിന് കാർഷിക രംഗത്ത് വിപ്ലവാത്മകമായ പരിവർത്തനത്തിന് ആവശ്യമുള്ളതിലേറെ തുക ഒരു വർഷം ലോണുകൾ കൊടുത്തിട്ടുണ്ട്. അതിന്റെ കണക്കുകൾ ബഹുമാനപ്പെട്ട മന്ത്രി ഒന്ന് അന്വേഷിക്കാനും; പരിശോധിക്കാനും തയ്യാറാകണം. ഈ തുകകൾ ചെന്നെത്തിയിട്ടുള്ളത് ഈ രാജ്യത്തെ പാവപ്പെട്ടവന്റെ, പട്ടിണിക്കാരന്റെ, സാധാരണ കൃഷിക്കാരന്റെ ഒരു ആശ്രയവുമില്ലാതെ ഓടിച്ചെന്ന് എത്തുന്നവന്റെ കരങ്ങളിലേക്കാണോ. അതല്ല ഈ രാജ്യത്തെ മദ്ധ്യവ്യവസായികളുടെ അല്ലെങ്കിൽ, കുത്തക മുതലാളിമാരുടെ അല്ലെങ്കിൽ, വൻ വ്യവസായികളുടെ അല്ലെങ്കിൽ, കള്ളക്കടത്തുകാരുടെ കരങ്ങളിലേക്കാണോ, അതല്ല സാധാരണക്കാരന്റെ കരങ്ങളിലേക്കാണോ ? സർ, ഇന്ന് നാഷണലൈസ്ഡ് ബാങ്കുകളും, അതുപോലെ തന്നെ ഷെഡ്യൂൾഡ് ബാങ്കുകളും ഒരാഴ്ചയിൽ രണ്ടു ദിവസമാണ് ആഴ്ചാവസാനങ്ങൾക്ക് ലോൺ കൊടുക്കുന്നത്. അതിന് ഒരു മാറ്റമുണ്ടാക്കണം. ഇങ്ങനെയുള്ള മാറ്റം ഉണ്ടാക്കുവാനാണ് ധനകാര്യ വകുപ്പുമന്ത്രിയുടെ വിപ്ലവ പ്രസംഗത്തിൽ എന്തെങ്കിലും അർത്ഥമുണ്ടെങ്കിൽ, ഇവിടെ അദ്ധ്യക്ഷൻ ആത്മാർത്ഥതയോടുകൂടിയാണ് ഈ പ്രഖ്യാപനങ്ങൾ നടത്തിയിട്ടുള്ളതെങ്കിൽ ഇതുപോലെ പൊതുമേഖലയിൽ പ്രവർത്തിക്കുന്ന ധനകാര്യ സ്ഥാപനങ്ങൾ സാധാരണക്കാരന്റെ ആവശ്യാനുസരണം പണം കൊടുക്കുന്നതിന് ഉദാരമായ വ്യവസ്ഥകൾ ഉണ്ടാക്കണം. അതിൽ നിയന്ത്രണം മേർപ്പെടുത്തിയാൽ, ആവശ്യക്കാരൻ ഓടിച്ചെല്ലുമ്പോൾ അവർക്ക് പണം കിട്ടാതെ വന്നാൽ ഏറ്റവും ഒടുവിൽ ചെന്നെത്തുന്നത് ഈ സ്വകാര്യ ഫൈനാൻസുകാരന്റെ കരങ്ങളിലേക്കാണ്. അവൻ ചോദിക്കുന്ന പൈസ കൊടുക്കണം. ആ രംഗത്ത് മറ്റൊരു ഗതികേടുകൂടിയുണ്ട്. രസീതു ഫീസ്—ആയിരം രൂപ കടമെടുക്കാൻ ചെല്ലുന്ന ഒരാൾക്ക് ഇരുപതും, ഇരുപത്തിയഞ്ചും രൂപ രസീത് ഫീസ് ഈടാക്കുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ ഈ കാര്യം എത്തിയിട്ടുണ്ടോയെന്നുള്ളതിനെപ്പറ്റി എനിക്ക് അറിഞ്ഞുകൂടാ. പതിനായിരം രൂപയെടുക്കാൻ ചെല്ലുന്ന ഒരാളിൽനിന്ന് 250-ഓ, 500 ഓ രൂപ അഡ്വാൻസായി ഈടാക്കുന്നു. അതിനുശേഷം മാറ് തുകകളാണ്

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കുന്നത്. അതിനുപരിയായി ആദ്യത്തെ ഒരു മാസത്തെ പലിശ കൂടി കൊടുക്കുന്ന തുകയിൽനിന്ന് ഈടാക്കിയതിനുശേഷമാണ് ബാക്കി തുക കൊടുക്കുന്നത്. മൂന്നു മാസം കഴിയുമ്പോഴും ഗഡുക്കളായി പലിശ അടക്കാൻ സാധിക്കാതെ വന്നാൽ അയാൾ കൊണ്ടുവച്ച ആഭരണമാണെങ്കിൽ അത് തിരികെ കിട്ടുകയില്ല. വസ്തു ആണെങ്കിൽ ഒരു ആറു മാസം കഴിയുമ്പോഴേക്കും ലേലക്കാരന്റെ കൈയിൽ ചെന്നെത്തുമെന്നുള്ള കാര്യത്തിൽ സംശയമില്ല.

സ്വകാര്യ പണമിടപാടുകാരൻ കൃത്രിമമായി രേഖയുണ്ടാക്കിയതിനു ശേഷം മൂന്നു മാസം കാലാവധി കഴിയുമ്പോഴേക്കും എടുത്തില്ലെങ്കിൽ നോട്ടീസ് കൂടാതെ ഈ ആഭരണം ലേലത്തിൽ വിൽക്കുന്നതാണ് എന്ന് കാണിച്ച് രസീതിന്റെ പുറകുവശത്ത് ഒരു വ്യവസ്ഥ എഴുതി വച്ചിട്ടുണ്ട്. ആ വ്യവസ്ഥ പാലിച്ചു എന്നു വരുത്തുന്നതിനുവേണ്ടി സർട്ടിഫിക്കറ്റ് ഓഫ് പോസ്റ്റിംഗിൽ അയച്ചതായി ഒരു രേഖയുണ്ടാക്കും. അതിനുശേഷം നാലാമത്തേയോ, അഞ്ചാമത്തേയോ മാസത്തിൽ ഈ ആഭരണം എടുക്കുന്നതിനു വേണ്ടി തിരിച്ചുചെല്ലുമ്പോൾ അത് ലേലം ചെയ്തു വിറ്റതായിട്ടുള്ള രേഖകളുമായി തിരിച്ചുപോകേണ്ട ഒരു ഗതികേട് വരുന്നു. പല ആളുകളും ശ്വാസംമുട്ടി, ബോധംകെട്ടു വീണിട്ടുള്ള സന്ദർഭങ്ങളുണ്ട്. ഉടയവരുടേയോ അല്ലെങ്കിൽ അയൽവാസിയുടേയോ ആഭരണങ്ങളും വാങ്ങി അത്യാവശ്യത്തിന് പണമെടുത്തിട്ടുള്ള ആളുകൾക്ക് ഉണ്ടാകുന്ന ഗതികേടാണിത്. ഇങ്ങനെയുള്ള സാഹചര്യങ്ങളും ഇന്ന് നിലവിലുള്ളപ്പോൾ സ്വകാര്യ പണമിടപാടുകാരെ പൂർണ്ണമായും നിയന്ത്രിക്കാനുള്ള ഒരു നിയമ നിർമ്മാണമാണാവശ്യം. ആരുടേയെങ്കിലും കരങ്ങളിൽ പണമുണ്ടെങ്കിൽ അത് നാഷണലൈസ്ഡ് ബാങ്കുകളിലോ, സാധിക്കുമെങ്കിൽ സഹകരണ രംഗത്ത് പ്രവർത്തിക്കുന്ന ബാങ്കുകളിലോ മാത്രമേ നിക്ഷേപിക്കാവൂ എന്നൊരു നിയന്ത്രിത നിയമം കൊണ്ടു വരേണ്ടതിന്റെ അടിയന്തിര ഘട്ടത്തിൽ നമ്മൾ എത്തിച്ചേർന്നിരിക്കുകയാണ്. സർക്കാരുദ്യോഗസ്ഥൻമാർക്കാണ് വളരെയേറെ ദുഃസ്ഥിതി ഉണ്ടായിട്ടുള്ളത്.

ശ്രീ. കെ. കൃഷ്ണൻകുട്ടി : സ്വകാര്യ പണമിടപാടുകാരെ നിയന്ത്രിക്കുകയും, അതനുസരിച്ച് സഹകരണ സംഘങ്ങളിൽ നിന്നും മറ്റ് സ്ഥലങ്ങളിൽ നിന്നും വായ്പ കിട്ടാതിരിക്കുകയും ചെയ്താൽ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടെന്താണെന്ന് ബഹുമാനപ്പെട്ട മെമ്പർ മനസിലാക്കിയിട്ടുണ്ടോ ?

ശ്രീ. എസ്. ആർ. തങ്കരാജ് : അതുതന്നെയാണ് ഞാൻ ഇവിടെ പറയുന്നത്. സഹകരണ സ്ഥാപനങ്ങളിൽ നിന്നും, ദേശസാൽകൃത ബാങ്കുകളിൽനിന്നും ഈ രാജ്യത്തെ സാധാരണക്കാരന് ആവശ്യാനുസരണം ലോൺ കിട്ടാതെ വരുന്ന സാഹചര്യത്തിലാണ് സ്വകാര്യ ഹുണ്ടികക്കാരുടെയടുത്തേക്ക് കടന്നുചെല്ലുന്നത്. പണത്തിനാവശ്യംവരുമ്പോൾ ഏത് മാർഗത്തിലൂടെയെങ്കിലും പണം കൈയിൽ വന്നേതീരൂ എന്ന സാഹചര്യം വരുമ്പോഴാണ് സ്വകാര്യ പണമിടപാടുകാരന്റെ കരങ്ങളിലേക്ക് ചെന്നെത്തുന്നത്. അതിനെ നിയന്ത്രിക്കുന്നതിനുള്ള ഒരു മാർഗമെന്ന നിലയിൽ ഇന്ന് ഏറ്റവും കൂടുതൽ ദുഃഖം അനുഭവിക്കുന്ന സർക്കാർ ഉദ്യോഗസ്ഥൻമാർ റിട്ടയർചെയ്യുമ്പോൾ അവർക്ക് കിട്ടുന്ന തുക—പ്രോവിഡൻറ് ഫണ്ട് ആയിട്ടും, ഗ്രാറ്റുവിറ്റിയായിട്ടും, ശമ്പളത്തിന്റെ ഒരു ഭാഗം ഒരുമിച്ച് കമ്മ്യൂട്ട് ചെയ്ത് വാങ്ങുന്ന തുകകളും, നാളിതുവരെ ചെയ്തിട്ടുള്ള പ്രശസ്ത സേവനങ്ങളുടെ ഒരു പട്ടിക തന്നെ നിരത്തിവച്ചുകൊണ്ട് സത്യാഗ്രഹമിരുന്നുതന്നെ ഈ തുക വാങ്ങിയശേഷം—ആറ് മാസമോ, ഒരു വർഷമോ അല്ലെങ്കിൽ മൂന്നോ രണ്ടോ വർഷത്തേക്ക് ആകർഷകമായ പലിശ കിട്ടുന്നതിന്....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : ബ്ലേഡ് കമ്പനിക്കാർ തന്നെ കൈക്കൂലി കൊടുത്ത് പണം ബാങ്കുകളിൽ നിന്ന് മേടിച്ച് അമിതമായ പലിശക്ക്, കഴുത്തറുപ്പൻ പലിശക്ക് ആളുകൾക്ക് കൊടുത്ത് അങ്ങനെ പണം ഈടാക്കുന്നത് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. എസ്. ആർ. തങ്കരാജ് : ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നു മാത്രമല്ല, ഇന്ന് സഹകാര്യ ബാങ്കിന്റെ ഉടമകളും, നഷണലൈസ്ഡ് ബാങ്കുകളുടെ മാനേജർമാരും കൂടിയുള്ള ഒരു കള്ളക്കളിയാണ് ഇത് എന്നുള്ളത് രാജ്യ വ്യാപകമായി അറിയാവുന്ന ഒരു കാര്യമാണ്. ഈ സംസ്ഥാനത്തു മാത്രം മതുങ്ങി നിൽക്കുന്ന ഒരു കള്ളക്കളിയാണ് ഇത് എന്നു പറയാൻ നിർവ്വാഹമില്ല. ഇൻഡ്യാ രാജ്യത്തിലെ മുഴുവൻ സഹകാര്യ പണമിടപാടുകാരും ദേശസാൽകൃത ബാങ്കിന്റെ മാനേജർമാരും ഒരുമിച്ചുനിന്നുകൊണ്ട് ഈ രാജ്യത്തെ 80 ശതമാനം ആളുകളുടേയും കഴുത്തറുക്കുന്ന ഒരു നിലവാരത്തിൽ എത്തിച്ചേർന്നിരിക്കുന്നു. നേരത്തേ ഞാൻ സർക്കാർ ഉദ്യോഗസ്ഥൻമാരുടെ കാര്യം സൂചിപ്പിച്ചു. റ്റയർ ചെയ്ത് അഞ്ചു വർഷംപോലും എത്തുന്നതിനു മുമ്പ് അവസാനിക്കുന്ന തരത്തിലുള്ള പരിപാടികളും ഈ രാജ്യത്ത് മുഴുവൻ നടക്കുമ്പോൾ, തട്ടിപ്പും വെട്ടിപ്പും നടക്കുമ്പോൾ.....

ശ്രീ. കെ: കൃഷ്ണൻകുട്ടി : ബഹുമാനപ്പെട്ട ധനകാര്യ വകുപ്പു മന്ത്രി, ആളുകൾ ബ്ലേഡ് കമ്പനികളിലേക്ക് പോകുന്നത് നിയന്ത്രിക്കാൻ വേണ്ടി എല്ലാ സഹകരണ സംഘങ്ങളിലും—ആര് സർണ്ണം പണയം വച്ചാലും—10,000 രൂപ വീതം കൊടുക്കുമെന്നു പ്രഖ്യാപിച്ചു. പക്ഷേ ഫലത്തിൽ ഒരിടത്തും അത് നടക്കുന്നില്ല. 2,000 രൂപപോലും ഒരു വ്യക്തിക്ക് കിട്ടാത്ത ഒരവസ്ഥയാണ് ഇപ്പോഴുള്ളത്. വെറുതേ ശ്രീ. തച്ചടി പ്രഭാകരൻ ഇങ്ങനെ പ്രഖ്യാപനങ്ങൾ നടത്തുകയല്ലാതെ, അതൊന്നും നടപ്പാക്കുന്നില്ലായെന്നുള്ള കാര്യം ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ ?

ശ്രീ. എസ്. ആർ. തങ്കരാജ് : അതുതന്നെയാണ് ഞാൻ നേരത്തേ ഇവിടെ സൂചിപ്പിച്ചത്. ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രഖ്യാപനത്തിൽ എന്തെങ്കിലും ആത്മാർത്ഥതയുണ്ടെങ്കിൽ, ആത്മാർത്ഥമായ ജനസേവനത്തിനുവേണ്ടിയാണ് ഈ പ്രഖ്യാപനങ്ങൾ നടത്തുന്നതെങ്കിൽ പറയുന്ന കാര്യങ്ങൾ നടപ്പിൽ വരുത്തുവാൻ, അത് പ്രായോഗികതയിലെത്തിച്ചേർന്നുവെന്ന് തീരുമാനിക്കാൻ തയ്യാറാകണം.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : നമ്മുടെ ധനകാര്യമന്ത്രി ശ്രീ. തച്ചടി പ്രഭാകരന്റെ ആത്മാർത്ഥതയെ ചോദ്യം ചെയ്യരുത്. ബഹുമാനപ്പെട്ട മെമ്പർ രണ്ടു മൂന്നു പ്രാവശ്യം അദ്ദേഹത്തിന്റെ ആത്മാർത്ഥതയെക്കുറിച്ച് ആവർത്തിച്ചാവർത്തിച്ച് പറഞ്ഞു. ധനം സംരക്ഷിക്കാനും അതുപോലുള്ള കാര്യങ്ങളേതായാലും ശരി അദ്ദേഹം ചെയ്യുന്ന പ്രവൃത്തി ആത്മാർത്ഥമായിതന്നെ ചെയ്യും, അതിന്റെ പയോജനം ആളുകൾക്കുണ്ട്, അത് നിങ്ങൾക്കും നമുക്കും യോജിക്കാൻ വയ്യാത്തതായിരിക്കും.

ശ്രീ. എസ്. ആർ. തങ്കരാജ് : എനിക്ക് ഒരു കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപെടുത്താനുള്ളത് ഈയടുത്ത കാലത്ത് സഹകാര്യ ബാങ്കുകാരുടെ യൂണിയനുമായി ബഹുമാനപ്പെട്ട മന്ത്രി ചർച്ച നടത്തിയെന്നു സൂചിപ്പിക്കുകയുണ്ടായി; എന്താണ് അതിന്റെ പരിണത ഫലമെന്നോ, അവരുടെ ചർച്ചക്ക് വിഷയമായ കാര്യങ്ങളെന്താണെന്നോ ഒന്നും സൂചിപ്പിച്ചിട്ടില്ല. ഏതായാലും ബഹുമാനപ്പെട്ട മന്ത്രിയെ ഒതുക്കുന്നതിനുവേണ്ടിയുള്ള

LIBRARY ARCHIVES Kerala Legislative Assembly

ചർച്ചയിലെത്തിച്ചേരരുത്. ഈ രാജ്യത്തെ 80 ശതമാനം ആളുകളുടെ ജീവിതം തുലാസിൽ തൂങ്ങുമ്പോഴും ആ ജീവിതത്തെ പച്ച പിടിപ്പിക്കുന്നതിനുവേണ്ടി, തളിർപ്പിക്കുന്നതിനുവേണ്ടി, ഇന്ന് മരുഭൂമിയിൽ ദാഹജലത്തിനുവേണ്ടി കാത്തു കാത്തിരിക്കുന്ന ഒരു പ്രതീതിയാണ് ഉള്ളത്. അതിന് പരിഹാരം കണ്ടെത്തുന്നതിനുവേണ്ടിയുള്ള ഒരു നിയമ നിർമ്മാണമാക്കി മാറ്റുവാൻ തയ്യാറാകണം. ഈ നിയമ നിർമ്മാണംകൊണ്ട് ഈ രംഗത്തെ പരിപോഷിപ്പിക്കുവാനോ, ഇന്ന് ഈ രംഗത്ത് തടിച്ചു കൊഴുക്കുന്ന ഫുണ്ടിക വ്യാപാരികളെ നിലനിർത്താനോ മാത്രമേ കഴിയുകയുള്ളൂ. ഇവയെ അമർച്ച ചെയ്യുന്നതിനുള്ള സമഗ്രമായ ഒരു നിയമം കൊണ്ടുവരണം. ഇതിനെ തള്ളിക്കളയണമെന്ന് ഒരിക്കൽക്കൂടി ആവശ്യപ്പെട്ടുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

Shri M. M. Hassan : Sir, I move that the Kerala Money Lenders (Amendment) Bill, 1986 be circulated for eliciting public opinion till 31-12-1986.

ബഹുമാനപ്പെട്ട രണ്ട് പ്രതിപക്ഷ മെമ്പർമാർ പോദിച്ച ഈ നിയമം തനാവശ്യമല്ലേ, എന്തിനാണ് ഇത് ചർച്ചചെയ്തത് സമയം കളയുന്നതെന്ന്. ബൈബിളിൽ ഒരു വാചകമുണ്ട്; സ്നാപകയോഹന്നാൻ പറഞ്ഞതാണ്, 'എന്റെ പിന്നാലെ വരുന്നവൻ എന്നേക്കാളും മഹാനാണ്.' അതുപോലെ ഇതിന്റെ പിന്നാലെ വരുന്ന ബില്ല് ഇതിനേക്കാളും മഹത്തരമായതുകൊണ്ട് സ്നാപകയോഹന്നാനെ പ്രസക്തിയില്ലാതാകുന്നില്ല എന്നതുപോലെ ഈ ബില്ലിനും പ്രസക്തി ഇല്ലാതാകുന്നില്ല. അതുകൊണ്ട് നമുക്ക് ഇതിനെക്കുറിച്ച് ചർച്ചചെയ്യാം. സമയം പാഴാക്കലല്ല.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ : ഇതിൽ സ്നാപക യോഹന്നാൻ ആരാണെന്നറിഞ്ഞാൽ കൊള്ളാം.

ശ്രീ. എം. എം. ഹസൻ : ബൈബിളും വായിക്കണം മാഷേ, അദ്ധ്യാപകനെന്നും പറഞ്ഞ് നടന്നാൽപോരാ. പഴയ നിയമം വായിക്കണം. സ്നാപകയോഹന്നാൻ പറഞ്ഞിട്ടുണ്ട് 'എന്റെ പിന്നാലെ വരുന്നവൻ എന്നേക്കാളും മഹാനാണ്' എന്ന്. മാസ്റ്റർക്ക് ഭാവനയുണ്ടെങ്കിൽ സങ്കല്പിച്ചാൽ മതി.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : സ്നാപകയോഹന്നാന്റെ പിറകേ സലോമിയെക്കൂടി കൊണ്ടുവരാതിരുന്നാൽ മതി.

ശ്രീ. എം. എം ഹസൻ : പിന്നാലെ വരുന്ന യേശുക്രിസ്തുവിന് വഴിയൊരുക്കിയ ആളാണ് സ്നാപകയോഹന്നാൻ.

ശ്രീ. കാനം രാജേന്ദ്രൻ : എന്റെ പിന്നാലെ വരുന്നവന്റെ ചെരുപ്പിന്റെ വാറഴിക്കാൻ എനിക്ക് യോഗ്യതയില്ല എന്നാ പറഞ്ഞത്. അപ്പോൾ ഇത് വളരെ മോശമാണെന്നല്ലേ അതിന്റെ അർത്ഥം ?

ശ്രീ. എം. എം. ഹസൻ : അങ്ങനെയല്ല, എന്റെ പിന്നാലെ വരുന്നവൻ എന്നേക്കാളും മഹാനാണ് എന്നു പറഞ്ഞ വാക്യമാണ് ഞാൻ ഇവിടെ ഉദ്ധരിച്ചത്. ഇതിനേക്കാളും മഹത്തരമാണ് പിന്നാലെ വരുന്നവൻ, അതുകൊണ്ട് ഇതിന്റെ പ്രസക്തി കുറയുന്നില്ല.

ശ്രീ. എ. സി. ജോസ് : ബൈബിളിനെ ഉപദ്രവിക്കരുത്, കൊലപാതകം നടത്തരുത് എന്നൊരർത്ഥനയുണ്ട്. ഇതൊന്നും ഇവിടെ പ്രസക്തമല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വർക്കല രാധാകൃഷ്ണൻ : ചർവ്വിതചർവ്വണമെന്ന് ശ്രീ. ഹസൻ കേട്ടിട്ടുണ്ടല്ലോ-വീണ്ടും വീണ്ടും ചർച്ച ചെയ്യുക—അങ്ങനെയൊരു ദൃഷ്യം ഒഴിവാക്കാൻ വേണ്ടി നമ്മുടെ ബഹുമാനപ്പെട്ട മന്ത്രി വളരെ ബൃഹത്തായ ഒരു നിയമം തയ്യാറാക്കി, ഇപ്പോഴും അതിന്റെ കരട് എന്നെ കാണിച്ചു. ഇതെല്ലാം ഉൾക്കൊള്ളുന്ന ബൃഹത്തായ ഒരു നിയമനിർമ്മാണം. അദ്ദേഹം അവതരിപ്പിക്കാനിരിക്കുമ്പോഴും അതിനിടയിൽ 'ഓണക്കടയിൽ പുട്ടുകച്ചവടം' എന്നു പറയുന്നതുപോലെ എന്തിനാണ് ഈ ചർച്ചയെന്ന് ശ്രീ. ഹസനു പറയാമോ ?

ശ്രീ. എം. എം. ഹസൻ : സമഗ്രമായ ഒരു നിയമനിർമ്മാണം നടത്താൻ ഈ ഗവൺമെന്റ് ആലോചിക്കുന്ന സന്ദർഭത്തിൽ തീർച്ചയായും ഈ സഭയിലെ ബഹുമാനപ്പെട്ട അംഗങ്ങൾക്ക് ഇന്ന് നമ്മുടെ സമ്പദ്ഘടനയെ വളരെ രൂക്ഷമായി ബാധിച്ചിട്ടുള്ള-മൂടില്ലാത്താളിപോലെ-ഈ ബ്ലേഡ് കമ്പനികൾ ഇന്നൊരു അർബുദ രോഗംപോലെ സാമ്പത്തികരംഗത്ത് വളർന്നുകൊണ്ടിരിക്കുന്ന പ്രവണതയെക്കുറിച്ച് ഗവൺമെന്റിനു തന്നെ പുതിയ നിയമ നിർമ്മാണത്തിന് സഹായകരമായ ഒട്ടേറെ നിർദ്ദേശങ്ങൾ നല്കാൻ നമുക്ക് സാധിക്കും. ഈ ചർച്ചകളൊന്നും അപ്രധാനമാണെന്നും അപ്രസക്തമാണെന്നും വിശ്വസിച്ചുകൊണ്ടല്ല ഞങ്ങളാരും ഇതിൽ പങ്കെടുക്കുന്നത്. ബഹുമാനപ്പെട്ട വർക്കല രാധാകൃഷ്ണന് അങ്ങനെയൊരു ധാരണ ഉണ്ടായേക്കാം. ഞാൻ അദ്ദേഹത്തെ കുറ്റപ്പെടുത്തുന്നില്ല.

ശ്രീ. എ. വി. താമരാക്ഷൻ : സമഗ്രമായ ഒരു നിയമം തയ്യാറാക്കി അത് അംഗീകാരത്തിനായി ശ്രീ. വർക്കല രാധാകൃഷ്ണനെ ഏല്പിക്കുകയും വർക്കല രാധാകൃഷ്ണൻ അംഗീകാരം കൊടുക്കുകയും ചെയ്ത സാഹചര്യത്തിൽ ഇനി ഇത് ഇപ്പോൾ ഇവിടെ ചർച്ച ചെയ്യേണ്ട ആവശ്യമുണ്ടോ എന്നാണ് ചോദിച്ചത്.

ശ്രീ. എം. എം. ഹസൻ : സർ, വർക്കല രാധാകൃഷ്ണൻ വാദിച്ചു വാദിച്ച് അവസാനം വാദിക്കുവേണ്ടിയാണോ പ്രതിക്കുവേണ്ടിയാണോ വാദിക്കുന്നത് എന്ന് അദ്ദേഹത്തിനുപോലും നിശ്ചയമില്ലാത്ത രീതിയിൽ എതിർഭാഗം വിജയിക്കുന്ന സ്ഥിതിയാണ് ഇപ്പോഴുള്ളത്. ഈ നിയമം തന്നെ ഈ സഭയിൽ കൊണ്ടുവരാനുണ്ടായ പ്രത്യേക പശ്ചാത്തലം തന്നെ ഞാൻ ഈ സന്ദർഭത്തിൽ ഓർമ്മിക്കുകയാണ്. ഇന്നത്തെ സ്പീക്കർ ചെയർമാനായി—അങ്ങും ഞാനും അംഗങ്ങളായിരുന്ന-എസ്റ്റിമേറ്റ്സ് കമ്മിറ്റി അതിന്റെ 1982-84-ൽ അതിന്റെ 10-ാമത് റിപ്പോർട്ട് ഗവൺമെന്റിനു സമർപ്പിച്ച് ആദ്യമായി മണി ലെൻഡേഴ്സ് ആക്ട് പാസാക്കിയത് 1958-ൽ ആണ്. 26 വർഷങ്ങൾക്ക് ശേഷം നമ്മുടെ സാമ്പത്തിക ഘടനയെ പിടിച്ചു കുലുക്കി, നമ്മുടെ രാജ്യത്തെ പാവപ്പെട്ടവനെ ദ്രോഹിക്കുന്ന വിധത്തിൽ ബ്ലേഡ് കമ്പനി എന്ന നാമധേയത്തിൽ അറിയപ്പെടുന്ന സാമ്പത്തിക ഇടപാടുകാരെ നിയമപരമായി എങ്ങനെ നിരോധിക്കണം എന്നുള്ളതിനെക്കുറിച്ച് ഗൗരവമായി ആലോചിച്ചത് നിയമസഭയുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റിയാണ്. ആ കമ്മിറ്റി സമർപ്പിച്ചിട്ടുള്ള 10-ാമത് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഈ നിയമം കൊണ്ടുവന്നത്. അതിനു ശേഷം ശ്രീ. എ. സി. ജോസ് ചെയർമാനായി കമ്മിറ്റിയുടെ പതിനഞ്ചാമത് റിപ്പോർട്ട് വന്നു. 10-ാമത് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് എടുത്ത നടപടികളിൽ അതൃപ്തി രേഖപ്പെടുത്തിക്കൊണ്ട് ശക്തമായ നടപടികൾ ഉണ്ടാകണം എന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഈ നിയമം കൊണ്ടുവന്നത്. ഈ നിയമം അത്രകണ്ട് ഫലപ്രദമാണെന്ന് ഞാനും പറയുന്നില്ല. സമഗ്രമായ നിയമം വേണം. 1958-ൽ ഉണ്ടാക്കിയ

LIBRARY ARCHIVES Kerala Legislative Assembly

മണി ലെൻഡേഴ്സ് ആക്ടിനു 26 കൊല്ലത്തിനുശേഷം, അതും നിയമസഭാ കമ്മിറ്റിയുടെ നിർബന്ധപൂർവ്വമായ സമീപനംകൊണ്ടു ഒരു മാറ്റമുണ്ടായത് ഒരു പെറിയ കാര്യം ആയിട്ട് ഞാൻ കാണുന്നില്ല. പണമിടപാടുകാരെ ബ്ലേഡ് കമ്പനി എന്നാണ് പേരിട്ടിരിക്കുന്നത്. ഇക്കാര്യത്തിൽ ഞാൻ പലപ്പോഴും ആലോചിച്ചിട്ടുണ്ട്. ഇത്ര മനോഹരമായ ഒരു പേരു കണ്ടുപിടിച്ചതു ആരാണെന്നറിഞ്ഞുകൂടാ. ബ്ലേഡ് കമ്പനി എന്ന പദപ്രയോഗത്തിൽ ഇതിന്റെ മുഴുവൻ ആശയവും ഉൾക്കൊള്ളുന്നു. അജ്ഞാതനായ ഈ പേരു കണ്ടുപിടിച്ച ആളിനെ കണ്ടുപിടിക്കാൻ കഴിഞ്ഞാൽ ശ്രീ. തച്ചടി പ്രഭാകരൻ അദ്ദേഹത്തിനു ഒരു സമ്മാനം കൊടുക്കണം. ഭാവനാ സമ്പന്നനായ ഒരു കലാകാരനാണ് ഈ പേരുണ്ടാക്കിയത് എന്ന കാര്യത്തിൽ എനിക്കു യാതൊരു സംശയവുമില്ല. സാമ്പത്തിക ഇടപാടു നടത്തുന്ന, അക്രമ പലിശ ഈടാക്കുന്ന, അമിതമായ പലിശ ഈടാക്കുന്ന സമൂഹത്തിനു ദ്രോഹമായി മാറിയ ഈ ഇടപാടുകാർക്കു വേറെ ഒരു പേരും കൊടുക്കാനില്ല.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: സർ, ബ്ലേഡ് കമ്പനി എന്ന പേരു മാറി. ബ്ലേഡിനേക്കാളും കുറേക്കൂടി മൂർച്ചയുള്ള ഈർച്ച വാളും കമ്പനിയാണു പലതും എന്നുള്ളതു ശ്രദ്ധയിൽപെട്ടിട്ടുണ്ടോ.

ശ്രീ. എം. എം. ഹസൻ: അങ്ങു കലാകാരനാണെങ്കിൽ ബ്ലേഡ് കമ്പനി എന്ന വാക്കിനോളം തുല്യമായ വാക്ക് എത്ര ആലോചിച്ചിട്ടും കണ്ടുപിടിക്കാൻ പറ്റുന്നില്ല.

ശ്രീ. കെ. കൃഷ്ണൻ കുട്ടി: ധനകാര്യ മന്ത്രി തന്റെ പ്രത്യേക കഴിവുകൊണ്ടാണ് ഈ നിയമം കൊണ്ടുവന്നതെന്നു പറഞ്ഞു. അദ്ദേഹം അതിനുവേണ്ടി മുൻകൈയ്യെടുത്തു എന്നു പറഞ്ഞു. ഇപ്പോൾ ഹസൻ പറഞ്ഞതു ധനകാര്യമന്ത്രിയെ കൊച്ചാക്കുന്നപോലെയാണ്. അദ്ദേഹം പറയുന്നതു നിയമ സഭയുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ സമ്മർദ്ദം കൊണ്ടാണ് എന്ന്. ഇതിൽ ഏതാണ് ശരി.

ശ്രീ. എം. എം. ഹസൻ: ഈ നിയമം എന്താണെന്നുള്ളതു വായിച്ചു നോക്കിയാൽ മനസിലാകും. മന്ത്രി ചെയ്ത കാര്യങ്ങളെകുറിച്ചും ഇപ്പോഴുണ്ടായ കാര്യങ്ങളെക്കുറിച്ചും ഞാൻ പറയാനും പോകുന്നതേയുള്ളൂ. ഈ ബിൽ വളരെ പ്രധാനപ്പെട്ട ഒരു ബില്ലായതുകൊണ്ടാണ് പ്രാധാന്യത്തോടു കൂടിയും ഗൗരവത്തോടുകൂടിയും ഇതിന്റെ ചർച്ചയിൽ പങ്കെടുക്കുന്നത്.

ശ്രീ. കാനം രാജേന്ദ്രൻ: ബ്ലേഡ് കമ്പനി എന്ന പേരു കണ്ടുപിടിച്ച ആളിനു ധനകാര്യ മന്ത്രി അവാർഡ് കൊടുക്കണമെന്നു അങ്ങു പറഞ്ഞു. ധാരാളം അവാർഡുകളും ഇപ്പോളും കൊടുക്കുന്നുണ്ട്. ഇതിനു കായംകുളം കൊച്ചുണ്ണി അവാർഡ് എന്ന പേരിട്ടിട്ട് എല്ലാ വർഷവും അതു കൊടുക്കാൻ നടപടി ഉണ്ടാകുമോ ?

ശ്രീ. എം. എം. ഹസൻ: ഉള്ളവരുടെ കയ്യിൽനിന്നു പിടിച്ചു പറിച്ചു ഇല്ലാത്തവർക്കു കൊടുക്കുന്ന ആളായിരുന്നു കായംകുളം കൊച്ചുണ്ണി. ഒരു കാര്യം പറയാം, ഈ രാജ്യത്തെ ബ്ലേഡ് കമ്പനിക്കാരുടെ പേടി സ്വപ്നമാണ് തച്ചടി പ്രഭാകരൻ. ആര് എന്തു പറഞ്ഞാലും ശരി ബ്ലേഡ് കമ്പനിക്കാർ ഇപ്പോൾ അദ്ദേഹത്തിന്റെ കഴുത്തിൽ ബ്ലേഡ് വയ്ക്കാൻ കരുതിക്കൂട്ടി നിൽക്കുകയാണ്. ഒരു കാര്യം എനിക്കുറപ്പുണ്ട്, തച്ചടി പ്രഭാകരനെ രക്ഷിക്കാൻ കായംകുളത്തേയും കേരളത്തിലേയും ലക്ഷോപലക്ഷം സാധാരണക്കാരായ ജനങ്ങളും ഉണ്ടാകും. 1958-ൽ ആണ് മണിലെൻഡേഴ്സ് ആക്ട്

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ ഉണ്ടായത്. ഈ ആക്ടിന്റെ പേരിൽ ഈ രാജ്യത്തെ പണമിടപാടുകാർ കിടുകിടാ വിറച്ചത് തച്ചടി പ്രഭാകരൻ മന്ത്രിയായതിനുശേഷമാണെന്നുള്ള കാര്യത്തിൽ മാർക്സിസ്റ്റുകാരായ നിങ്ങൾക്ക് അഭിപ്രായ വ്യത്യാസമുണ്ടോ. ഉണ്ടാകാൻ തരമില്ല. എങ്ങനെ ഉണ്ടാകും.

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, തച്ചടി പ്രഭാകരനെ രക്ഷിക്കാൻ ഇത്രയധികം ആളുകൾ വേണോ, തച്ചടിയുടെ തടി രക്ഷിക്കാൻ തച്ചടി തന്നെ കൂടുതലാണ്.

ശ്രീ. എം. എം. ഹസൻ : ധാരാളം മതി. ബ്ലേഡുകാരുടെ പേടി സ്വപ്നമായി അദ്ദേഹം മാറിയിരിക്കുകയാണ്.

ശ്രീ. പി. വിജയ ദാസ് : ഹസൻ പറഞ്ഞതിൽ നിന്ന് ബഹുമാനപ്പെട്ട തച്ചടി വീണ്ടും കായംകുളത്ത് നിന്ന് തന്നെ മൽസരിക്കുമെന്നാണോ മനസിലാക്കേണ്ടത് ?

ശ്രീ. എം. എം. ഹസൻ : അദ്ദേഹത്തിന്റെ നാട് കായംകുളം ആയതുകൊണ്ട് പറഞ്ഞുപോയതാണ്. ഇത് വാസ്തവത്തിൽ ഒരു ചെറിയ കാര്യമല്ല. നമ്മുടെ സമൂഹത്തിലുണ്ടായിട്ടുള്ള ഒരു പ്രവണതയെ മുതലെടുത്തുകൊണ്ട് സ്വകാര്യ പണമിടപാട് എന്നു പറയുന്ന ബ്ലേഡ് കമ്പനി തഴച്ചുവളരുകയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ഇൻഡ്യ ഒരു മുതലാളിത്ത രാജ്യമാണ്. സ്വകാര്യ മൂലധനം ഇവിടെ നിലനിൽക്കുന്നിടത്തോളം കാലം ഇത് തടയാൻ സാധിക്കുകയില്ല എന്ന് അറിയാമോ ?

ശ്രീ. എം. എം. ഹസൻ : ബാലകൃഷ്ണന്റെ നിഗമനം ശരിയല്ല. ഇൻഡ്യ അടിസ്ഥാനപരമായി ഒരു മുതലാളിത്ത രാജ്യമാണെന്നുള്ളത് മാർക്സിസ്റ്റ് വീക്ഷണമാണ്. ഞങ്ങൾ ആ വീക്ഷണം ഉൾക്കൊള്ളുന്നില്ല. മാർക്സിസ്റ്റ് പാർട്ടിക്കാർ അന്തിമ സമയത്ത് എല്ലാവരേയും നേരേയാക്കിക്കൊള്ളാം എന്നു വിചാരിക്കുന്നവരാണ്. 1958-ൽ ഉണ്ടാക്കിയ മണി ലെൻഡേഴ്സ് ആക്ടിൽ ശക്തമായ വകുപ്പുകൾ ഇല്ലാത്തതിന്റെ പേരിൽ ഇവിടെ വളർന്നുവന്ന ബ്ലേഡു കമ്പനികൾ ഈ രാജ്യത്തെ പാവപ്പെട്ടവനെ ദ്രോഹിക്കുന്ന അവസരം വന്നപ്പോൾ വ്യവസ്ഥിതി മാറിയിട്ട് ഇതു നേരാക്കും എന്ന മനസ്ഥിതിയല്ല ഞങ്ങൾക്കുള്ളത്. മനസ്ഥിതിയാണ് ആദ്യം മാറേണ്ടത്. തൊഴിലാളി വർഗ്ഗ സർവ്വാധിപത്യം നിലനിൽക്കുന്ന സ്ഥലത്തെ കാര്യം ഞാൻ ഇപ്പോൾ പറയുന്നില്ല.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : ചൈന ഒരു കമ്മ്യൂണിസ്റ്റ് രാജ്യമാണ്. ആ ചൈനയിൽ സ്വകാര്യ മുതലാളിമാർക്ക് അനുകൂലമായി വന്നുകൊണ്ടിരുന്ന മാറ്റത്തെക്കുറിച്ച് ഇന്നത്തെ പത്രങ്ങളിലടക്കം വന്നിട്ടുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. എം. എം. ഹസൻ : കമ്മ്യൂണിസ്റ്റ് രാജ്യമായ ചൈനയിൽ സ്വകാര്യ സ്വത്തിന് യാതൊരു പ്രസക്തിയും ഇല്ലെന്ന് പറയുന്നുണ്ട്. പക്ഷേ അഴിമതി നടത്തുന്നതിന്റെ പേരിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ നിന്ന് ധാരാളം ആളുകളെ പുറത്താക്കി. അവിടെ സാമ്രാജ്യത്വമായി, മുതലാളിത്വമായി കൈകോർത്തു പിടിച്ചുകൊണ്ട് നൂറുകോടി ജനങ്ങളുടെ വികസനത്തിനുവേണ്ടി, ചൈന പുതിയ പദ്ധതികൾ തയ്യാറാക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

അമേരിക്കൻ സഹായം തേടി. സത്യത്തിൽ എന്താണ് ഉണ്ടായിരിക്കുന്നത്. അച്ഛ ദാരിദ്ര്യം കൊണ്ട് കഷ്ടപ്പെടുന്ന സാധാരണക്കാരായ ആളുകളെ അമരാവതിയിൽ എത്തിക്കാമെന്നു പറഞ്ഞ് മോഹനസുന്ദരമായ വാഗ്ദാനവും പലിശ നിരക്കും എല്ലാം പ്രഖ്യാപിച്ച് ബ്ലേഡ് കമ്പനികൾ പണം സ്വരൂപിക്കും. പിന്നെ ഒരു സുപ്രഭാതത്തിൽ ഇത് പൊളിയും. അവസാനം പാവപ്പെട്ടവൻ പാതാളത്തിന്റെ അഗാധ ഗർത്തത്തിലേക്ക് വീഴുകയാണ്. ജനങ്ങളുടെ വീക്ക്നെസ് മുതലെടുത്തുകൊണ്ടാണ് ബ്ലേഡ് കമ്പനികൾ ഇന്ന് വളരുന്നത്. വാസ്തവത്തിൽ ഇന്ന് നമ്മുടെ സമൂഹത്തിൽ പണപരമായ കാര്യത്തിൽ ഒരു 'കപിക്ക് മണി കൾച്ചർ' വളർന്നുകൊണ്ടിരിക്കുകയാണ്. എങ്ങനെയെങ്കിലും പണം സമ്പാദിക്കുക. 'നാണം കെട്ടും പണം നേടിയാൽ നാണക്കേട് ആ പണം തീർത്തുകൊള്ളും' എന്ന പഴഞ്ചൊല്ലു പോലെ ഏതു മാർഗത്തിലും പണം നേടുക എന്നതാണ് ലക്ഷ്യം. പൂവ് വിരുണ്ടാക്കുന്ന കാശ് മണക്കുമോ, മീൻ വിറ്റ് ഉണ്ടാക്കുന്ന കാശ് നാറുമോ എന്ന് ചോദിക്കുന്നതുപോലെ നമ്മുടെ ആളുകൾ എങ്ങനെ നോക്കിയാലും ഇത് ഗുണമാണെന്നുള്ള നിഗമനത്തിൽ എത്തിയിരിക്കുകയാണ്. ആ ധൈര്യം ബ്ലേഡ് കമ്പനികൾ മുതലെടുക്കുകയാണ്. അത് മുതലെടുത്ത് നമ്മുടെ സമൂഹത്തിൽ ഇതൊരു നീരാളി പിടുത്തം പിടിച്ചിരിക്കുകയാണ്. അത് എല്ലാവർക്കും അറിയാം. ഒരുകാലത്ത് നമ്മുടെ സാംസ്ക്കാരിക, സാമൂഹിക, സിനിമാ രംഗങ്ങളിൽ നിറഞ്ഞുനിന്നിരുന്നത് നമ്മുടെ ചെമ്മീൻ മുതലാളിമാരായിരുന്നു. അവർ കടന്നു ചെല്ലാത്ത സ്ഥലമില്ല. അത് ക്രമേണ മാറി, അബ്കാരി കോൺട്രാക്ടർമാർ ഏറെടുത്തു. നമ്മുടെ സാംസ്കാരിക സാഹിത്യ സിനിമാ രംഗം മുതലായവ അവരുടെ കയ്യിലായി. ഇപ്പോൾ പൂർണ്ണമായി അവരെ തുടച്ചുമാറ്റി. രാജ്യത്തെ സാംസ്ക്കാരിക, സാമൂഹിക, സിനിമ, സാഹിത്യ മേഖലകളെല്ലാം ബ്ലേഡ് കമ്പനികൾ കയ്യടക്കിയിട്ടുള്ള ദുഃസ്ഥിതിയാണ് നമ്മുടെ രാജ്യത്തുള്ളത്. പാവപ്പെട്ടവന്റെ പണമാണ് അവരുടെ കയ്യിലുള്ളത്. അതെടുത്ത് അവർ നോൺ എസൻഷ്യൽ പർപ്പസ്സിനു ഉപയോഗിച്ച് രാജ്യത്തിന്റെ സമ്പദ്ഘടനയെ കുട്ടിച്ചോറാക്കിക്കൊണ്ടിരിക്കുകയാണ്. ഇതിന്റെ സാമൂഹ്യവശം കേൾക്കേണ്ടേ. ബ്യൂറോ ഓഫ് എക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് നടത്തിയിട്ടുള്ള പഠനത്തിൽ ബ്ലേഡ് കമ്പനിയിൽ നിന്ന് ഏറ്റവും കൂടുതൽ പണമെടുത്ത് വ്യാപാരം നടത്തുന്നത് രാജ്യത്തിലെ കച്ചവടക്കാരാണെന്ന് മനസിലായി. കച്ചവടക്കാർ പണമെടുത്താൽ എന്തുചെയ്യും, എത്ര ശതമാനമാണ് അവർ പലിശ കൊടുക്കേണ്ടത് ? 36,40,60 ശതമാനം പലിശക്ക് ബ്ലേഡ് കമ്പനിയിൽ നിന്ന് പലിശക്ക് പണമെടുക്കുന്നു. വ്യാപാരികൾ അങ്ങനെ പണം കടമെടുത്താൽ അവരുടെ ഉല്പന്നങ്ങൾ വിൽക്കുമ്പോൾ അതിന്റെ ആദ്യന്തിക ഭാരം ചുമക്കേണ്ടത് ഈ രാജ്യത്തെ ഉപഭോക്താക്കളാണ്.

സർ, ഈ രാജ്യത്തെ ഉപഭോക്താക്കളുടെ പുറത്തു വിലക്കയറ്റമെന്ന പേരിൽ കെട്ടിവയ്ക്കുന്ന വിഴുപ്പുകൾ യഥാർത്ഥത്തിൽ ഇവിടത്തെ ബ്ലേഡ് കമ്പനികാരുടെ കൂടി ശ്രമമായി ഉണ്ടാകുന്ന അവരുടെ പരിശ്രമത്തിന്റെ ഫലമായുണ്ടാകുന്ന ഒരു വലിയ അപകടമാണ്. വിലക്കയറ്റത്തെക്കുറിച്ചൊക്കെ പ്രതിപക്ഷം ഇവിടെ വീറോടെ സംസാരിച്ചല്ലോ. കേന്ദ്രഗവൺമെന്റിനാണ് ഉത്തരവാദിത്വം സംസ്ഥാന ഗവൺമെന്റിനാണ് ഉത്തരവാദിത്വം നയമാണ് മുതലാളിത്വസമീപനമാണ് എന്നൊക്കെ പറഞ്ഞല്ലോ ഇതുപോലെയുള്ള കാര്യങ്ങൾ കാണാൻ അവർ തയ്യാറാകുന്നില്ല. ഇതു കണ്ടാലും കണ്ടതായി നടിക്കുന്നില്ല. പൊതുജനതാൽപ്പര്യം മുൻനിർത്തി നോക്കുമ്പോൾ ഈ സാമ്പത്തിക ഇടപാടുകാരെ നിയന്ത്രിക്കേണ്ടത് ഈ രാജ്യത്തെ ഉപഭോക്താക്കളുടെ അടിയന്തിരമായ ആവശ്യമാണ്. ഈ നിയമത്തിന്റെ ചില വ്യവസ്തകളിലേക്ക് ഞാൻ വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ഈ സാമ്പത്തിക ഇടപാടുകളെ നിയന്ത്രിക്കാൻ സാധിക്കാതെപോയത് പ്രതിപക്ഷത്തിന്റെ കുറ്റമാണോ? 39 കൊല്ലക്കാലം ഇൻന്ത്യാരാജ്യം ഭരിച്ച കോൺഗ്രസ്സിനു് എന്തുകൊണ്ടു് സാധിച്ചില്ല.

ശ്രീ. എം.എ. ഹസ്സൻ : കോൺഗ്രസ്സു് മാത്രമല്ലല്ലോ ഇൻന്ത്യാരാജ്യം ഭരിച്ചത്? ഇടയ്ക്കു് രെ രണ്ടര വർഷക്കാലം മൊറാർജി ഭരിച്ചു. ഇതു സ്റ്റേറ്റു് ആക്റ്റാണു്. മണി ലെൻഡേഴ്സു് ആക്ടു് കമ്മ്യൂണിസ്റ്റ് ഗവൺമെൻറിന്റെ കാലത്തു് 1958-ൽ കൊണ്ടുവന്നതാണു്. അതിനിടയ്ക്കു് എത്ര കാലം നിങ്ങൾ ഭരിച്ചു? നിങ്ങൾ ഈ സംസ്ഥാനം ഭരിച്ചില്ലേ? ഈ സംസ്ഥാനത്തു് പന്നി പെറ്റുപെരുകുന്നതുപോലെ ബ്ലേഡു് കമ്പനികളുണ്ടായില്ലേ? അന്നു് ഈ നിയമം ഉണ്ടായിരുന്നില്ലേ? മണി ലെൻഡേഴ്സു് ആക്ടനു സാരിച്ചു് യഥാർത്ഥത്തിൽ നിക്ഷേപം സ്വീകരിക്കാൻ അവകാശമില്ല. മണി ലെൻഡേഴ്സു് ആക്ടു് വ്യവസ്ഥ ചെയ്തിരിക്കുന്നതു് വ്യക്തികളിൽ നിന്നു് നിക്ഷേപം സ്വീകരിക്കാനല്ല കടം കൊടുക്കാനുള്ള പ്രൊവിഷൻ വച്ചിരിക്കിയതാണതു്. പിന്നീടു് ഇതു് അപകടത്തിലായി. ഇപ്പോഴെ എന്തായിയെന്നറിയാമോ? ആയിരം രൂപ നൽകിയാൽ ആർക്കും ലൈസൻസിനു അപേക്ഷിക്കാം. പണമിടപാടു് നടത്താനുള്ള ലൈസൻസു് അനുവദിച്ചുകിട്ടുന്നതിനു് മുമ്പു തന്നെ ബിസിനസ്സു് ആരംഭിക്കുകയാണു്. ലൈസൻസിനു് അപേക്ഷിക്കേണ്ടതു് സെയിൽസ്ടാക്സു് അസിസ്റ്റന്റു് കമ്മീഷണർക്കോ അസിസ്റ്റന്റു് കമ്മീഷണർ (ഇൻസ്പെക്ഷൻ) ഓ ആണു്. അവർ ഇവരുടെ സാമ്പത്തികനിലയെക്കുറിച്ചു് യാതൊരു അന്വേഷണവും നടത്തുന്നില്ല. ഈ അപേക്ഷകൻമാർ പാപ്പരായിട്ടുള്ളവരാണോ? അവരുടെ മുൻകാല സാമ്പത്തിക സ്ഥിതിയെന്താണു്? അവർ ക്രിമിനൽ കുറ്റവാളികളാണോ? ഇതൊന്നും ആലോചിക്കാതെ അപേക്ഷിച്ചു് കഴിഞ്ഞാലുടൻ പത്രങ്ങളിൽ പരസ്യമാണു്. ഈ ബ്ലേഡു് കമ്പനികളുടെ ഏറ്റവും വലിയ മുതൽ മുടക്കെന്നു പറയുന്നതു് പത്രങ്ങളിൽ പരസ്യത്തിനുള്ള പണമാണു്. അതും അഡ്വർടൈസിംഗു് കമ്പനികളെ വച്ചുകൊടുത്താൽ കുറെദിവസത്തേക്കു് കടം കിട്ടും. ലാ-ബല്ലാ എന്നു പറയുന്ന ഒരു സ്ഥാപനം എറണാകുളത്തുണ്ടു്. അവർ എന്തെല്ലാം പരീക്ഷണങ്ങളാണു് നടത്തുന്നതു്? അവരുടെ അഡ്വർടൈസ്മെൻറു് ടൈംസു് ഓഫു് ഇൻന്ത്യയിൽ കാണാം.

ശ്രീ. എ. വി. താമരാക്ഷൻ : ഈ ബ്ലേഡു് കമ്പനികളും സാധാരണ ജനങ്ങളെ അപകടപ്പെടുത്തുന്നതു് ഈ പത്രങ്ങളിൽ വരുന്ന പരസ്യംവച്ചാണെന്നു അങ്ങേയ്ക്കു് അറിയാമല്ലോ? നിയമവിരുദ്ധമായ പരസ്യങ്ങളും പ്രസിദ്ധീകരിക്കുന്ന പത്രങ്ങളുടെ പേരിൽ നിയമപരമായ നടപടികളെടുക്കാനുള്ള വ്യവസ്ഥ ഈ ബില്ലിൽ വേണ്ടേ?

ശ്രീ എം. എം. ഹസ്സൻ : വേണം സർ. ബില്ലിലല്ല. സമഗ്രമായ നിയമം കൊണ്ടുവരുമ്പോൾ മദ്യവിൽപ്പനയെക്കുറിച്ചുള്ള പരസ്യങ്ങൾക്കു് പത്രങ്ങളിലൂടെപ്പെടുത്തിയിട്ടുള്ള നിയന്ത്രണംപോലെ ഇതിനും നിയന്ത്രണം വേണം. ഇപ്പോൾ മദ്യവ്യാപാരികൾക്കു് നേരിട്ടു് പരസ്യം കൊടുക്കാൻ പാടില്ല. നിയന്ത്രണം വന്നിരിക്കുന്നു. അതുപോലെ ജനങ്ങളെ ഞെക്കിപ്പിഴിയുന്ന ഈ ബ്ലേഡു് കമ്പനികളുടെ പരസ്യങ്ങൾക്കു് കർശനമായ നിയന്ത്രണമുണ്ടാക്കുന്നതിനെക്കുറിച്ചു് ഗവൺമെൻറു് ആലോചിക്കണം.

ശ്രീ. നാലകത്തു സൂപ്പി : ഇതുപോലെയൊരു നിയമനിർമ്മാണം ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇവിടെ അവതരിപ്പിച്ചതുകൊണ്ടല്ലേ ഈയടുത്ത ദിവസത്തെ

LIBRARY ARCHIVES Kerala Legislative Assembly

മനോരമപത്രത്തിൽ നേരത്തേ ഹസ്സൻ സൂചിപ്പിച്ച ലാ-ബെല്ലാ കമ്പനിക്കാരുടെ ഒരു പരസ്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയെ വളരെ പരിഹാസ്യമായ രീതിയിൽ വരച്ചു് കാണിച്ചിരിക്കുന്നത്. ഇതുപോലെയുള്ള പ്രവർത്തനങ്ങൾ ഏതു കമ്പനികാർ ചെയ്യുകയാണെങ്കിലും അതു ശരിയാണോ ? അതിനെ നിയന്ത്രിക്കാനും കടിഞ്ഞാണിടാനും നടപടികളെടുക്കാനുമുള്ള ശ്രമം വേണ്ടേ ?

ശ്രീ. എം. എം. ഹസ്സൻ : സ്ഥാപിത താൽപ്പര്യക്കാരെ സംബന്ധിച്ചിടത്തോളം അധികാരികൾ ശക്തമായ നടപടികളെടുത്താൽ അവരെ അധിക്ഷേപിക്കാനുള്ള പല മാർഗ്ഗങ്ങളും സ്വീകരിക്കും. അതൊന്നും തച്ചടിയെപ്പോലുള്ള ആളുകളെ അൽപ്പംപോലും പിടിച്ചു കുലുക്കുകയില്ലെന്നു എനിക്കറിയാം. എനിക്ക് തച്ചടിയെ നന്നായിട്ടറിയാം. വിമർശനങ്ങളുടെ കൂമ്പാരം വന്നാലും അവയെ നേരിട്ടുകൊണ്ട് കുറുപ്പേട്ടൻ പറഞ്ഞതുപോലെ ആത്മാർത്ഥതയുടെ ആൾരൂപമാണ് ശ്രീ. തച്ചടി. കുറുപ്പേട്ടന്റെ വാക്കുകൾ കടമെടുത്തു പറയുകയാണ്. അതിൽ യാതൊരു സംശയവുമില്ല.

ലൈസൻസെടുത്തുകഴിഞ്ഞു ബ്ലേഡ് കമ്പനി സ്റ്റാഫിനെ വയ്ക്കുന്നു തൊഴിലില്ലായ്മയെ ചൂഷണം ചെയ്തുകൊണ്ട് ഇരുപതിനായിരവും ഇരുപത്തയ്യായിരവും മുപ്പതിനായിരവും രൂപ സ്റ്റാഫിനെ നിയമിക്കുന്നതിന് ആളുകളിൽ നിന്നു വാങ്ങുന്നു. ഇങ്ങനെ വാങ്ങിക്കിട്ടുന്ന പണം എന്താണ് ചെയ്യുന്നത് ? റിസർവു ബാങ്ക് പണം നിക്ഷേപം സ്വീകരിക്കുന്നതിനും കടംകൊടുക്കുന്നതിനും ചില ഗൈഡ്ലൈൻസുണ്ടാക്കിയിട്ടുണ്ട് ആ ഗൈഡ് ലൈൻസനുസരിച്ച് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുൾപ്പെടെയുള്ള നാഷണലൈസ്ഡ് ബാങ്കുകളുടെ സ്ഥിതിയെന്താണെന്നു അറിയാമോ ? ജനങ്ങളിൽ നിന്ന് നിക്ഷേപം സ്വീകരിച്ചാൽ അറുപത്തിരണ്ടര ശതമാനം മാത്രമേ ആ നിക്ഷേപത്തിൽ വായ്പയായി കൊടുക്കാൻ പാടുള്ളു. റിസർവ് ബാങ്ക് വച്ചിട്ടുള്ള റെസ്ട്രിക്ഷനാണ്. ബാക്കി മുപ്പത്തയ്യേഴര ശതമാനം ലിക്വിഡ് റിസർവാണ് ഇവിടെ എന്താണ് സ്ഥിതി ? ജനങ്ങളിൽ നിന്നു വായ്പ വാങ്ങുന്നു. 100 ശതമാനവും ആർക്കുവേണമെങ്കിലും പിന്നിടു വായ്പയായി നൽകുന്നു. അവരുടെ സെക്യൂരിറ്റി എന്താണ് ? അവർ തിരിച്ചു കിട്ടാൻ റീപേയ്മെന്റ് കപ്പാസിറ്റിയുള്ളവരാണോ ? യാതൊരു വ്യവസ്ഥകളുമില്ലാതെ തോന്നിയതുപോലെ പോകുകയാണ്. ഈ പണം കൊണ്ടുകൊടുത്തത് ആരാണ് ? ജനങ്ങൾ വിയർപ്പ് രക്തമാക്കി പാടുപെട്ട ഹാർഡ് എൻഡ് മണിയാണ് കൊണ്ടുകൊടുത്തത്. ആ പണം പെൻഷൻ പറ്റിയവരുടേതാകാം അല്ലെങ്കിൽ ഗൾഫ് രാജ്യങ്ങളിൽ നിന്നു വരുന്നവരുടേതാകാം അവരെല്ലാം ഞാൻ പറഞ്ഞതുപോലെ അൽപ്പ ദാരിദ്ര്യം കൊണ്ട് അമരാവതിയിൽ എളുപ്പമെത്താനാഗ്രഹിക്കുന്നവരാണ്. അവർ പാതാളത്തിലാണ് ചെന്നു പതിക്കുന്നത്. യഥാർത്ഥത്തിൽ 300 കോടി രൂപയുടെ കള്ളപ്പണം ഇന്നു നമ്മുടെ കേരളത്തിനകത്ത് കറങ്ങുന്നുണ്ടെന്നാണ് സാമ്പത്തിക വിദഗ്ദ്ധൻമാരുടെ കണക്ക് കിട്ടിയിട്ടുള്ളത്. ബ്ലാക്ക് മണി ജനറേറ് ബ്ലാക്ക് മണിയെന്നാണ് പറയുന്നത്. കൂടുതൽ കള്ളപ്പണം കൂടുതൽ കള്ളപ്പണമുണ്ടാക്കിക്കൊണ്ടിരിക്കുന്നു. നമ്മുടെ ഗവൺമെന്റിന്റെ കണക്കുകൂട്ടലുകളേയും നമ്മുടെ ബഡ്ജറ്റിനേയും സമ്പദ്വ്യവസ്ഥയേയുമെല്ലാം തകർക്കുന്നതാണ് ഈ ഏർപ്പാട്. ഒരു സമാന്തരസമ്പദ് വ്യവസ്ഥയായി ബ്ലേഡ് കമ്പനികൾ വളർന്നുവന്നിരിക്കുന്നു. ഇതിനെ നിലക്ക് നിർത്തിയാലേ മതിയാകൂ. 30-ഉം 40-ഉം 50-ഉം ശതമാനം പലിശയാണ് വാഗ്ദാനം ചെയ്യുന്നത്. ഈ ബില്ലിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥയനുസരിച്ചാണെങ്കിൽ കൊമേഴ്സ്യൽ ബാങ്കുകൾ നൽകുന്നതിനെക്കാൾ 2 ശതമാനം പതിനേഴര ശതമാനമാണ് ബാങ്കുകൾ നൽകുന്നത്—കൂടുതൽ ആപ്പോൾ പത്തൊമ്പതര ശതമാനം പലിശക്ക് മാത്രമേ കടം കൊടുക്കാവൂ. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ കണക്കുകളനുസരിച്ച്

LIBRARY ARCHIVES Kerala Legislative Assembly

15 ശതമാനത്തിൽ കൂടുതൽ നിക്ഷേപങ്ങൾക്ക് പലിശ സ്വീകരിക്കാൻ പാടില്ല. ഇവിടെ നിയമം കൊണ്ടുമാത്രം ഇതു തീരുന്ന കാര്യമല്ല. നിയമപരമായിതന്നെ ശക്തമായ ബഹുജനാഭിപ്രായം സാമൂഹ്യമായ ഒരു സമ്മർദ്ദം ഇക്കാര്യത്തിലുണ്ടാകണം. നിയമം കൊണ്ടുമാത്രം ബ്ലേഡ് കമ്പനികളെ തടയാൻ കഴിയുമെന്ന അഭിപ്രായം എനിക്കില്ല. അതോടൊപ്പം വളരെ പ്രധാനമായ ഒരു കാര്യം കൂടി എനിക്ക് പറയാനുണ്ട്. എന്തുകൊണ്ടാണ് ഈ ബ്ലേഡ് കമ്പനികൾ വളരുന്നത്? നമ്മുടെ രാജ്യത്തെ ആളുകൾക്ക് അവരുടെ നിക്ഷേപങ്ങൾക്ക് കൂടുതൽ പലിശ കിട്ടണമെന്ന ആഗ്രഹം ഒരു വശത്തു നിൽക്കുന്നു. ഉദ്യോഗമായ വ്യവസ്ഥകളിൽ വായ്പയെടുക്കാനാഗ്രഹിക്കുന്ന പെറുതും ഇടത്തരക്കാരുമായ കച്ചവടക്കാരും അതുപോലെ ജീവിതവൃത്തിക്കിറങ്ങിത്തിരിക്കുന്നവരുമുണ്ട്. അവരുടെ ജീവൽപ്രശ്നങ്ങൾ കാണാതെ ബ്ലേഡ് കമ്പനികളുടെ കഴുത്തിൽ ഞങ്ങൾ ബ്ലേഡ് വയ്ക്കുമെന്നു ആക്രോശിച്ചുകൊണ്ട് ആഹ്വാനം ചെയ്തുകൊണ്ട് മുന്നോട്ടുവന്നാൽ ഈ ബ്ലേഡ് കമ്പനികളിൽ നിന്നു പണമെടുത്തു ഇന്നു ജീവിതവൃത്തി നടത്തുന്നവർ വഴിയാധാരമാകും. ബ്ലേഡ് കമ്പനികളെ തകർക്കുകയും ആ ബ്ലേഡ് കമ്പനികളെ ആശ്രയിക്കുന്നവരെ സഹായിക്കുകയും ചെയ്യുന്ന സമതുലിതമായ ഒരു സമീപനം ഗവൺമെൻറ് സ്വീകരിക്കണം. അതിനുള്ള പൊതുജനാഭിപ്രായം വേണം. ഏതു നിയമവും വിജയിക്കണമെങ്കിൽ ബഹുജനപിൻതുണ വേണം. നിയമസഭ പാസാക്കിയാലും പാർലമെൻ് പാസാക്കിയാലും ജനങ്ങളിൽ നിന്നുള്ള സാമൂഹ്യസമ്മർദ്ദം ഇതിനുണ്ടാക്കാൻ കഴിയണം. തീർച്ചയായിട്ടും സമഗ്രമായ നിയമം കൊണ്ടുവരുമ്പോൾ ഇതെല്ലാം കണക്കിലെടുക്കണം. നിയമനിർമ്മാണം കൊണ്ടും സാമൂഹ്യസമ്മർദ്ദം കൊണ്ടും ഫലപ്രദമായി ഇതു തടയാൻ ഇതു വിനിയോഗിക്കുന്ന വകുപ്പുകളെകൂടി ഈ സമഗ്രനിയമ നിർമ്മാണത്തിൽ ഉൾക്കൊള്ളിക്കണം. സംതിംങ് ഈസ് ബെറർ ദാൻ നതിംഗ് എന്നു പറയുന്നതുപോലെ ഇരുപത്തിയാറ് ഇരുപത്തിയേഴ് കൊല്ലമായി സ്വകാര്യപണമിടപാടുകാരെ നിയന്ത്രിക്കാൻ ഒന്നുമില്ലാതിരുന്ന സ്ഥാനത്തു ഇങ്ങനെയൊരു ഓർഡിനൻസ് റീപ്ലെയ്സ് ചെയ്യാനുള്ള ധീരമായ കാൽവയ്പിൻെറ മുന്നോടിയുമായി വന്ന ശ്രീ. തച്ചടിയെ സമഗ്രമായ ഒരു നിയമം അണിയറയിൽ അണിയിച്ചൊരുക്കിക്കൊണ്ടിരിക്കുന്ന ശ്രീ. തച്ചടിപ്രഭാകരനെ കേളത്തിൽ പലിശഭാരംകൊണ്ട് വീർപ്പുമുട്ടിനിൽക്കുന്ന പാവപ്പെട്ടവരുടെ പേരിൽ, ഈ രാജ്യത്തെ സഹകരണപ്രസ്ഥാനത്തിൻെറ പേരിൽ ഞാൻ ഹൃദയം തുറന്നു അഭിനന്ദിക്കുകയാണ്. അദ്ദേഹത്തെ സഹകരണരംഗത്തെ രാക്ഷസനെന്നൊക്കെ പ്രതിപക്ഷത്തുള്ളവർ വിളിച്ചു. പക്ഷെ ഒരു കാര്യമുണ്ട് സഹകാരിയായ തച്ചടി കേരളത്തിലെ ബ്ലേഡ് കമ്പനികളുടെ സംഹാരിയായി മാറാൻ പോകുകയാണ്. അതോടെ കേരളത്തിലെ സഹകരണരംഗത്തു ഒരു പുതിയ ഉണർവുണ്ടാകാൻ പോകുന്നു. അതിൻെറ തുടക്കമായികണ്ടുകൊണ്ട് ഞാൻ എൻെറ ഭേഗതി ഒരിക്കൽകൂടി അവതരിപ്പിക്കുന്നു.

Sri A. C. Jose : സർ, I move that the Kerala Money Lenders (Amendment) Bill, 1986 be referred to a Select Committe ഞാൻ ഈ ബില്ലിനെ അനുകൂലിക്കുകയാണ്. ഇവിടെ ഇതിന് ഒരു സമഗ്രമായ നിയമം കൊണ്ടുവരുമെന്നു പറഞ്ഞ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി പലതും പ്രഖ്യാപിച്ചു പക്ഷെ ഒരു കാര്യമുണ്ട് കേരളത്തിൽ ഇന്നു നിലനിൽക്കുന്ന ഏറ്റവും വലിയ സാമൂഹ്യപ്രശ്നത്തിനു നേരെ വിരൽ ചൂണ്ടുന്ന പൊതുജനാഭിപ്രായം സംഘടിപ്പിക്കുന്നതിനു ഉതകുന്ന രീതിയിലാണ് ഈ നിയമം ഇവിടെ ഉണ്ടായിട്ടുള്ളത് കേരളത്തിൽ ഇന്ന് കൂണുപോലെ ധാരാളം ബ്ലേഡ് കമ്പനികൾ ഉയർന്നു വന്നിട്ടുണ്ട്. ഏതു ഗ്രാമത്തിൽ ചെന്നാലും അവിടെയെല്ലാം ബോർഡ് കാണാം,

LIBRARY ARCHIVES Kerala Legislative Assembly

ഇനിമേൽ ആരേയും കുറ്റം പറഞ്ഞിട്ട് കാര്യമില്ല. ഈ നിയമം കൊണ്ടുവരുന്നതിനു മുമ്പ് പത്തുമുപ്പതുകൊല്ലത്തോളം കാലം നില നിന്ന നിയമം ഉപയോഗിച്ചുകൊണ്ട് ചെയ്യാവുന്ന രീതിയിലുള്ള ബിസിനസ് ചെയ്യുകയാണവർ. ഇവിടെ വരുന്ന അപകടമെന്താണ് ? നമ്മുടെ നിയമം പാസ്സാക്കുന്നതിൽ കുറ്റം വിമുഖരല്ല. പല കാലത്തും പുതിയ നിയമങ്ങളുണ്ടാക്കുന്നുണ്ട്. നാം പാസ്സാക്കുന്ന നിയമങ്ങളൊന്നുംതന്നെ നടപ്പിലാക്കുന്നില്ലെന്നുള്ളതാണ് പാരമാർത്ഥം. നിയമം നിലവിലിരിക്കെതന്നെ നിയമം നടപ്പിലാക്കിയില്ലെങ്കിൽ സാധാരണ നിലയിൽ അതിന് അനുവാദം കൊടുക്കുന്നു. ഇവിടെയുള്ള മണിലെൻഡേഴ്സ് ആക്ട് യാതൊരു ഭേദഗതിയും കൂടാതെതന്നെ ഇവിടത്തെ പണമിടപാടുകാരെ നിയന്ത്രിക്കാൻ ഉതകുന്നതാണ്.

സർ, 1958-ൽ ഉണ്ടായ ഈ മണിലെൻഡേഴ്സ് ആക്ട് മുഴുവൻ പരിശോധിച്ചാൽ ഒരു കാര്യം വ്യക്തമാണ്. ഇവിടെ ഒരൊറ്റ ആംക്കുപോലും ഡെപ്പോസിറ്റ് സ്വീകരിക്കാൻ അനുവാദമില്ല. മണിലെൻഡേഴ്സ് ആക്ട് മുഴുവൻ പരിശോധിച്ചാൽ കാണുന്നത് അതാണ്. എങ്ങനെയാണ് ഈ ബ്ലെയിഡ് കമ്പനിയെന്ന അപരനാമത്തിൽ അറിയപ്പെടുന്ന കമ്പനികളിൽ ആളുകളെല്ലാം തന്നെ ഡെപ്പോസിറ്റ് സ്വീകരിക്കുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഞാൻ ഇതുമുഴുവൻ പരിശോധിച്ചു. മണിലെൻഡേഴ്സ് ആക്ട് അനുസരിച്ച് ആർക്കുംതന്നെ ഡെപ്പോസിറ്റ് സ്വീകരിക്കാൻ കഴിയില്ല. ആ നിയമം നമുക്ക് ശരിയായി നടപ്പിലാക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ലാത്തതാണ് പരമാർത്ഥം. കേരളത്തിലെ എല്ലാ പത്രങ്ങളും എടുത്തുനോക്കിയാലും ഇതിന്റെ പരസ്യം കാണാം. കേരളത്തിലെ പത്രങ്ങളുടെ വരുമാനത്തിൽ ഏറ്റവും കൂടുതൽ ലഭിക്കുന്നത് ബ്ലെയിഡ് കമ്പനികളുടെ പരസ്യത്തിൽ നിന്നാണ്. മുഴുവൻ പേജിലും പകുതി പേജിലും അവരുടെ പരസ്യം ഉണ്ടാകുന്നുണ്ട്.

ശ്രീ. പി. സി. ജോർജ് : ഈ പരസ്യത്തിൽ കൂടെ ബ്ലെയിഡ് കമ്പനി ഉദ്ഘാടനം ചെയ്യാൻ പോകുന്ന മന്ത്രിമാരുടെ പേര് അങ്ങ് കാണാറുണ്ടോ ?

ശ്രീ. എ. സി. ജോസ് : സർ, ഇത് അങ്ങനെ കണ്ടിട്ട് കാര്യമില്ല. ശ്രീമാൻ ഹസ്സൻ സൂചിപ്പിച്ചപോലെ സാമൂഹ്യവശംകൂടി ഇതിനകത്തുണ്ട്. ഈ ബ്ലെയ്ഡ് കമ്പനികളെ ഇവിടെ ഉയർന്നുവന്നിട്ട് ഇത്രയും കാലമായി, 30 വർഷക്കാലമായി പ്രത്യേകിച്ച് 1980-മുതൽ അഭൂതപൂർവ്വമായ വളർച്ചയാണ് ബ്ലെയിഡ് കമ്പനികൾക്ക് ഉണ്ടായിട്ടുള്ളത്. പ്രത്യേകിച്ചും ഗൾഫ് രാജ്യങ്ങളിലുണ്ടായ വികാസത്തിന്റെ ഫലമായി നമ്മുടെ ജനങ്ങളുടെ ധാരാളമായി ഗൾഫ് രാജ്യങ്ങളിലേയ്ക്ക് പോയി. അവർക്ക് കിട്ടുന്ന പണം എങ്ങനെ വിനിയോഗിക്കണമെന്നുള്ള ഒരു വഴി കാണിച്ചുകൊടുക്കാൻ നമ്മുടെ തയ്യാറായില്ല. ആ അവസരത്തിൽ തന്നെ പരസ്യങ്ങളുടെ വിതേനയെന്നോണം വന്നു. ബന്ധപ്പെട്ട മന്ത്രിമാരും എം. എൽ. എ.മാരും എല്ലാവരും ഇതിൽ ബന്ധപ്പെട്ടിട്ടുണ്ട്. ആരും അതിന്റെ അപകടം മനസ്സിലാക്കിയില്ല. ആരും തന്നെ ഇതിന്റെ സാമൂഹ്യ വശത്തെക്കുറിച്ച് ആലോചിച്ചില്ല. നമ്മളെല്ലാവരും അതിന് സഹകരിച്ചുകൊടുത്തു. അവസാനം, അത് വളർന്ന് വലിയ ഒരു ഭൂതത്തിന്റെ രീതിയിലായപ്പോഴാണ് നമ്മളെല്ലാവരും കണ്ണ് തുറന്നിട്ടുള്ളത്. അതുകൊണ്ട് എനിക്കാദ്യമായി പറയാനുള്ളത് ഇതിന്റെ സാമൂഹ്യവശക്കളെക്കുറിച്ച് ആദ്യമായി ആലോചിക്കണം. ഈ നിയമമെല്ലാം കൊണ്ടുവരുന്നതോടൊപ്പം തന്നെ ഇവിടെ നമ്മുടെ നാട്ടിൽ സാധാരണക്കാരായ ആളുകളുടെ കയ്യിൽധാരാളം പണമുണ്ട്. ഇന്ന് ബാങ്കുകളിൽ പണമിടാൻ കഴിയുമോ ? ആ പണത്തിന് എന്തുമാത്രം സ്ഥിരതയുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് എന്തുമാത്രം ആനുകൂല്യം കിട്ടും എന്നുള്ളതിനെക്കുറിച്ച് സാധാരണ ആളുകൾക്കും ബോധവാൻമാരല്ല. ബാങ്കുകളിൽ കയറിച്ചെല്ലുവാനും ബാങ്കിംഗ് സർവ്വീസും, ഉപയോഗിക്കാനും ആളുകൾക്ക് തയ്യാറല്ല. സഹകരണ മേഖലകളും ബാങ്കുകളും കുറെ വളർന്നിട്ടുണ്ടെന്ന് ഞാൻ സമ്മതിക്കുന്നു. പക്ഷേ അതേ അവസരത്തിൽ തന്നെ വീടിന്റെ തൊട്ടടുത്ത് പരിചയക്കാരനായ ഒരാൾ 20%, 30% പലിശ കൊടുക്കാൻ തയ്യാറായിക്കഴിഞ്ഞാൽ അതിന്റെ ബാക്കിവശങ്ങളൊന്നും മനസ്സിലാക്കാൻ കഴിയാത്ത ആളുകൾ അതിൽ പണമിട്ടുപോകും. അങ്ങനെയാണ് ഇത് വളരുന്നത്. അപ്പോൾ ഈ നിയമം പാലിക്കുന്നതോടൊപ്പംതന്നെ ഒരുകാര്യം എനിക്ക് പറയാനുള്ളത് ഗവൺമെന്റിന്റെ കൈയ്യിൽ ഇന്ന് 2 ഉപാധികളുണ്ട്. രണ്ടും പുതിയ താണ്. അതിൽ ഏറ്റവും പ്രധാനമായ ഉപാധി നമ്മുടെ ഫൈനാൻഷ്യൽ എൻറർപ്രൈസസ് ആണ്. ആ ഫൈനാൻഷ്യൽ എൻറർപ്രൈസസ് ശരിയായ രീതിയിൽ നമുക്ക് ഉപയോഗിക്കാൻ കഴിയുന്നില്ല. ചിട്ടിയും അതുപോലെ തന്നെ ഹയർ പർച്ചേയിസും നടത്തുന്ന ഒരു സ്ഥാപനമായി ഫൈനാൻഷ്യൽ എൻറർപ്രൈസസ് നിലകൊള്ളുകയാണെങ്കിൽപോലും, നിർഭാഗ്യവശാൽ മറ്റ് ഏത് പൊതുമേഖലാ സ്ഥാപനത്തെപ്പോലെ തന്നെ അത് ശരിയായരീതിയിൽ ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ പ്രവർത്തിക്കാൻ കഴിയുന്നില്ല. എനിക്ക് നിർദ്ദേശിക്കാനുള്ളത് ഫൈനാൻഷ്യൽ എൻറർപ്രൈസസ് കടം കൊടുക്കാൻ, ആവശ്യത്തിന് നോൺ-ബാങ്കിംഗ് ബിസിനസ് ചെയ്യാൻ തയ്യാറാകണം. പിയർലെസ് എന്ന കമ്പനിയുണ്ടിവിടെ. എത്രകോടി രൂപയുടെ ഡെപ്പോസിറ്റ് അതിനകത്തുണ്ട്. അതിനെക്കുറിച്ച് തർക്കം നടക്കുന്നു. അതിൽ ഉൾപ്പെട്ടിട്ടുള്ള കോടികണക്കിന് നിക്ഷേപകരും 10,000 കണക്കിന് ജോലിക്കാരും ബുദ്ധിമുട്ടിലാകുന്നുണ്ട്. ആ കമ്പനി ദേശസാൽക്കരിക്കണമോ, ദേശസാൽക്കരിക്കണ്ടയോ; അതിൽ ജോലി ചെയ്യുന്ന ആളുകളുടെ കാര്യം എന്താണെന്നുള്ള തർക്കമൊക്കെയുണ്ട്. എന്തുകൊണ്ട് ഫൈനാൻഷ്യൽ എൻറർപ്രൈസസ് ഒരു നോൺ-ബാങ്കിംഗ് കമ്പനിയാക്കി നമുക്ക് മാറ്റിക്കൂടാ. മറ്റ് വിദേശ രാജ്യങ്ങളിൽ പോയിട്ടുള്ള നമ്മുടെ സഹോദരൻമാരുടെ നിക്ഷേപങ്ങൾ സ്വീകരിക്കാനും അതിന് ആകർഷകമായ പലിശ കൊടുത്തുകൊണ്ട് അങ്ങനെയുള്ള നോൺ-ബാങ്കിംഗ് ബിസിനസ് പ്രോത്സാഹിപ്പിക്കാനും ഗവൺമെന്റ് സംവിധാനം ഉണ്ടാക്കണം. നിക്ഷേപസമാഹാരണത്തിനുവേണ്ടി അത്യുഗ്രമായ പ്രശ്നം നടത്തിയ ആളാണ് തച്ചടി. പക്ഷേ ആ നിക്ഷേപസമാഹാരണത്തിലൊന്നിലും തന്നെ വിദേശത്തുനിന്ന് വന്നിട്ടുള്ള ആളുകളുടെയും, നമ്മുടെ പെറുകിട കൃഷിക്കാരുടെയും കയ്യിലുള്ള പണം, അവർക്ക് കുറച്ചുകൂടി പലിശ കൊടുത്തുകൊണ്ട് ഫലപ്രദമായ രീതിയിൽ സമാഹരിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. അപ്പോൾ എനിക്കാദ്യമായി പറയാനുള്ളത് മണി ലെൻഡിംഗ് ബാങ്കിംഗിനെക്കുറിച്ച് സമഗ്രമായി പരിശോധിക്കേണ്ടതാണ് സാമൂഹ്യമായ ആവശ്യമാണ്. ഹസ്സൻ സുഖിപ്പിച്ചതുപോലെ ഓരോ കാലഘട്ടത്തിലും ഓരോ വളർച്ച നമുക്കുണ്ട്. ഓരോ കാലഘട്ടത്തിലും നമ്മുടെ സാമ്പത്തിക സംവിധാനങ്ങൾ ഓരോ രീതിയിൽ പോകാറുണ്ട്. വളർച്ച വഴിതെറ്റിപോകുന്ന അവസരത്തിൽ നമ്മൾ കണ്ണടച്ചിരിക്കും. നാം അതിനെ കുറിച്ച് നോക്കാറില്ല. അപ്പോളൊന്നും നാം കണ്ണുതുറക്കാറില്ല. അതുപോലെതന്നെ, ഉള്ളനിയമങ്ങൾ എങ്ങനെ ഉപയോഗിക്കാം എന്നതിനെക്കുറിച്ച് ആലോചിക്കാതെ, നിയമലംഘനം വളർന്ന്, ഏറെ രൂക്ഷമായി സാമ്പത്തിക ഗാത്രത്തെ മുഴുവൻ ബാധിക്കുന്ന നിലയിൽ എത്തുമ്പോഴാണ് നാം നിയമത്തിന്റെ ഖഡ്ഗവുമായി മുന്നോട്ടുചെല്ലുന്നത്. അതിന്റെ ഫലമായി പത്ത്-നാന്നൂറ് കോടി രൂപ ഇന്ന് നമ്മുടെ സംസ്ഥാനത്ത് വിവിധ മണി ലെൻഡിംഗ് സ്ഥാപനങ്ങളുടെ കയ്യിൽ ചെന്നുപെട്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ആയിരക്കണക്കിനാളുകൾ അതിൽ ചെന്നുപെടുന്നു. അത് വലിയ സാമൂഹ്യപ്രശ്നമായി മാറുകയാണ്. ഇത് നേരത്തെ നിയന്ത്രിക്കാൻ നാം തയ്യാറെടുത്തിരുന്നുവെങ്കിൽ ഈ പറഞ്ഞ ബുദ്ധിമുട്ടുകൾ നമുക്ക് ഉണ്ടാകുമായിരുന്നില്ല. അതുകൊണ്ട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, ഈ നിയമം, ഇപ്പോൾ നിലവിലിരിക്കുന്ന നിയമം യഥാർത്ഥത്തിൽ നടപ്പാക്കാൻ നാം തയ്യാറെടുക്കണം. ഇവിടെ വളരെ ഗുരുതരമായ സ്ഥിതിവിശേഷമാണ്.

"ഇത് നവംബർ 9-ാം തീയതിയിലെ മലയാള മനോരമ പത്രമാണ്."

(പത്രം ഉയർത്തിക്കാണിച്ചു) ഒരു ബ്ലെയിഡ് കമ്പനിയുടെ പരസ്യമാണ്, ഗൗരവമായി കണക്കിലെടുക്കേണ്ടതാണ് ഞാൻ അതൊന്ന് വായിക്കാം. ഇതിന് രാഷ്ട്രീയ അഭിപ്രായ വ്യത്യാസമുണ്ടാകേണ്ട കാര്യമില്ല. ചോദ്യോത്തരമാണ്. ഏതാണ്ട് 45 ചോദ്യങ്ങളുണ്ട്. ഈ സഭ ഇത് വളരെ ഗൗരവമായി കണക്കിലെടുക്കണം :

ചോദ്യം : നിങ്ങളുടെ രാഷ്ട്രീയ തലതൊട്ടപ്പൻ ആരാണ് ?

ഉത്തരം : ആ ഗതികേട് ഇന്നുവരെ ഉണ്ടായിട്ടില്ല.

ചോദ്യം : ഉടനെതന്നെ വരാൻ പോകുന്ന തെരഞ്ഞെടുപ്പിന്റെ ചെലവുകളും ചിലരുടെ പത്രപ്രസ്താവനകളുമായി വല്ല ബന്ധവുമുണ്ടോ ?

ഉത്തരം : ഞാൻ മാവിലായിക്കാരനാണേയ്.

ചോദ്യം : നിങ്ങളുടെ പുതിയ ബിസിനസ് സംരംഭങ്ങൾ എവിടെവരെയായി?

ഉത്തരം : തുടങ്ങുമെന്ന് പറഞ്ഞതെല്ലാം ഇതിന് മുൻപും ലാ-ബെല്ലാ തുടങ്ങിയിട്ടുണ്ട് ഇനിയും അങ്ങനെതന്നെ.

ചോദ്യം : നിങ്ങളെന്താണ് മറ്റ് ചിലർ ചെയ്യുന്നതുപോലെ – നേതാക്കൻമാർക്ക് വൻതുക കോഴ കൊടുക്കാത്തത് ?

ഉത്തരം : നിക്ഷേപകന്റെ ഉപ്പുകൂട്ടി ഞങ്ങനെ ഉണ്ണുണ്ട.

ചോദ്യം : ആഗസ്റ്റ് മാസത്തിലെ മന്ത്രിപ്രസ്താവനക്കുശേഷം നിങ്ങളുടെ നിക്ഷേപത്തിൽ കുറവുണ്ടായിട്ടുണ്ടോ ?

ഉത്തരം : അതാണ് രസകരം, 50% വർദ്ധനവുണ്ടായിട്ടുണ്ട്. (ഗ്രാഫ് നോക്കുക)

ചോദ്യം : കൊള്ളാമല്ലൊ എന്താണീ വർദ്ധനവിന് കാരണം ?

ഉത്തരം : മന്ത്രിയുടെ പ്രസ്താവന വന്നപ്പോൾ ചേയ്ന്നവർ ഇതര സ്ഥാപനങ്ങളിലെ നിക്ഷേപം പിൻവലിച്ച് ലാ-ബെല്ലയിലിട്ടതാണെന്ന് ഞങ്ങൾ കരുതുന്നു. കാരണം കഴിഞ്ഞ 1985 സെപ്തംബറിൽ ഇങ്ങനെ വർദ്ധനയുണ്ടായില്ല.

ചോദ്യം : അപ്പോൾ ലാ-ബെല്ലാ മന്ത്രി പ്രസ്താവനക്കതീതമാണോ ?

ഉത്തരം : നിയമത്തിന് അധീനമാണ്.

അതുകഴിഞ്ഞുള്ള ചോദ്യമാണ് ഈ സഭ ശ്രദ്ധിക്കേണ്ടത്.

ചോദ്യം : നിരുത്തരവാദപരമായ പത്ര പ്രസ്താവനകൾ ചെയ്യുന്നവരെപ്പറ്റി എന്തു പറയുന്നു ?

ഉത്തരം : വോട്ട്/വയറ്റിപ്പിഴപ്പ് നിയമസഭയിൽ എന്തു തോന്ന്യവാസം പറഞ്ഞാലും കോടതിയിൽ ചോദ്യം ചെയ്യാൻ പറ്റില്ലല്ലോ . പക്ഷെ ജനങ്ങളുടെ കോടതി താമസിയാതെ വിധിപറയും. 66% സാക്ഷരതയുള്ള കേരളത്തിലെ ജനങ്ങൾ അത്ര കഴുതകളല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. ജോസഫ് : അങ്ങാണല്ലോ നിയമസഭയുടെ പ്രിവിലേജ് കമ്മിറ്റിയുടെ ചെയർമാൻ. ഈ നിയമസഭയിൽ എന്തുതോന്ന്യാസവും പറയാം എന്നുള്ള പരസ്യ പ്രസ്താവന അങ്ങ് ഗൗരവമായി കണക്കിലെടുക്കുമോ ?

ശ്രീ. എ. സി. ജോസ് : സർ, ഞാനാണ് നിയമസഭ പ്രിവിലേജ് കമ്മിറ്റിയുടെ ചെയർമാൻ, പക്ഷെ ആ പ്രിവിലേജ് കമ്മിറ്റിയിൽ പ്രസ്താവനകൾ വരുന്നതിന് ചില നടപടിക്രമങ്ങളുണ്ട്. ഇത് ഗൗരവമായി പരിശോധിക്കണമെന്ന അഭിപ്രായക്കാരനാണ് ഞാൻ.

ശ്രീ ടി. പി. പീതാംബരൻ മാസ്റ്റർ : ഇവിടെ ഇത്ര വികാരവിജൃംഭിതനായി ശ്രീ. എ. സി. ജോസ് നമ്മുടെ മന്ത്രിയെപ്പറ്റിയുള്ള പരാമർശങ്ങൾ വായിക്കുകയുണ്ടായി. ഒരു മന്ത്രിയുടെ പ്രസ്താവന പത്രത്തിൽ എഴുതി ആക്ഷേപിച്ചുവെന്ന് പറയുന്ന ഈ ഗവൺമെന്റ് തന്നെ ഇത്തര. ബ്ലെയിഡ് കമ്പനിക്കാരുടെ കൈയിലാണെന്ന് ജോസ് മനസ്സിലാക്കുന്നുണ്ടോ. അതിനെ എതിർക്കാൻ ജോസിന് കഴിയുമോ ?

ശ്രീ. എ. സി. ജോസ് : പീതാംബരൻ മാസ്റ്റർക്ക് കുറച്ച് ചൂടുണ്ടാകും. കാരണം ഇപ്പോൾ അദ്ദേഹത്തിന് വലിയ മനപ്രയാസമുള്ള സമയമാണ്.

ശ്രീ. വി. കെ. രാജൻ : ബഹുമാനപ്പെട്ട മെമ്പർ വളരെ രൂക്ഷമായിട്ട് പറഞ്ഞ ലാ-ബെല്ല, കമ്പനി തന്നെയാണ് രാജീവ് ഗാന്ധി കേരളത്തിൽ വന്നപ്പോൾ ലക്ഷകണക്കിന് പോസ്റ്റർ അടിച്ചിട്ട് അതിന്റെ താഴെ പേരു വച്ചത്. അത് അങ്ങേക്കറിയാമോ ?

ശ്രീ. എ.സി. ജോസ് : ഇതിനുമുമ്പ് ഇവിടെ, ഈ രാജ്യത്ത് ബഹുമാനപ്പെട്ട രാജൻ ഉത്ഘാടനം ചെയ്ത ചിട്ടി കേന്ദ്രം ഞാൻ പറയാം. ഇവിടെ ചിട്ടി കമ്പനി ഉത്ഘാടനമുണ്ടായിട്ടുണ്ട്. അതിൽനിന്നും ആരും കൈയൊഴിയേണ്ട കാര്യമില്ല. പക്ഷേ ഇന്ന് ഗുരുതരമായ സ്ഥിതി വിശേഷം ഇവിടെ ഉണ്ടായിരിക്കുകയാണ്. അവിടെയിരിക്കുന്ന പലരും രാജൻ അടക്കമുള്ള ആളുകളുടെ പേര് ഞാൻ എടുത്തു പറയണോ ? ചാന്ദിനി ചിട്ടികമ്പനി ഞാൻ പറയണോ ? ചിട്ടി കമ്പനിയുടെ ഉത്ഘാടനം അവിടെയിരിക്കുന്ന പലരും ചെയ്തിട്ടിണ്ട്. ഇവിടെ ഇതിനുമുമ്പ് ആരും ഒന്നും ചെയ്തിട്ടില്ലെന്ന് അർത്ഥമില്ല. ഇത് ഗൗരവമായി സഭ കണക്കിലെടുക്കണം.

ശ്രീ. ടി. എച്ച്. മുസ്തഫ : ബഹുമാനപ്പെട്ട മന്ത്രിയേയും നിയമസഭയേയും നിയമസഭാ സാമാജികരേയും കുറിച്ച് ഇത്തരത്തിലുള്ള ഒരു പരസ്യം ഒരു കമ്പനി ഉത്തരവാദപ്പെട്ട ഒരു പത്രത്തിൽ ചെയ്യുമ്പോൾ അത് നിയമസഭയോടുള്ള അവഹേളനവും, നിയമസഭാ സാമാജികരുടെ അവകാശത്തെ ചോദ്യം ചെയ്യുകയും ആയതുകൊണ്ട് ഇതിന് നടപടിയെടുക്കാൻ പ്രിവിലേജ് കമ്മിറ്റിയുടെ ചെയർമാനെന്നുള്ള നിലയിൽ അങ്ങ് നടപടി സ്വീകരിക്കുമോ ?

ശ്രീ. പി. സി. ജോർജ് : ഇവിടെ പ്രിവിലേജ് മൂവ് ചെയ്യാതെ പ്രിവിലേജ് കമ്മിറ്റി ചെയർമാൻ എന്തുചെയ്യാനാണ്. ഈ രീതിയിൽ സഭയിൽ അംഗങ്ങൾ ചോദിക്കുന്നതുതന്നെ തെറ്റാണ്. പ്രിവിലേജ് കമ്മിറ്റിയിൽ പ്രിവിലേജ് മൂവ് ചെയ്യണം. ബഹുമാനപ്പെട്ട മുസ്തഫ അതിനെതിരായിട്ട് പ്രിവിലേജ് മൂവ് ചെയ്യാൻ തയ്യാറുണ്ടോ ? എങ്കിൽ നാളെത്തന്നെ അതു ചെയ്യുക. അപ്പോൾ പ്രിവിലേജ് കമ്മിറ്റിയിൽ വരും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി.എച്ച്. മുസ്തഫ : സർ, ഞാൻ ശ്രീ. പി. സി. ജോർജിന്റെ വെല്ലുവിളി സ്വീകരിക്കുന്നു. ഞാൻ ഇത് എഴുതി കൊടുക്കാൻ തയ്യാറാണ്.

ശ്രീ. എ.വി. താമരാക്ഷൻ : പ്രിവിലേജ് എന്നു പറയുന്നത് നിയമസഭാ സ്പീക്കർക്ക് എഴുതികൊടുക്കേണ്ടതാണ്. സ്പീക്കറാണ് ഇതിൽ എന്തെങ്കിലും പ്രശ്നമുണ്ടോയെന്ന് തീരുമാനിച്ച് കമ്മിറ്റിക്ക് വിടേണ്ടത്. പി.സി. ജോർജിനും ടി.എച്ച്. മുസ്തഫയ്ക്കും വാദപ്രതിവാദം നടത്താനുള്ളതല്ല ഇത്. ഏതെങ്കിലും വിധത്തിൽ സഭയുടെ അവകാശം ലംഘിച്ചിട്ടുണ്ടെങ്കിൽ റൂൾസ് ഓഫ് പ്രൊസീഡർ അനുസരിച്ച് സ്പീക്കർക്ക് എഴുതി കൊടുക്കണം. സ്പീക്കറോട് ചോദിച്ചിട്ടാണ് കമ്മിറ്റി കൂടുന്നത്. അതുകൊണ്ട് ഇത്തരത്തിൽ പരാമർശം നടത്തുന്നത് ഓർഡറിലാണോ ?

ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപേലെ തന്നെ ഇതിൽ ചില നടപടി ക്രമങ്ങളൊക്കെയുണ്ട്.

ശ്രീ. എ.സി. ജോസ് : ശ്രീ. എ.വി. താമരാക്ഷൻ കുറച്ച് അബ്സൻറ് മൈൻഡഡ് ആണ്. ഇവിടെ ചോദിക്കുമ്പോഴേതന്നെ പറഞ്ഞു ഇതിന് ചില നടപടി ക്രമങ്ങൾ ഉണ്ട്. ആ നടപടി ക്രമങ്ങൾ പാലിക്കുമെന്ന് പറഞ്ഞു.

ശ്രീ. ടി.പി. പീതാംബരൻ മാസ്റ്റർ : മി. ജോസ് ഇതിന് നടപടിയെടുക്കാൻ പോകുന്നതിന് മുമ്പ് ജോസിന്റെ ചെയർമാൻസ്ഥാനം പോകുമോ എന്ന് സൂക്ഷിക്കണം.

ശ്രീ. എ.സി. ജോസ് : എന്റെ പൊന്നു മാഷേ, ഞാൻ കോൺഗ്രസ് 'എസ്' അല്ല. രാവിലെ എഴുന്നേറ്റു നോക്കുമ്പോൾ 'എസ്' ഉണ്ടോയെന്ന് നോക്കുന്നതുപോലെയല്ല ഈ കമ്മിറ്റിയൊക്കെ. ശരത് പവാറിനേയും മാഷിനേയും പോലെ ഞങ്ങളെ വിളിക്കല്ലേ. ''ഞങ്ങൾ വന്നു പോകും'' എന്ന് പറയുന്ന സ്ഥിതിയിലല്ല പ്രിവിലേജ് കമ്മിറ്റി. പ്രിവിലേജ് കമ്മിറ്റി എന്നുപറഞ്ഞാൽ സഭയിലെ ഒരു കമ്മിറ്റിയാണ്. വളരെ പ്രധാനപ്പെട്ട കമ്മിറ്റിയാണ്. അതിന്റെ ചെയർമാൻ സ്ഥാനമൊന്നും പോകുകയില്ല. പോയാലും പേടിയൊന്നുമില്ല.

ശ്രീ. പി. പി. തങ്കച്ചൻ : ശ്രീ. പീതാംബരൻ മാസ്റ്റർ മി. ശരത് പവാറിന്റെ കൂടെയണെന്നുള്ള വിവരം അറിയാമോ ? അദ്ദേഹം അഖിലേന്ത്യാ നേതൃത്വത്തെ അംഗീകരിക്കുന്ന ആളാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : രണ്ടു മൂന്നു മെമ്പർമാർ ഇങ്ങനെ എഴുന്നേറ്റു നിന്ന് സംസാരിച്ചാൽ സഭാനടപടികൾ എങ്ങനെ മുമ്പോട്ടു കൊണ്ടു പോകാനാകും.

ശ്രീ. കെ. കൃഷ്ണൻ കുട്ടി : ബഹുമാനപ്പെട്ട മെമ്പർ വളരെ വികാരം കൊണ്ടാണ് ഇവിടെ സംസാരിച്ചത്. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ചെയർമാനായിട്ടുള്ള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കുപോലുള്ള ഒരു പണമിടപാട് സ്ഥാപനത്തിന് ബ്രൂഡ്ജ് ലോൺ എന്നുള്ള നിലയ്ക്ക് 30 ലക്ഷം രൂപ അനുവദിച്ചത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? ആ പണം ഏതിനുവേണ്ടിയാണ് ഉപയോഗിക്കുന്നത് ?

ശ്രീ. എ.സി. ജോസ് : എന്റെ ശ്രദ്ധയിൽപെട്ടിട്ടില്ല. ഞാൻ അറിഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

അപ്പോഴാ ഞാൻ പറഞ്ഞുവന്നത് ഈ പത്രത്തിലെ പരസ്യത്തെക്കുറിച്ചാണ്. ഇതിൽ പറയുന്നു : 'അപ്പോഴാ ലാ ബെല്ലാ മന്ത്രി പ്രസ്താവനകൾക്കതീതമാണോ' ?

ഉത്തരം—'നിയമത്തിന് അധീനമാണ്''.

''നിങ്ങളെ ശല്യം ചെയ്യുകയില്ലേ ?''

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ഉത്തരം ''പൊന്നാനിപ്പുഴ എത്രയോ ഒഴുകിക്കഴിഞ്ഞു'' ''നിങ്ങളും മുൻപിരുന്ന ആഭ്യന്തരമന്ത്രിയുമായിട്ടെന്തൊ പ്രശ്നങ്ങളാ പണ്ട് ..... ?

മി. സ്പീക്കർ : മിസ്റ്റർ ജോസ്, അങ്ങ് എന്തൊക്കെയാണ് പറയുന്നത്?

ശ്രീ. എ. സി. ജോസ് : സർ, നിരുത്തരവാദപരമായ ഒരു പ്രവണതയാണ്. അങ്ങ് വായിച്ചില്ല. അങ്ങ് ഈ നിയമസഭയുടെ ആദരണീയനായ ചെയർമാണ്. ഇവിടെയൊരു ചോദ്യം ചോദിച്ചു അങ്ങ് കേട്ടില്ല.

''നിരുത്തരവാദപരമായ പത്ര പ്രസ്താവനകൾ ചെയ്യുന്നവരെപ്പറ്റി എന്തു പറയുന്നു ?''

ഉത്തരം : വോട്ട്/വയറിളക്കം. നിയമസഭയിൽ എന്തു തോന്ന്യവാസം പറഞ്ഞാലും കോടതിയിൽ ചോദ്യം ചെയ്യാൻ പറ്റില്ലല്ലോ. പക്ഷേ ജനങ്ങളുടെ കോടതി തരമുണ്ടായാതെ വിധി പറയും. 66 ശതമാനം സാക്ഷരതയുള്ള കേരളത്തിലെ ജനങ്ങളാ അത്ര കഴുതകളല്ല.'' ഇതാണ് മറുപടി. ഇതൊരു ബ്ലേഡ് കമ്പനിയുടെ പരസ്യമാണ്. ഇനിയും രണ്ടു സെൻറൻസ് കൂടി വായിക്കാതെ പറ്റില്ല.

''നിങ്ങളും മുൻപിരുന്ന ആഭ്യന്തരമന്ത്രിയുമായിട്ടെന്തൊ പ്രശ്നങ്ങളാ പണ്ട് ?''

ഉത്തരം: ''അദ്ദേഹം ഇപ്പോഴാ അധികാരത്തിൽ ഇല്ലാത്ത സ്ഥിതിക്ക് നോ കമൻറ്സ്''

ഇത് മലയാള മനോരമയുടെ നവംബർ 9-ാം തീയതിയിലെ പത്രത്തിലെ പരസ്യമാണ്.

''നിങ്ങളാ ഈ വരുന്ന തെരഞ്ഞെടുപ്പിന് കായംകുളത്തു നിൽക്കുന്നതായി കേൾക്കുന്നു, ശരിയാണോ ?''

ഉത്തരം: ''വെറുതെ ഏഷണി പറഞ്ഞു ചിലരുടെ ഉറക്കം കളയരുത്''

സർ, നിയമസഭയിൽ മണിലെൻഡേഴ്സ് ആക്ട് ചർച്ച ചെയ്യുമ്പോഴാ ഇതാണ് സ്ഥിതി, ഇവരാണ് ഈ രാജ്യം ഭരിക്കുന്നത്. ഈ സ്ഥിതിവിശേഷം ഉണ്ടാകരുത്, ഇതു നിയന്ത്രിക്കണം. ഇതിൽ ആരുടേയും കയ്യടി ആവശ്യമില്ല. ഇത് ഗൗരവമായി കണക്കിലെടുക്കണം. 1980-ൽ നമ്മളാ ഒരുമിച്ചിരുന്നു ഭരിച്ചിട്ടും ഇതിനെപ്പറ്റി ആലോചിച്ചില്ലായെന്ന് ഓർക്കണം. അതുകൊണ്ടാണ് പറഞ്ഞത് ''Prevention is better than Cure.'' അതുകൊണ്ട് ഈ നിയമം നടപ്പിലാക്കുന്ന രീതിയെക്കുറിച്ച് ആലോചിക്കണം. ഇന്ന് എങ്ങനെയാണ് ഈ കമ്പനികളാ ഡെപ്പോസിറ്റ് സ്വീകരിക്കുന്നത് ? 33-ാം 40-ാം ശതമാനം പലിശ നിരക്ക് പ്രഖ്യാപിച്ചുകൊണ്ട് ഇത്തരം ഡെപ്പോസിറ്റാണ് സ്വീകരിക്കുന്നത് എങ്ങനെയാണെന്ന് ആലോചിക്കണം. ആ ഡെപ്പോസിറ്റാണ് സ്വീകരിച്ചിട്ടുള്ള കമ്പനികളെക്കുറിച്ച് പരിശോധിക്കാൻ നാം തയ്യാറാകണം. ഞാൻ നിയമത്തിന്റെ സാങ്കേതിക വശങ്ങളെക്കുറിച്ച് പറഞ്ഞിട്ട് കാര്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ആദ്യം സൂചിപ്പിച്ച രീതിയിലുള്ള നടപടിക്രമങ്ങളിലേക്ക് നീങ്ങണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. മറ്റൊരു കാര്യം, ഇവിടെ നിയമം നടപ്പിലാക്കുന്ന കാര്യത്തെക്കുറിച്ചാണ്. ഇവിടെ ധാരാളം നിയമങ്ങൾ ഉണ്ട്. ആ നിയമങ്ങൾ ഒന്നും എഫക്ടീവായിട്ട് നടപ്പിലാക്കുവാൻ തയ്യാറാകുന്നില്ല. ധനകാര്യ വകുപ്പിന്റേതായാലും ഇൻഡസ്ട്രീസ് വകുപ്പിന്റേതായാലും മറ്റ് ഏതു വകുപ്പിന്റേതായാലും ശരി നിയമങ്ങൾ പാസാക്കി അത് ഇംപ്ലിമെന്റ് ചെയ്യുമ്പോൾ ആ ഉദ്യോഗസ്ഥൻമാർ അതിന്റെ അർത്ഥം മനസ്സിലാക്കുന്നില്ല.അതിന്റെ രീതി മനസ്സിലാക്കുന്നില്ല.ആനിയമം എന്തിനുണ്ടായിയെന്നു മനസ്സിലാക്കുന്നില്ല. അതുകൊണ്ട് ഒരു നിയമം പാസായിക്കഴിഞ്ഞാൽ ആ നിയമം നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം.ഇവിടെ കാണുന്ന എല്ലാ കുറ്റങ്ങൾക്കും കുറവുകൾക്കും നിയമപരമായി പരിഹാരങ്ങൾ ഉണ്ട്. അതുകൊണ്ട് സമഗ്രമായി ഇക്കാര്യത്തെക്കുറിച്ച് പഠിച്ച് നിയമ നിർമ്മാണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് ഈ ബില്ലിനെ ഞാൻ ഒരിക്കൽകൂടി പിന്താങ്ങുന്നു.

ശ്രീ. കെ.കെ. തോമസ്: സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന (ഭേഗതി) ബില്ലിനെ ഞാൻ അനുകൂലിക്കുന്നു. ബഹുമാനപ്പെട്ട ധനകാര്യവകുപ്പ് മന്ത്രി ബിൽ അവതരിപ്പിച്ചു കൊണ്ട് ഇവിടെ നൽകിയ സ്റ്റേറ്റ്മെൻറിൽ സംസ്ഥാനത്തെ പണം കടം കൊടുപ്പുകാരുടെ ബിസിനസ് ക്രമീകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനും വ്യവസ്ഥ ചെയ്തുകൊണ്ടുള്ള 1958-ലെ മണിലെൻഡേഴ്സ് ആക്ട് ഫലപ്രദമല്ല, അതുകൊണ്ടാണ് ഈ നിയമഭേഗതിയെന്നാണ് ഇവിടെ സൂചിപ്പിച്ചിരിക്കുന്നത്. ഈ നിയമഭേഗതികൊണ്ട് ഇവിടത്തെ സ്വകാര്യ പണമിടപാടുകാരെ നിയന്ത്രിക്കാൻ കഴിയുമെന്ന വിശ്വാസം എനിക്കില്ല, സമഗ്രമായ ഒരു നിയമനിർമ്മാണം ഇതിനുവേണ്ടി നടത്തുമെന്നും ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പ്രസ്താവിച്ചു.

സമഗ്രമായ ഒരു നിയമനിർമ്മാണം നടന്നെങ്കിൽ മാത്രമേ ഇന്ന് നമ്മുടെ സമൂഹത്തിനുതന്നെ ഏറ്റവും വലിയ അത്യാപത്തായി തീർന്നിരിക്കുന്ന സ്വകാര്യ പണമിടപാടുകാരെയും അവരിൽ നിയന്ത്രിക്കപ്പെടുന്ന ബ്ലേഡ് കമ്പനികളെയും ഒക്കെ ഒരു പരിധിവരെ ഒതുക്കി നിറുത്തുവാൻ കഴിയുകയുള്ളൂ. ഏറ്റവും താണനിലയിൽ നിന്നുമാണ് സ്വകാര്യപണമിടപാടുകൾ നടത്തുന്ന കമ്പനികൾ ജനിക്കുന്നത്. നമ്മുടെ രാജ്യത്തെ സഹകരണസ്ഥാപനങ്ങളും ഇതിന് ഒരുപരിധിവരെ ഉത്തരവാദികളാണ്. ഇന്ന് ഈ ബിൽ അവതരിപ്പിച്ചിരിക്കുന്ന ധനകാര്യവകുപ്പുമന്ത്രി സഹകരണ മേഖലയിൽ പലരെ പരിചയമുള്ള ആളാണ്. അദ്ദേഹം കേരളത്തിലെ ഏറ്റവും വലിയ ഫിനാൻസ് ഇൻസ്റ്റിറ്റ്യൂഷന്റെ അദ്ധ്യക്ഷൻ കൂടിയാണ്. ഞാനിത് സൂചിപ്പിക്കുവാൻ കാരണം, വാണിജ്യബാങ്കുകളുടെയും ഷെഡ്യൂൾഡ് ബാങ്കുകളുടെയും സഹായമൊന്നും സാധാരണ ജനങ്ങൾക്ക് ലഭിക്കുന്നില്ല. ഇന്ന് പ്രൈമറി സർവ്വീസ് സഹകരണ ബാങ്കുകളിൽ നിന്നും കിട്ടുന്ന സഹായം കാർഷികവായ്പ മാത്രമാണ്. ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്ക് സർവ്വീസ് സഹകരണ ബാങ്കുകൾ നൽകുന്ന വായ്പയ്ക്ക് അമിതമായ പലിശയുമാണ്. കാലാവധിയും തീർന്നു കഴിഞ്ഞാൽ ആ പലിശയ്ക്ക് പിന്നെയും പലിശ ഏറ്റിക്കൊണ്ടിരിക്കുകയാണ്. സമൂഹത്തിന്റെ അടിത്തട്ടിലുള്ള മൽസ്യത്തൊഴിലാളികൾ, തേയിലപ്പെട്ടിയ്ക്കകത്ത് ചുമന്നുകൊണ്ടുനടന്നു വിൽക്കുന്ന ആളുകൾ, പേപ്പർ കച്ചവടക്കാർ ഇവർക്കൊക്കെ നൂറ് രൂപയുടെ ആവശ്യമുള്ളവരാണ്.

ഇവരൊക്കെതന്നെ നമ്മുടെ രാജ്യത്തെ പൗരൻമാരാണ്, അവരുടെ കുടുംബങ്ങൾ നിലനിറുത്തേണ്ടവരാണ്, അവരെ സഹായിക്കുവാൻ സഹകരണസ്ഥാപനങ്ങളോ മറ്റു ധനകാര്യ സ്ഥാപനങ്ങളോ നമ്മുടെ പൊതുമേഖലയിൽ

LIBRARY ARCHIVES Kerala Legislative Assembly

ഇല്ലെന്നുള്ളതാണ് യാഥാർത്ഥ്യം. ഒരു ബ്ലേഡ് കമ്പനിക്കാരൻ എങ്ങനെ ജനിക്കുന്നു? ഒരു ബ്ലേഡ് കമ്പനിക്കാരൻ ജനിക്കുന്നത്, ഒരു മൽസ്യക്കച്ചവടക്കാരന്റെയോ പെട്ടിക്കച്ചവടക്കാരന്റെയോ, ഒരു തേയിലക്കച്ചവടക്കാരന്റെയോ നൂറ് രൂപയിൽനിന്നുമാണ്. ആയിരം രൂപയുണ്ടെങ്കിൽ ദിവസം പത്തു രൂപ എന്ന ക്രമത്തിൽ നൂറ് ദിവസം കൊണ്ട് ആയിരം രൂപ രണ്ടായിരം രൂപയായി മാറുന്നു. ആയിരം രൂപ ഒന്നിച്ച് കൊടുക്കുകയാണെങ്കിൽ അതിൽനിന്ന് നൂറുരൂപ എടുത്തിട്ട് പത്ത് രൂപവീതം ദിവസവും കൊടുക്കുകയും വേണം. ആയിരം രൂപ നൂറു ദിവസംകൊണ്ട് രണ്ടായിരം രൂപയായി മാറുന്നു; ഇരുന്നൂറു ദിവസമാകുമ്പോഴേ അത് നാലായിരം രൂപയായി മാറുന്നു. ഇങ്ങനെ ദിവസം തോറും ഇരട്ടിച്ച് ഏതാണ്ട് ആയിരം രൂപ മുടക്കിയ ഒരു സ്വകാര്യ പണമിടപാടുകാരനും, മൽസ്യക്കച്ചവടക്കാരനും പെട്ടിക്കച്ചവടക്കാരനും പേപ്പർ കച്ചവടക്കാരനും ഉപജീവനത്തിനുവേണ്ടി നൂറ് രൂപവീതം കൊടുത്ത ഒരു സ്വകാര്യ പണമിടപാടുകാരന്റെ ജനനം ഇവിടെ നിന്നുമാണ്; അയാൾക്ക് ഏതാണ്ട് ആയിരം ദിവസമാകുമ്പോഴേ മൂന്ന് ലക്ഷത്തി പന്ത്രണ്ടായിരം രൂപയായി പെരുകുന്നു. അങ്ങനെ അയാൾ സമൂഹത്തിലെ അംഗീകരിക്കപ്പെട്ട വ്യക്തിയായി മാറുന്നു.

സഹകരണവകുപ്പുമന്ത്രി (ശ്രീമതി എം. കമലം):- ബഹുമാനപ്പെട്ട എം. എൽ. എ. ശ്രദ്ധിക്കുകയാണെങ്കിൽ ഇതുപോലെ പച്ചക്കറി മൽസ്യം തുടങ്ങിയവ വിറ്റു കഴിയുന്ന ആളുകൾക്ക് തിരുവനന്തപുരം ജില്ലയിലെ സഹകാരികൾ സംഘടിപ്പിച്ചപോലെ ഒരു സംഘടനതന്നെ ഉണ്ടാക്കാം. സഹകരണ മേഖല അതിനുവേണ്ട എല്ലാ സഹായങ്ങളും ചെയ്യാം.

ശ്രീ. കെ. കെ. തോമസ്:- ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രിയുടെ നിർദ്ദേശം ഞാൻ അംഗീകരിക്കുന്നു. പക്ഷേ അത് പ്രായോഗികമാക്കുവാൻ മറ്റു ചില മാർഗ്ഗങ്ങളും സഹകരണങ്ങളുമൊക്കെ ആവശ്യമാണ്. അതിനെക്കുറിച്ച് ചിന്തിക്കുന്നതുകൊള്ളാം. ഈ സമഗ്രമായ നിയമനിർമ്മാണം നടത്തുന്നതോടൊപ്പംതന്നെ താഴെക്കിടയിലുള്ള ജനങ്ങൾക്ക് കഴിഞ്ഞുകൂടാവുന്ന നിലയിൽ നമ്മുടെ പ്രൈമറി സഹകരണ ബാങ്കുകളിൽനിന്നുള്ള സഹായങ്ങളെയും മറ്റു മാർഗ്ഗങ്ങളെയും കുറിച്ച് ആലോചിക്കണം, ഇന്ന് സ്വകാര്യ പണമിടപാടുകാരുടെ ഒരു അധോലോകം ഇവിടെ സൃഷ്ടിക്കപ്പെട്ടിരിക്കയാണ്. കെട്ടുവള്ളത്തിലെ കാർഷികവിള ആർത്തുവളരും, കെട്ടുവള്ളത്തിൽ വീഴുന്ന കാർഷികവിളപോലെ നമ്മുടെ സമ്പദ്വ്യവസ്ഥ ഇന്ന് ഇക്കൂട്ടർ വീഴുങ്ങുമോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു, അതുകൊണ്ടാണ് ഇതിനെ നിയന്ത്രിക്കണമെന്ന് പറഞ്ഞത്. വിശക്കുന്നവന്റെ മുമ്പിൽ ദൈവം പോലും അപ്പത്തിന്റെ രൂപത്തിൽ പ്രത്യക്ഷപ്പെടുമെന്നാണ് ബൈബിളിൽ പറയുന്നത്. ഇങ്ങനെ സ്വകാര്യപണമിടപാടുകാർ വളരുകയും അവർ സമൂഹത്തിലെ ഉന്നതൻമാരായി തീരുകയും ചെയ്യും. ബഹുമാനപ്പെട്ട ജോസ് പറഞ്ഞതുപോലെ ഫ്ളഡ് റിലീഫ് ഫണ്ടിലേക്ക് പതിനായിരം രൂപ കൊടുത്തിരിക്കുന്നു, ഭവനം നിർമ്മിച്ചുകൊടുത്തിരിക്കുന്നുവെന്നൊക്കെ ഇവരെക്കുറിച്ച് കേൾക്കാം. ഇവരൊക്കെ വളർത്തിവിട്ട സമാന്തര സമ്പദ്ഘടന തകരണമെങ്കിൽ സമഗ്രമായ ഒരു നിയമനിർമ്മാണം നടത്തുകയും പാവപ്പെട്ട ആളുകളെ സംരക്ഷിക്കുകയും ചെയ്യുണന്നതിനുള്ള പരിപാടികൾ ആവിഷ്ക്കരിക്കുകയും ചെയ്യണമെന്നു പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ:- സർ, സമഗ്രമായ ഒരു നിയമനിർമ്മാണം ഈ രംഗത്ത് ആവശ്യമാണെങ്കിൽ തന്നെയും അതുകൊണ്ട് ഉദ്ദേശിക്കുന്ന കാര്യങ്ങൾ തന്നെ വളരെ ശ്രദ്ധേയമാണ്. പണം കടംകൊടുക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഏജൻസിയുടെ ഇടപാടുകൾ നിയന്ത്രിക്കുക, അവരുടെ അക്കൗണ്ട് ആഡിറ്റ് ചെയ്യുന്നതിന് ഫലപ്രദമായ നടപടിയുണ്ടാക്കുക, മണി ലെൻഡേഴ്സ് ആക്ടിന്റെ വകുപ്പുകൾ ലംഘിക്കുന്നവർക്ക് നേരെ ചെയ്യാൻ കഴിയുന്ന ശിക്ഷാനടപടികളുടെ തോത് വർദ്ധിപ്പിക്കുക, മണി ലെൻഡേഴ്സ് ആക്ടിൽ ബാങ്ക് എന്നതിന്റെ നിർവചനത്തിൽ കൂടുതൽ സ്ഥാപനങ്ങൾ ചേർക്കുക, കടം കൊടുക്കുന്ന സംഖ്യയുടേയും നിക്ഷേപ സംഖ്യയുടെയും പലിശയുടെ തോത് നിജപ്പെടുത്തുക, ക്രമീകരിക്കുക എന്നീ ലക്ഷ്യങ്ങൾ ആണ് ഇത്തരമൊരു നിയമത്തിന്റെ പിന്നിലുള്ളത്. ഇവിടെ നിയമമുണ്ടാക്കുന്നുണ്ട്, എന്നാൽ നിയമമുണ്ടാക്കി നടപ്പിലാക്കുന്ന കാര്യത്തിൽ ശുഷ്കാന്തിയുണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇങ്ങനെയൊരു നിയമം കൊണ്ടുവരുന്ന സമയത്ത് അത് നടപ്പിലാക്കുന്ന കാര്യത്തിൽ ആത്മാർത്ഥത കാണിക്കുമോയെന്ന് ചിലർ ചോദിക്കുകയുണ്ടായി. എനിക്ക് അതിൽ പൂർണ്ണമായ ബോദ്ധ്യമുണ്ട്, അദ്ദേഹം തന്നെ ഇക്കാര്യത്തിൽ അസന്നിഗ്ദ്ധമായി ഒരു കാര്യം പ്രഖ്യാപിച്ചിട്ടുമുണ്ട്. അവിതമായ പലിശ വാങ്ങുന്ന ആളുകളുടെ പേരിൽ നടപടിയെടുക്കുകയാണെങ്കിൽ അതിന്റെ പേരിൽ മന്ത്രിസ്ഥാനംതന്നെ പോവുകയാണെങ്കിൽ പോകട്ടെയെന്ന് അദ്ദേഹം ധീരമായിട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. അദ്ദേഹത്തിന് ഇക്കാര്യങ്ങൾ നടപ്പിലാക്കുവാൻ കഴിയുമെന്നുള്ള പൂർണ്ണമായ ബോദ്ധ്യം എനിക്കുമുണ്ട്. 1958-ലെ മണി ലെൻഡേഴ്സ് ആക്ടിനുശേഷം 1984-ൽ റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യ ഒരു അമൻഡ്മെന്റ് കൊണ്ടുവരികയുണ്ടായി. ആ അമൻഡ്മെന്റിൽ ഇത്തരം സഹകാര്യ ഫിനാൻസ് ഏജൻസികൾ നിക്ഷേപങ്ങൾ സ്വീകരിക്കുന്ന കാര്യങ്ങളിലൊക്കെ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിനു സമയബന്ധിതമായിട്ടുള്ള ഒരു അമൻഡ്മെന്റായിരുന്നു റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യ കൊണ്ടുവന്നത്. രണ്ടുകൊല്ലത്തിനിടയിൽ ഇത് ക്രമീകരിക്കണമെന്നാണ് അമൻഡ്മെന്റിൽ പറഞ്ഞിട്ടുള്ളത്, ഇങ്ങനെ നിക്ഷേപങ്ങൾ സ്വീകരിച്ച് ഭീമമായ രീതിയിൽ പലിശ കൊടുത്ത് സമാന്തര സമ്പദ്വ്യവസ്ഥതന്നെ കെട്ടിപ്പടുക്കുന്ന ആളുകളെ നിയന്ത്രിക്കാൻ വേണ്ടിയുള്ളതായിരുന്നു ആ അമൻഡ്മെന്റ്. റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യയുടെ ആ ഉദ്ദേശ്യത്തിൽ പറയുന്ന രണ്ട് കൊല്ലത്തിനുള്ളിൽ ചെയ്യാൻ പറഞ്ഞിട്ടുള്ള കാര്യങ്ങൾപോലും ഫിനാൻസ് ഏജൻസികൾ ചെയ്തിട്ടില്ല. യഥാർത്ഥത്തിൽ ഇത്തരം ഏജൻസികളുടെ തെറ്റ് പൊറുക്കുവാൻവേണ്ടി കൊണ്ടുവന്നതിനു ശേഷവും ഇത്തരം ഏജൻസികൾ തഴച്ചുവളരുന്ന സ്ഥിതിവിശേഷമാണുള്ളതെന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കണം.

ഒരു കാര്യം നമ്മൾ ആലോചിക്കേണ്ടതായിട്ടുണ്ട്. ഈ രാജ്യത്ത് സഹകാര്യ ഫിനാൻസ് ഏജൻസികൾ വളർന്നതിന്റെ പിന്നിലുള്ള കാരണം ചിന്തിക്കേണ്ടതാണ്. ഇവിടെ ശ്രീ. തങ്കരാജ് ചൂണ്ടിക്കാണിച്ചതുപോലെ നമ്മുടെ രാജ്യത്തെ ബാങ്കുകളിൽ സാധാരണക്കാരനും ദരിദ്രർക്കും ഇപ്പോഴും കയറിച്ചെല്ലാൻ ഇടയില്ലാത്ത വിധത്തിലുള്ള ഒരു സമീപനമാണ് നിലവിലുള്ളത്. ബാങ്ക് മാനേജർമാരും ഇവിടത്തെ വൻകിടക്കാരും തമ്മിൽ ഒരു അവിശുദ്ധമായ കൂട്ടുകെട്ട് ഉണ്ടാക്കുന്നുണ്ടോയെന്നുള്ള കാര്യം ശ്രദ്ധിക്കേണ്ടതാണ്.

സർ, 1969-ൽ ഇന്ത്യയിലെ ബാങ്കുകൾ ദേശസാൽക്കരിക്കുന്നതിനുള്ള നടപടി ശ്രീമതി ഇന്ദിരാഗാന്ധി എടുത്തപ്പോൾ അത് ഇന്ത്യാ രാജ്യം കണ്ട വിപ്ലവകരമായ നടപടിയായിരുന്നു. അക്കാലംവരെ ടാറ്റായ്ക്കും ബിർളായ്ക്കും വൻകിടക്കാർക്കും മാത്രം കയറി ചെല്ലാൻ കഴിഞ്ഞിരുന്ന ബാങ്കുകളിൽ പണിയെടുക്കുന്നവർക്കും സാധാരണക്കാർക്കും കൃഷിക്കാർക്കും കയറിച്ചെല്ലാൻ പറ്റുന്ന വിധത്തിലുള്ള വിപ്ലവാത്മകമായ ഒരു മാറ്റം

LIBRARY ARCHIVES Kerala Legislative Assembly

വരണമെന്നായിരുന്നു ശ്രീമതി ഇന്ദിരാഗാന്ധി അന്ന് ബാങ്ക് ദേശസാൽക്കരണം കൊണ്ട് ഉദ്ദേശിച്ചത്. അന്ന് ഈ രാജ്യത്തെ സാധാരണക്കാർക്കും കൃഷിക്കാർക്കും ഇടത്തരക്കാർക്കും കയറി വരാൻ ബാങ്കുകളുടെ വാതിലുകൾ തുറന്നുകൊടുത്ത ശ്രീമതി ഗാന്ധിയുടെ നടപടിക്കുശേഷം പിന്നീട് ബാങ്ക് മാനേജർമാർ സാധാരണക്കാർക്ക് കയറിച്ചെല്ലാൻ സാധിക്കാത്തവിധം ബാങ്കിന്റെ പടിവാതിലുകൾ വീണ്ടും കൊട്ടി അടയ്ക്കാനുള്ള ശ്രമം ഈ രാജ്യത്ത് നടത്തുന്നുണ്ട് എന്ന കാര്യത്തെപ്പറ്റി ഞാൻ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. പാവപ്പെട്ടവൻ വല്ല കടലാസും കൊണ്ടുചെന്നാൽ അതിന് യാതൊരു വിലയുമില്ല. ഐ. ആർ. ഡി. പി. പ്രകാരം കിട്ടുന്ന ലോണിനുവേണ്ടി ബാങ്കിന്റെ പടിക്കൽ എത്രയോ ദിവസം കാത്തു കിടക്കേണ്ടി വരുന്ന അവസ്ഥയുണ്ട്. അപ്പോൾ ഇവിടത്തെ പ്രൈവറ്റ് ഫൈനാൻഷ്യൽ ഏജൻസികൾ വളരുന്നതും വികാസം പ്രാപിക്കുന്നതും ഒക്കെ ഈ നയവൈകല്യങ്ങൾ കാരണമാണ്. ഒരു കാര്യത്തിൽ എനിക്ക് സന്തോഷമേയുള്ളൂ. കേന്ദ്ര ധനകാര്യ സഹമന്ത്രി ശ്രീ. ജനാർദ്ദൻ പൂജാരി ധീരമായി ചില നടപടികൾ എടുക്കുകയുണ്ടായി. അദ്ദേഹമെടുത്ത ധീരമായ നടപടികളുടെ ഫലമായി, ഇപ്പോൾ ശ്രീ. തച്ചടി പ്രഭാകരന് എതിരായിട്ട് ഇവിടത്തെ ചില ഏജൻസികൾ പറയുന്നതുപോലെ, ശ്രീ. പൂജാരിയെ തൂക്കിലേറ്റാൻ വേണ്ടി ബാങ്ക് ഉടമസ്ഥൻമാർ നിന്നു. ശ്രീ. പൂജാരി പറഞ്ഞു ഇതു നടക്കുകയില്ലെന്ന്. നിങ്ങൾ സാധാരണക്കാരന് കൊടുക്കാനുള്ള പണം കൊടുക്കണം. അപ്പരുടെ 5,000 രൂപയ്ക്ക് താഴെയുള്ള നിക്ഷേപത്തിന് സെക്യൂരിറ്റി വേണ്ട എന്നു പറഞ്ഞത് നിങ്ങൾ നിർബന്ധിച്ചു കഴിഞ്ഞാൽ സമ്മതിക്കുകയില്ലെന്നു പറഞ്ഞ് ധീരമായ ചില നടപടികളെടുത്തു. അങ്ങനെ നടപടികളെടുത്തപ്പോൾ ശ്രീ. ജനാർദ്ദൻ പൂജാരിക്ക് എതിരായിട്ട് ഇവിടത്തെ ബാങ്കിലെ ആളുകൾ സംഘടിച്ചു. അദ്ദേഹത്തെ തൂക്കിൽ കയറ്റാൻ ശ്രമിച്ചു. നിർഭാഗ്യവശാൽ ശ്രീ. ജനാർദ്ദനൻ പൂജാരി എടുത്ത നയങ്ങളെ മറ്റൊരു അർത്ഥത്തിൽ ഇവിടെ പ്രതിപക്ഷ പാർട്ടികൾ എതിർക്കുന്നത് ഖേദകരമാണ്. യഥാർത്ഥത്തിൽ ഇത്തരം ഏജൻസികൾ ചെയ്യുന്ന തെറ്റിനെ തെറ്റായി നമ്മൾ പറയണം. ഇവിടെ ഇപ്പോൾ ശ്രീ. എസ്. ആർ. തങ്കരാജ് സംസാരിച്ചപ്പോൾ ബാങ്കുകളിൽ ഭരണ കക്ഷിക്കാർ ചെന്നാലെ പണം കൊടുക്കുകയുള്ളൂ പ്രതിപക്ഷക്കാർ ചെന്നാൽ പണം കൊടുക്കില്ലെന്നു പറഞ്ഞു. ഇങ്ങനെ പറയുന്നതു ഖേദകരമാണ്. ബാങ്കുകൾ തെറ്റു ചെയ്യുന്നുണ്ടെങ്കിൽ അതിനെ കൂട്ടായിട്ട് എതിർക്കുന്നതിനുപകരം ബാങ്കുകൾ ഭരണ കക്ഷിക്കാരുടെ ബാങ്കുകളാണെന്നു പറയുന്നത് കൂട്ടായിട്ട് ഇതിനെ എതിർക്കുന്നതിനു വേണ്ടിയുള്ള സംശുദ്ധമായ മാർഗ്ഗത്തിൽനിന്ന് മറ്റൊരു മാർഗ്ഗത്തിലേക്ക് പോകുന്ന നടപടിയാണ്. ശ്രീ. പൂജാരി തന്നെ പൂണ്ടിക്കാണിച്ചത്, ബാങ്കുകൾ ദേശവൽക്കരിക്കുന്ന കാര്യത്തിൽ ശ്രീമതി ഗാന്ധി വിജയിച്ചു, പക്ഷേ ബാങ്കുകളിലെ ജീവനക്കാരുടെ മനസാക്ഷി ദേശവൽക്കരിക്കുന്ന കാര്യത്തിൽ വിജയിച്ചില്ല, അത് ശരിയാണ്. ഇത്തരം ഏജൻസികൾ വളരുന്നതിന്റെ പിന്നിൽ ബാങ്കുകളിലെ സഹായകരമല്ലാത്ത നിലപാട് കൂടിയുണ്ട്. അതുകൊണ്ട് ബാങ്കുകൾ കൂടുതൽ ജനകീയമായി പ്രവർത്തിപ്പിക്കുന്നതിനെപ്പറ്റിയുള്ള ചിന്തകൂടി ഉണ്ടാകണം.

മറ്റൊരു കാര്യം എനിക്ക് പറയുവാനുള്ളത്, ബ്ലേഡ് കമ്പനികളെക്കുറിച്ചാണ്. ബ്ലേഡ് കമ്പനികളിൽ ലൈസൻസ് ഉള്ളവയുണ്ട്. ലൈസൻസ് കിട്ടുന്നതിനുവേണ്ടിയുള്ള നടപടിക്രമങ്ങൾ തന്നെ വളരെയധികം ശക്തിപ്പെടുത്തേണ്ടതുണ്ട്. ഇപ്പോൾ ചെറിയ സംവിധാനമുള്ള ആർക്കും ഇത് തുടങ്ങാമെന്നും ആളുകളുടെ കഴുത്തറുക്കാമെന്നുമുള്ള ഒരു സ്ഥിതിയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ലൈസൻസ് ഇല്ലാതെയും ബ്ലേഡ് കമ്പനികൾ പ്രവർത്തിക്കുന്നുണ്ട്. നമ്മുടെ രാജ്യത്ത് ലൈസൻസുള്ള ഇത്തരം ഏജൻസികളെ നിയന്ത്രിക്കുവാൻ നമ്മൾ ശ്രമിക്കണം. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന ഏജൻസികൾക്കു ഓഡിനൽ ആക്ടിൽ ഉണ്ടായിരുന്ന ശിക്ഷ ആയിരം ഉറുപ്പികയായിരുന്നു പക്ഷെ ഈ നിയമത്തിന്റെ ഫലമായി അത്തരം ഏജൻസികൾക്കു മൂന്നു മാസം മുതൽ മൂന്നു കൊല്ലംവരെ തടവും 50,000 രൂപവരെ പിഴയും വർദ്ധിപ്പിക്കുവാൻവേണ്ടി വകുപ്പു വച്ചു. ഇവിടെ പലരും ചോദിച്ചു, വലിയ ഒരു നിയമം വരാൻ പോകുന്നു, പിന്നെ എന്തിനാണ് ഇങ്ങനെ ഒരു പെറിയ നിയമമെന്ന് ? വലിയ നിയമം വരട്ടെ. വലിയ നിയമം വന്നിട്ട് സമഗ്രമായി ഇതിലെ തെറ്റുകൾ തിരുത്താൻ ആവശ്യമായ കാര്യങ്ങൾ ചെയ്യുന്നതിന് മുമ്പ് ഇത്തരം ഒരു നിയമം കൊണ്ടുവന്ന് ഈ കഴുത്തറുപ്പൻ പരിപാടിക്ക് എതിരായിട്ട് ഇത്രയെങ്കിലും ഒരു സ്റ്റെപ്പ് എടുക്കാൻ കഴിഞ്ഞത് തീർച്ചയായും സ്വാഗതാർഹമാണ്. ഇപ്പോഴത്തെ സ്ഥിതിയെ ന്താണെന്നുവച്ചാൽ ആയിരം ഉറുപ്പിക ട്രഷറിയിലടച്ച് അപേക്ഷിച്ചാൽ ഒരു ഏജൻസിക്ക് ഒരു ലക്ഷം രൂപയുടെ ഇടപാട് നടത്താൻ 5000 രൂപയുടെ സെക്യൂരിറ്റി മതി. ഒരു ലക്ഷം മുതൽ അഞ്ചു ലക്ഷം രൂപ വരെയുള്ള ഇടപാട് നടത്താൻ പതിനായിരം രൂപയുടെ സെക്യൂരിറ്റി മതി. അഞ്ചു ലക്ഷം മുതൽ പത്തു ലക്ഷം രൂപ വരെയുള്ള ഇടപാടിന് 25,000 രൂപയുടെ സെക്യൂരിറ്റി മതി. പത്തു ലക്ഷത്തിനു മുകളിലുള്ള ഇടപാടിന് 50,000 രൂപയുടെ സെക്യൂരിറ്റി മതി. ആ ഒരു അവസ്ഥയാണ് ഇന്നുള്ളത്. അത്തരം കാര്യങ്ങളെ സംബന്ധിച്ച് വളരെ ഗൗരവമായിട്ട് ചിന്തിക്കണം. ഇത്തരം ഏജൻസികൾക്കു അങ്ങനെ വ്യാപാരം നടത്താൻ പറ്റുന്ന വിധത്തിൽ ഒരു സാഹചര്യം ഉണ്ടാക്കി കൊടുക്കരുത്. അതുകൊണ്ട് ഈ സെക്യൂരിറ്റി കൂട്ടണം. അവരെ സംബന്ധിച്ചിടത്തോളം ഇങ്ങനെ ആർക്കും തോന്നിയ വിധത്തിൽ ഒരു ഫൈനാൻഷ്യൽ ഇൻസ്റ്റിറ്റിറ്റ്യൂഷൻ ഉണ്ടാക്കിയിട്ട് പ്രവർത്തിപ്പിക്കുവാൻ പറ്റുന്ന ഒരു സാഹചര്യം ഉണ്ടാക്കരുത്. മറ്റൊരു കാര്യംകൂടി എനിക്ക് ചൂണ്ടിക്കാണിക്കുവാനുള്ളത്, ഇവരുടെ ചാർട്ടേർഡ് അക്കൗണ്ടന്റിനെക്കൊണ്ട് അക്കൗണ്ട് ആഡിറ്റ് ചെയ്യാൻ ഇതിൽ വകുപ്പു വച്ചു. അതു പോരാ. അവരുടെ അക്കൗണ്ടിനെ സംബന്ധിച്ച് സൂക്ഷ്മമായി പരിശോധിക്കാൻ കുറച്ചുകൂടി വ്യാപ്തമായിട്ടുള്ള നടപടി എടുക്കണമെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കുവാനുള്ളത്. ഏതായാലും ശരി നമ്മുടെ രാജ്യത്ത് ഇങ്ങനെ ഒരു സമാന്തരമായിട്ടുള്ള സമ്പദ്ഘടന കെട്ടിപ്പടുക്കാൻ ശ്രമിക്കുന്ന ആളുകളുടെ നടുവൊടിക്കാൻ വേണ്ടിയുള്ള ധീരമായ നടപടിയുടെ തുടക്കം മാത്രമാണ് ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി ഇതുവഴി ചെയ്യുന്നത്. തീർച്ചയായിട്ടും ഇത് സ്വാഗതാർഹമാണ്. ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. സി. എഫ്. തോമസ് : സർ, 1958-നുശേഷം 28 കൊല്ലം പിന്നിട്ട് ഇങ്ങനെ ഒരു പുതിയ നിയമ നിർമ്മാണത്തിനുവേണ്ടി ഈ നിയമസഭയിൽ അങ്ങ് ചെയർമാനായിട്ടുള്ള എസ്റ്റിമേറ്റ്സ് കമ്മിറ്റി നമ്മുടെ സംസ്ഥാനത്ത് ഉണ്ടായിരിക്കുന്ന ഗുരുതരമായ ഈ രംഗത്തെ കുറിച്ച്, സമാന്തര സമ്പദ്ഘടനയെക്കുറിച്ച് നൽകിയ റിപ്പോർട്ട്, അതിനുശേഷം ഇന്നത്തെ എസ്റ്റിമേറ്റ്സ് കമ്മിറ്റി നൽകിയ റിപ്പോർട്ട്, ഇതൊക്കെ തീർച്ചയായും ഈ ഭേഗതി ബില്ലിന് പ്രേരകമായിരിക്കും. എന്തായിരുന്നാലും നമ്മുടെ ധനകാര്യമന്ത്രി കാണിച്ച ചങ്കൂറ്റത്തെ ഞാൻ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. ഇത് നമ്മുടെ രാജ്യത്ത് ഏറ്റവും അപകടകരമായ സാഹചര്യമുണ്ടാക്കും. ആളുകളെ സംബന്ധിച്ച് ഒരു കഴുത്തറുപ്പൻ രീതിയിലേക്കു നമ്മുടെ ബ്ലേഡ് കമ്പനികൾ മാറിക്കഴിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അതിന്റെ ദുഷ്യഫലങ്ങൾകൊണ്ട് നമ്മുടെ എല്ലാ മേഖലയിലെയും ആളുകൾ വിഷമിക്കുകയാണ്. അതിന് ഒരു മാറ്റം വരണമെങ്കിൽ നല്ല ഒരു ബില്ല് ആവശ്യമാണ്. നമ്മുടെ ധനകാര്യ മന്ത്രി ഇന്ന് ബിൽ അവതരിപ്പിച്ചുകൊണ്ട് നടത്തിയ പ്രസംഗത്തിൽ പറഞ്ഞു, ഈ ബില്ലുകൊണ്ട് എല്ലാ കുഴപ്പങ്ങളും പരിഹരിക്കാൻ ഒക്കുകയില്ലെന്ന്. വളരെ സമഗ്രമായ ഒരു ബിൽ ആവശ്യമാണെന്നും പറഞ്ഞു. ഒരുപക്ഷേ സമഗ്രമായ ബിൽ നമ്മുടെ ധനകാര്യ മന്ത്രി ഉണ്ടാക്കുമ്പോൾ ഈ ചർച്ച അതിനു ഉപകരിക്കുമെന്ന് പ്രതീക്ഷിക്കുകയാണ്. ഇവിടെ ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ സൂചിപ്പിച്ചതുപോലെ ചാർട്ടേർഡ് അക്കൗണ്ടന്റിനെകൊണ്ട് ആഡിറ്റ് ചെയ്യിക്കുമെന്നു പറഞ്ഞു. പക്ഷെ അങ്ങനെ ആഡിറ്റ് ചെയ്ക എന്നു പറഞ്ഞാൽ അത് പൂർണ്ണമായിട്ടും ഫലപ്രദമല്ല. ഇങ്ങനെയുള്ള സ്ഥാപനങ്ങൾ നിയമിക്കുന്നതാണ് ചാർട്ടേർഡ് അക്കൗണ്ടന്റിനെ. അപ്പോൾ എന്തെങ്കിലും തകരാറുകളുണ്ടെങ്കിൽ ചാർട്ടേർഡ് അക്കൗണ്ടന്റുമാരുമായി കൺസൾട്ട് ചെയ്തു അവർ നിർദ്ദേശിക്കുന്ന തരത്തിലുള്ള മാറ്റങ്ങൾ വരുത്തിക്കൊണ്ടായിരിക്കും ഈ ബില്ലിൽ പറയുന്ന സ്ഥാപനങ്ങളിലേക്കോ അധികാരമുള്ള വ്യക്തികൾക്കോ കണക്ക് സമർപ്പിക്കുന്നത്. അതുകൊണ്ട് അത് പൂർണ്ണമായും ഫലപ്രദമാണോ; ചാർട്ടേർഡ് അക്കൗണ്ടന്റിനെക്കൊണ്ട് മാത്രം പരിശോധിപ്പിച്ചാൽ എങ്ങനെ നിയന്ത്രിക്കാൻ സാധിക്കുമെന്നുള്ളത് തീർച്ചയായിട്ടും പരിശോധിക്കേണ്ടതാണ്. അതുപോലെ ഇന്ന് നിർണ്ണയിച്ചിരിക്കുന്ന ഈ വ്യവസ്ഥകൾ ഈ ബില്ലിനകത്തുകൂടി വ്യവസ്ഥചെയ്യേണ്ടതുണ്ട്. പക്ഷേ ഈ നിയമത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കുവാൻ എത്രത്തോളം സാധിക്കുമെന്നത് പരിശോധിക്കേണ്ടതുണ്ട്. ഇന്ന് നിലവിലുള്ള നിയമത്തിൽ സെയിൽസ് ടാക്സ് വകുപ്പിലെ ഉദ്യോഗസ്ഥൻമാർക്കു മാത്രമേ അധികാരമുള്ളു എന്നു പറഞ്ഞു. അത് നാളെ പോലീസ് വകുപ്പിലെ ഉദ്യോഗസ്ഥൻമാർക്കുകൂടി കൊടുക്കുകയാണ്. പക്ഷെ, ഈ രംഗത്ത് അഴിമതിയുണ്ടാകാതെ പ്രത്യേകം നോക്കണം. പോലീസ് വകുപ്പിൽ ഏതു ഉദ്യോഗസ്ഥൻമാർ വരെയുള്ളവർ പരിശോധിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നത് നന്നായിരിക്കും. അതുപോലെ ഒരുപാട് വ്യവസ്ഥകൾ ഉണ്ടാക്കുന്നതിനുമാത്രമല്ല ആ വ്യവസ്ഥകൾ എങ്ങനെ നടപ്പിലാക്കാൻ സാധിക്കുമെന്നുള്ള കാര്യത്തിൽ നിർബന്ധം പിടിക്കണം. അങ്ങനെയുള്ള കാര്യങ്ങൾ ഈ വ്യവസ്ഥകൊണ്ട് രാജ്യത്തെ ജനങ്ങൾക്ക് പ്രയോജനമുണ്ടാകണം. നിയമമുണ്ടാക്കാൻ മാത്രമല്ല നിയമം നടപ്പിലാക്കൻകൂടി ഈ ഗവൺമെന്റ് മുൻകൈ എടുക്കണം. നമ്മുടെ രാജ്യത്ത് ബ്ലേഡ് കമ്പനികൾ ഉണ്ടാകുന്നതിനെക്കുറിച്ചുള്ള ഉൽക്കണ്ഠ എല്ലാവരും പ്രകടിപ്പിക്കുമ്പോൾ അതോടൊപ്പം തന്നെ പറയുന്ന ഒരു കാര്യമുണ്ട്. അപ്പുറത്തിരിക്കുന്നവരും ഇവിടെ ഇരിക്കുന്നവരുമെല്ലാം പറയുന്ന വസ്തുതകളുണ്ട്. ആളുകളുടെ ആവശ്യങ്ങൾ നിറവേറാൻ മറ്റു സംവിധാനം വേണം. അതുകൂടെ ഗവൺമെൻറ് അംഗീകരിക്കേണ്ടതുണ്ട്. ഇന്ന് നമ്മുടെ രാജ്യത്ത് പെറുകിടക്കാർ, ഇടത്തരക്കാർ—ഇവരൊക്കെയുണ്ട്. നഗര പ്രദേശങ്ങളിൽ താമസിക്കുന്ന ആളുകൾക്കു പോലും വായ്പാ സൗകര്യമില്ല. നമ്മുടെ ഐ. ആർ. ഡി. പി. ലോണിനെ കുറിച്ച് പറഞ്ഞു. ആ ലോൺ ബ്ലോക്ക് പ്രദേശങ്ങളിൽ താമസിക്കുന്ന ആളുകൾക്ക് മാത്രമേ ലഭ്യമാകുന്നുള്ളൂ. നഗര പ്രദേശങ്ങളിൽ താമസിക്കുന്ന ആളുകൾക്ക് ആ വായ്പ വേണമെങ്കിൽ ഇന്ന് അതിന് സൗകര്യമില്ല. അത് നിഷേധിക്കപ്പെട്ടിരിക്കയാണ്. നഗരങ്ങളിൽ താമസിക്കുന്നവർ, ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർ, ഇടത്തരക്കാർ, ചെറുകിടക്കാർ—ഇവർക്കുള്ള വായ്പാ സൗകര്യം എങ്ങനെ കൂട്ടാം എന്നതിനെ സംബന്ധിച്ച് ഗവൺമെൻറ് ആലോചിക്കേണ്ടതുണ്ട്. ഒരു പക്ഷേ കേന്ദ്രഗവൺമെൻറായിരിക്കും അതാം കാര്യങ്ങളിൽ നടപടിയെടുക്കേണ്ടതെങ്കിൽ കേന്ദ്ര ഗവൺമെൻറിനെക്കൊണ്ട് ആ കാര്യം തീരുമാനിപ്പിക്കാൻ ആവശ്യമായ സമ്മർദ്ദം നമ്മുടെ ഗവൺമെൻറ് സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ നമ്മുടെ കേന്ദ്ര മന്ത്രി എടുത്ത ചില നടപടികളെക്കുറിച്ച് പറയുകയുണ്ടായി. കേന്ദ്ര ഗവൺമെൻറ് നിർദ്ദേശിച്ച രീതിയിൽ നമ്മുടെ നാഷണലൈസ്ഡ് ബാങ്കുകൾ നടത്തിയില്ലെങ്കിൽ അതിനുള്ള പരിഹാരം കാണാൻ നമ്മുടെ ഗവൺമെൻറ് മുന്നോട്ടു വരണം. നഗരങ്ങളിൽ താമസിക്കുന്ന ആളുകൾക്കും ഗ്രാമങ്ങളിൽ താമസിക്കുന്ന ആളുകൾക്കും ഓരോ ബാങ്കുകാരും അവരുടെ നിക്ഷേപത്തുകയുടെ ഇത്ര ശതമാനം വായ്പയായി കൊടുത്തിരിക്കണമെന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്. അത് നടപ്പിലാക്കാത്ത ബാങ്കുകൾ ഏതെന്ന് നമ്മൾ തിരക്കേണ്ടതുണ്ട്. ഇപ്പോൾ നാഷണലൈസ്ഡ് ബാങ്കുകളും ഷെഡ്യൂൾഡ് ബാങ്കുകളും ഇതുപോലെ വായ്പകൾ കൊടുക്കണമെന്നാണ് പറയുന്നത്. പക്ഷെ നമ്മുടെ രാജ്യത്തെ ഷെഡ്യൂൾഡ് ബാങ്കുകൾ ആവശ്യത്തിന് വായ്പകൾ കൊടുക്കുന്നില്ല. ദേശവൽകൃത ബാങ്കുകൾ കൊടുക്കുന്നതുപോലെ സാധാരണക്കാരുടെ ആവശ്യങ്ങൾക്ക് ഷെഡ്യൂൾഡ് ബാങ്കുകൾ വായ്പ കൊടുക്കുന്നില്ല. ആ കുറവ് പരിഹരിക്കുവാൻ കേന്ദ്ര ഗവൺമെൻറു തന്നെ വരണമെന്നില്ല. നമ്മുടെ ഗവൺമെൻറിനു തന്നെ ഷെഡ്യൂൾഡ് ബാങ്കിലെ അധികാരികളെ വിളിച്ചുകൂട്ടി ഡിസ്ക്കസ് ചെയ്ത് അവർക്ക് നിർദ്ദേശിച്ചിരിക്കുന്ന അളവിൽ വായ്പ കൊടുക്കുന്നുണ്ടോയെന്ന് പരിശോധിക്കാവുന്നതാണ്. പലയിടത്തും ബാങ്ക് മാനേജർമാർക്ക് മടിയാണ്. ബ്രാഞ്ചു് മാനേജർമാർ അവർക്ക് നിർദ്ദേശിച്ചിരിക്കുന്ന പെർസൻറേജ്–അവിടെയുള്ള നിക്ഷേപത്തുകയുടെ പെർസൻറേജ്–വായ്പയായി കൊടുക്കുന്നില്ല. ഇനി ആരെങ്കിലും കൊടുക്കാൻ തീരുമാനിച്ചാൽ ഈ ബാങ്കുകളിൽ നടപടിക്രമം എങ്ങനെയാണ്? 5,000 രൂപയുടെ ബിസിനസ് വായ്പ വേണമെങ്കിൽ ബാങ്ക് മാനേജർമാരെ സമീപിക്കുന്ന പാവപ്പെട്ട ചെറുകിടക്കാരനായ കച്ചവടക്കാരനോട് അവർ ആദ്യം നടപടിക്രമങ്ങളുടെ നൂലാമാല അവതരിപ്പിക്കുകയാണ്. അതിന് പ്രത്യേകം അപേക്ഷാ ഫാറമുണ്ട്. ആ അപേക്ഷാ ഫാറം അന്നേരം അവിടെ ആ ബ്രാഞ്ചിൽ എത്തിയില്ലായിരിക്കാം. അല്ലെങ്കിൽ റീജണൽ ആഫീസിൽ കിട്ടിയില്ലായിരിക്കാം.

അപേക്ഷാഫാറം ഇല്ലെങ്കിൽ അത് വരാൻ കാലതാമസമായി. പക്ഷേ ഫോം ഉണ്ടെങ്കിലും സമീപിക്കുന്ന ആളിനെ തിരിച്ച് അയക്കുകയാണ്. ആ ഫോറവും കൊണ്ടുവരുമ്പോൾ വീണ്ടും അതിന് കൊളാറൽ സെക്യൂരിറ്റി ചോദിക്കുകയാണ്. അവർ വസ്തു ഈടുമായിട്ട് ചെന്നാൽ ബാദ്ധ്യതാ സർട്ടിഫിക്കറ് കൊടുക്കാൻ പറയും. ബാദ്ധ്യതാ സർട്ടിഫിക്കറിനു് സബ് രജിസ്ട്രാർ ഓഫീസിലേക്ക് പോകുന്നു. ആ ബാദ്ധ്യതാ സർട്ടിഫിക്കറുമായി തിരിച്ചു വരുമ്പോൾ ആ ബാദ്ധ്യതാ സർട്ടിഫിക്കറ് പരിശോധിച്ച് അവിടംകൊണ്ട് തീരുമാനിക്കുന്നില്ല. അതിനുള്ള അധികാരം ബ്രാഞ്ചു് മാനേജർക്കില്ല. ഹെഡ് ഓഫീസിലേക്ക് അയയ്ക്കുന്നു. ഹെഡ് ഓഫീസിൽ ചെന്നാൽ ക്രെഡിറ് സെക്ഷനിലേക്ക് വിടുന്നു. ഇതിനൊക്കെ കാരണം പല മേശപ്പുറങ്ങളിൽ മാറുന്നതുകൊണ്ടാണ്. ക്രെഡിറ് സെക്ഷനിൽ ചെന്നാൽ അവിടെയും പരിശോധനയായി. അവിടംകൊണ്ടും തീരുന്നില്ല. ആ സെക്ഷനിൽ നിന്ന് ലീഗൽ സെക്ഷൻറെ ഹെഡ് ഓഫീസിൽ ചെല്ലുകയാണ്. ലീഗൽ ഡിപ്പാർട്ടുമെൻറിൽനിന്ന് നേരെ ബ്രാഞ്ചിലേക്ക് അയച്ച് അവർ അനേകം അന്വേഷണങ്ങൾ നടത്തുകയാണ്. അതിന് ഓരോന്നിനും മറുപടി കൊടുക്കാൻ മാസങ്ങൾ പിടിക്കുന്നു. അതിനുശേഷം ഹെഡ് ഓഫീസിലേക്കും അവിടെ നിന്ന് റീജിണൽ ഓഫീസിലേക്കും അയയ്ക്കുന്നു. അങ്ങനെ നീണ്ട മാസങ്ങൾ കഴിഞ്ഞിട്ടാണ് പാവപ്പെട്ട ഒരു കച്ചവടക്കാരന് നഗരത്തിൽ ഒരു ചെറിയ കച്ചവടം തുടങ്ങുന്നതിന് 5,000 രൂപ വായ്പ ആവശ്യമുണ്ടെങ്കിൽ അത് കിട്ടുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഇതാണ് ഇന്നത്തെ നടപടിക്രമങ്ങൾ. അതൊന്ന് ലളിതമാക്കാൻ നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഷെഡ്യൂൾഡ് ബാങ്കിന്റെ ഉടമസ്ഥൻമാരെയെങ്കിലും ഒന്ന് വിളിച്ചുകൂട്ടി പറയാൻ പാടില്ലേ? ഈ നടപടിക്രമം ലഘൂകരിച്ചാൽ, ഒരു വായ്പാപേക്ഷ കൊടുത്താൽ ഇന്ന സമയംകൊണ്ട് ഈ വായ്പ ലഭിക്കാൻ ആവശ്യമായിട്ടുള്ള തീരുമാനം ഗവൺമെന്റിന് അവരെക്കൊണ്ട് സമ്മർദ്ദം ചെലുത്തിയെങ്കിലും എടുക്കാൻ പറ്റില്ലേ? ഒരിടത്തും വായ്പ കിട്ടാനില്ലാതെ ആളുകൾ വളരെ വിഷമിക്കുമ്പോൾ അവർ ബ്ലെയിഡ് കമ്പനിയെയാണ് ആശ്രയിക്കുന്നത്. നമ്മുടെ രാജ്യത്ത് നിയന്ത്രിച്ചിരിക്കുന്ന സ്ത്രീധനത്തിനുപോലും ബ്ലേഡ് കമ്പനികളെയാണ് ആശ്രയിക്കുന്നത്. അതുപോലെ എത്ര ആവശ്യങ്ങൾക്കും ഇന്ന് ആളുകൾ മുട്ടുന്നത് ഈ ബ്ലെയിഡ് കമ്പനികളെയാണ്. അല്ലാതെ അവർക്ക് ഒരു മാർഗവുമില്ലാതെ വരുന്നു. അതുകൊണ്ട് ഒരു നിയമം നിർമ്മിക്കുമ്പോൾ ഒരു മാർഗം അടയ്ക്കുന്നു. ഒരു മാർഗത്തിനെതിരായി കർശനമായ നിലപാടെടുക്കുന്നു. അത് ഈ രാജ്യത്തെ ജനങ്ങളെല്ലാം ആവശ്യപ്പെടുന്നു എന്ന് ധനകാര്യമന്ത്രി അംഗീകരിക്കുന്നു. പക്ഷേ അതോടൊപ്പം തന്നെ വായ്പാ സൗകര്യം നമ്മുടെ എല്ലാ മേഖലയിലും, സഹകരണമന്ത്രി ഇപ്പോൾ ചർച്ചയിൽ ഇടപെട്ടു പറഞ്ഞു. സഹകരണ മേഖലയിൽ പുതിയ സംഘങ്ങൾ ഉണ്ടാക്കുക, ആവശ്യത്തിന് ലോണുകൾ കിട്ടും എന്ന്. പച്ചക്കറി കച്ചവടക്കാർക്ക്, ചെറുകിട കർഷകർക്ക്, വ്യാപാരികൾക്ക് എല്ലാം ലോൺ കിട്ടും. പക്ഷെ ഇതിനൊക്കെയുള്ള സംവിധാനത്തിൽ ഇന്ന് വല്ല മാറ്റങ്ങളും വരുത്തിയിട്ടുണ്ടോ? ഇതൊക്കെ കുറച്ചുകൂടി ഗൗരവമായെടുത്തുകൊണ്ട് ഒന്ന് speed up ചെയ്ത് നമ്മുടെ സഹകരണ സംഘങ്ങൾ, ഷെഡ്യൂൾഡ് ബാങ്കുകൾ, ദേശസാൽകൃത ബാങ്കുകൾ, അവയൊക്കെ കൊടുക്കുന്ന വായ്പയുടെ എണ്ണം വർദ്ധിപ്പിക്കുകയും, അതിനുള്ള നടപടിക്രമം ലഘൂകരിക്കുകയും ചെയ്യണമെന്ന് പ്രത്യേകമായി അഭ്യർത്ഥിച്ചുകൊണ്ട് ഈ ബില്ലിനെ ഞാൻ അനുകൂലിക്കുന്നു.

ശ്രീമതി കെ. ആർ. ഗൗരി : സർ, അങ്ങ് അനുവദിക്കുമെങ്കിൽ സെലക്ട് കമ്മിറ്റിക്ക്. അയക്കണമെന്നുള്ള ഭേദഗതിയുടെ കൂടെ 'To look into provisions of original Act' എന്നുകൂടി ചേർക്കണം. ഈ ബില്ല് ഒരു ഓർഡിനൻസായും, അതുകഴിഞ്ഞതിനുശേഷം അടിയന്തിരമായി പാസ്സാക്കപ്പെട്ട ഒരു നിയമമായും കൊണ്ടുവരുമ്പോൾ വിധത്തിലുള്ള ഒരു പ്രൊവിഷനും ഞാൻ നോക്കിയിട്ട്. ഇതിൽ ഇല്ല. ഇന്ന് ഇതിൽ കൊണ്ടുവന്നിരിക്കുന്ന പ്രൊവിഷൻ അവരുടെ അക്കൗണ്ട് ആഡിറ്റ് ചെയ്യണമെന്നാണ്. സാധാരണ സി. എ. യൊക്കെ പാസ്സായിട്ടുള്ള ഒരു ആഡിറ്റിനെക്കൊണ്ട് ഒന്ന് ആഡിറ്റ് ചെയ്യണം. രണ്ട്, 12 ശതമാനം എന്നു പറഞ്ഞിരിക്കുന്നത് ഇന്ന് ബാങ്കിൽ നിന്ന് 12 ശതമാനത്തിന് കടം കിട്ടുകയില്ല. അതുകൊണ്ട് ബാങ്കിൽ നിന്ന് കിട്ടുന്ന പണത്തിന്റെ രണ്ട് ശതമാനം കൂടുതൽ പലിശയാക്കി. ആ പലിശ വാങ്ങി അവർക്ക് എടുക്കാനുള്ളതാണ്. അതുപോലെ in conveying sanction for introduction ഇതിൽ വേറെ ഒന്നും പറഞ്ഞിട്ടില്ല. ആരോ സംസാരിച്ചപ്പോൾ ഇവിടെ പറയുന്നതു കേട്ടു പോലീസുകാർക്കുകൂടി അധികാരം കൊടുത്തിരിക്കുന്നു എന്ന്. ഞാൻ കണ്ടില്ല. ഇത് police cognisable offence ആണെന്ന് മാത്രമേ പറഞ്ഞിട്ടുള്ളൂ. അതുകൊണ്ട് പോലീസ് ഉടനേ തന്നെ കേസ് എടുക്കത്തക്ക വിധത്തിൽ ഈ നടപടിക്രമം ഒന്നും വന്നിട്ടില്ല. 1958-ൽ പാസാക്കിയ നിയമം ആണ് The Kerala Money Lenders ബില്ല്. അന്ന് ഉണ്ടായിരുന്ന സാഹചര്യമനുസരിച്ച് നമ്മുടെ ബാങ്കുകൾ ഒക്കെ ദേശസാൽക്കരിക്കുന്നതിന് വളരെ മുമ്പ് നാട്ടിൻ പുറങ്ങളിൽ പണം കടം കൊടുക്കുന്നതായ, മണി ലെൻഡേഴ്സിനെ

LIBRARY ARCHIVES Kerala Legislative Assembly

നിയന്ത്രിച്ച് നിറുത്തുന്നതിനുവേണ്ടി കൊണ്ടുവന്ന ഒരു നിയമമാണ്. കോ-ഓപ്പറേറീവ് സൊസൈറ്റികൾപോലും ഇത്ര വളർന്നിട്ടില്ല. അതു കൊണ്ട് അവരെ നിലനിറുത്തി കൃഷിക്കാരന് ദോഷം വരാത്ത രീതിയിൽ അവരുടെ നടപടിക്രമങ്ങൾ ആവിഷ്ക്കരിക്കുന്നതിനുവേണ്ടിയാണ് 1958-ൽ ആ നിയമം പാസാക്കിയത്. അതു കഴിഞ്ഞതിനുശേഷം 1963-ൽ ഭേഗതി വന്നിട്ടുണ്ട്. ഇപ്പോഴും ഒരു ഭേഗതി വന്നിട്ടുണ്ട്. സെക്യൂരിറ്റി വയ്ക്കുന്തുക ഇത്രയിത്ര എന്നു പറഞ്ഞ് വർദ്ധിപ്പിച്ചുകൊണ്ടുള്ള നിയമനിർമ്മാണം വന്നിട്ടുണ്ട്. ഈ അടുത്ത കാലത്തായി നമ്മുടെ നാട്ടിലുണ്ടായിട്ടുള്ള ഈ പണം ഇടപാടുകാരുടെ ബാഹുല്യവും പണം ഇടപാടുകാർ ഇന്ന് ഈടാക്കുന്നതായിട്ടുള്ള അമിതമായ പലിശയും നമ്മുടെ സമൂഹത്തിൽ ഇന്ന് അവർ ഇത്തിൾക്കണ്ണിപോലെ പിടിച്ചുകൊണ്ട് ജനങ്ങളുടെ പോര ഊറ്റിക്കുടിക്കുന്ന നടപടിക്രമവും നിലനിന്നുപോകത്തക്ക വിധത്തിലല്ലാതെ ഇതിനൊരു ശാശ്വത പരിഹാരമോ അല്ലെങ്കിൽ തെല്ലൊരാശ്വാസമോ കൊടുക്കത്തക്ക വിധത്തിലുള്ള ഒരു നടപടിക്രമം ഇതിൽ ഇല്ല. ആണ്ട് അവസാനം ആഡിറ്ററെ കൊണ്ട് അക്കൗണ്ട് ആഡിറ്റ് ചെയ്യിപ്പിക്കണം. അക്കൗണ്ടിൽ നേരെ എഴുതണം. അക്കൗണ്ടിൽ നേരെയെഴുതുകയാണെങ്കിൽ 12 ശതമാനം പലിശയാണ് പണ്ട് പറഞ്ഞിരിക്കുന്നത്. ആ 12 ശതമാനത്തിൽ കൂടുതൽ പലിശ ഇടാക്കിയാൽ അവരെ ശിക്ഷിക്കാനും നിയമത്തിൽ വ്യവസ്ഥയുണ്ട്. ആ നിയമത്തിൽ ഇന്ന് വ്യവസ്ഥ വച്ചിരിക്കുന്നത് പതിനെട്ടോ ഇരുപതോ ശതമാനമാണ്. അതുകൊണ്ട് അക്കൗണ്ടിൽ എഴുതണം. എന്നുമാത്രമല്ല, അവർക്ക് ഇങ്ങോട്ട് ഡെപ്പോസിറ്റ് വാങ്ങാൻ അവകാശമുണ്ടായിരുന്നത് മറ്റുവിധത്തിൽ പെറിയ ഒരു പഴുതു വച്ചുകൊണ്ട് ഡെപ്പോസിറ്റ് സ്വീകരിക്കത്തക്ക നടപടിയുമുണ്ടാക്കി. ഇതെങ്ങനെ ഇല്ലാതാക്കാം, ഇവർ ഇന്ന് കൃത്രിമമായി നടത്തുന്ന ഈ നടപടികൾ എങ്ങനെ ഇല്ലാതാക്കാം. അതാണ് ആലോചിക്കേണ്ടത്. ഒരു ആഡിറ്ററെക്കൊണ്ട് ആഡിറ്റ് ചെയ്താൽ എന്താണ്. ഏതെങ്കിലും വിധത്തിൽ ഒരു ആഡിറ്ററെക്കൊണ്ട് അക്കൗണ്ട് ആഡിറ്റ് ചെയ്താൽ മതിയോ ? ട്രെയിഡ് യൂണിയനുകൾ അക്കൗണ്ട് ആഡിറ്റ് ചെയ്യിക്കും. നമ്മുടെ ചാരിറ്റബിൾ സൊസൈറ്റിയുടെ അക്കൗണ്ട് ആഡിറ്റർ ആഡിറ്റ് ചെയ്തു കൊടുക്കുമോ ? നമ്മുടെ നാട്ടിൽ എങ്ങനെയാണ് ആഡിറ്റർ ആഡിറ്റ് ചെയ്തു കൊടുക്കുന്നതെന്ന് നമ്മൾക്ക് അറിഞ്ഞുകൂടെ. ഇങ്ങനെ രോം ആഡിറ്റ് ചെയ്ത് ഈ കണക്ക് കൊണ്ടുവന്നാൽ ആകുമോ ? ഇതിനേക്കാളും ഹീനമായിട്ടുള്ള വിധത്തിൽ ആണ് സെയിൽസ് ടാക്സ് ഓഫീസർമാർ ഇത് പരിശോധിക്കുമെന്ന് പറഞ്ഞത്. നമ്മുടെ രാജ്യത്ത് ഈ അടുത്ത കാലത്ത് വന്നിട്ടുള്ള മാറ്റത്തിന്റെ അടിസ്ഥാനത്തിൽ സെയിൽസ് ടാക്സ് ഓഫീസർമാർ സമയത്തിന് പരിശോധിക്കുകയില്ല. കണ്ടാൽ നടപടിയെടുക്കുകയില്ല. ഗവൺമെന്റ് തന്നെ ഇതൊക്കെ നടപ്പിലാക്കുന്നവർക്ക് ഏരിയാ തിരിച്ച് അധികാരം കൊടുത്തിരിക്കുന്നു എന്നുള്ള നോട്ടിഫിക്കേഷൻ തന്നെ ഇഷ്യൂ ചെയ്തിട്ടുണ്ടോ എന്ന് എനിക്കറിയില്ല. ഇനി നടപടികളെക്കുറിച്ച് നോക്കാൻ സമയമില്ലാത്തതുകൊണ്ട് എനിക്ക് അറിയില്ല. ആ നോട്ടിഫിക്കേഷൻ തന്നെ ഇഷ്യൂചെയ്തോ എന്ന്, ഇന്ന് നടക്കുന്നത് സെയിൽസ് ടാക്സ് ഓഫീസർമാർ പരിശോധിക്കാറില്ല. പരിശോധിച്ചാൽ തന്നെ അവരെ തടയുന്ന ഇടപാടാണ്. ശ്രീ. തച്ചടി പ്രഭാകരൻ അതിന് കീഴടങ്ങി എന്നുള്ള അടിസ്ഥാനത്തിലല്ല ഞാൻ പറയുന്നത്. നിങ്ങൾക്ക് തരാനാണെന്നു പറഞ്ഞ് സംഘടിച്ച് ഇവർ പണം പിരിക്കുകയാണ്. ശ്രീ. തച്ചടിയുടെ അറിവിനുവേണ്ടി ഞാൻ പറയുകയാണ്. ശ്രീ. തച്ചടി പ്രഭാകരൻ കോ-ഓപ്പറേറീവ് സൊസൈറ്റിയുടെ ആളായതുകൊണ്ട് നിങ്ങൾ അത് നശിപ്പിക്കുകയില്ലെന്നുള്ള വിധത്തിലാണ് ഞാൻ ക്ഷപറയുന്നത്. പക്ഷേ അവർ ഈ ഓർഗനൈസേഷന് വേണ്ടി ലക്ഷക്കണക്കിനു

LIBRARY ARCHIVES Kerala Legislative Assembly

രൂപ പിരിക്കുന്നുണ്ട്. ഞാൻ ഒരു ഉദാഹരണം പറയാം. കഴിഞ്ഞ പ്രാവശ്യം ഇന്നത്തെ ഇറിഗേഷൻ മന്ത്രി ധനകാര്യമന്ത്രിയായിരുന്ന അവസരത്തിൽ ഈ ബില്ലിനെ സംബന്ധിച്ച ഒരു ഭേഗതി വന്നു. ആ ഭേഗതിയിലാണ് ഇത്ര പണം കൈകാര്യം ചെയ്യുന്നവനു് ഇത്ര സെക്യൂരിറ്റി കൊടുക്കണം എന്നു വച്ചതു്: ഇതു് കഴിഞ്ഞതിനുശേഷം എറണാകുളത്തുവച്ചു് 2,800 പണമിടപാടുകാർ അവരുടേതായ സംഘടനയുടെ യോഗത്തിനു് അന്നത്തെ ധനകാര്യമന്ത്രിയേയായിരുന്നു ഉൽഘാടനത്തിനു് ക്ഷണിച്ചിരുന്നതും നോട്ടീസിൽ പേരു വച്ചിരുന്നതും. അദ്ദേഹം പോയോ ഇല്ലയോ എന്നുള്ളതു് എനിക്കറിയില്ല. അന്നത്തെ ധനകാര്യമന്ത്രി, ഇവർ കാണിക്കുന്ന കൊള്ളരുതായ്മയെ നിയന്ത്രിക്കേണ്ടയാൾ, അതിനുപകരം അവർക്കു സംഘടിച്ചു പൊരുതുന്നതിനു് കൂട്ടു നിൽക്കുകയാണു് ചെയ്തതു്. ഈ നിയമത്തിൽ എഴുതിയിരിക്കുന്ന വ്യവസ്ഥയാണു്, സെയിൽസ് ടാക്സ് ഓഫീസർമാർ അതു് പരിശോധിക്കുമെന്നു്. പരിശോധനയിൽ കാണുന്ന ക്രമക്കേടുകളെല്ലാം മജിസ്ട്രേട്ടിന്റെ അടുത്തു് അദ്ദേഹം റിപ്പോർട്ടു് ചെയ്യും.

[അദ്ധ്യക്ഷവേദിയിൽ ശ്രീ. സി. എഫ്. തോമസ്]

അങ്ങനെ റിപ്പോർട്ടു് ചെയ്യാതെ മജിസ്ട്രേട്ടിനു് നടപടിയെടുക്കാൻ പാടില്ലെന്നു് ഇതിൽ വ്യവസ്ഥയുണ്ടു്. അതു് ക്യാൻസൽ ചെയ്തിട്ടുമില്ല. അങ്ങനെ പരിശോധിക്കുന്നതായിട്ടുള്ള സെയിൽസ്ടാക്സ് ഉദ്യോഗസ്ഥൻമാർ റിപ്പോർട്ടു ചെയ്യും. റിപ്പോർട്ടു് ചെയ്യാതെ നടപടി എടുക്കാൻ പാടില്ലെന്നാണു് നിയമത്തിലെ വ്യവസ്ഥ. 1963-ൽ ഭേഗതി ചെയ്ത നിയമത്തിൽ വ്യവസ്ഥ എഴുതി വച്ചിരിക്കുന്നതു് അങ്ങനെയാണു്. അങ്ങനെയല്ലാതെ നടപടിയെടുക്കാൻ പാടില്ലെന്നുള്ള വിധത്തിൻ നിബന്ധനയിരിക്കെ എങ്ങനെ നടപടി എടുക്കുമെന്നാണു് പറയുന്നതു് ? എങ്ങനെയാണു് അതു് വരുന്നതു് ? പലിശ കൂടിയതിന്റെ കാരണത്തെപ്പറ്റി ഞാൻ ധനകാര്യ വകുപ്പുമന്ത്രിയോടു് ചോദിക്കുകയാണു്, ഇവർ പണം ബാങ്കിൽ നിന്നു് എടുത്താണോ ഈ വിധത്തിലുള്ള ഇടപാടുകളും നടത്തുന്നതു് ?. ബാങ്കുകളിലും കോ-ഓപ്പറേറ്റീവു് സൊസൈറ്റികളിലുമുള്ള പലിശ ഇത്ര കൂടുതലാണോ ? അങ്ങനെയാണെങ്കിൽ നിങ്ങൾ വേറെ ഒരു ഭേഗതി കൊണ്ടുവരണം. ഇന്നു് ഈടാക്കുന്ന അധികപ്പലിശപണം കിട്ടാൻവേണ്ടി ആരെങ്കിലും സിവിൽ കോടതികളിൽ അന്യായം കൊടുത്താൽ (ഇന്നു് 12 ശതമാനമേ പലിശ ഉള്ളൂ), അതു കൂട്ടാൻ വ്യവസ്ഥ എഴുതണം. അതു് കൂട്ടാൻ വ്യവസ്ഥയില്ലെങ്കിൽ പിന്നെ സിവിൽ കോടതികളിൽ അന്യായം കൊടുക്കുന്ന പണമിടപാടുകാരടക്കമുള്ള ആളുകൾക്കു് സിവിൽ കോടതിയിൽ നിന്നു് തുക ഈടാക്കാനുള്ള നടപടി വന്നാൽ 12 ശതമാനമേ കോടതിയിൽ പറയുന്നുള്ളൂ. നിങ്ങൾ അവർക്കു് ഒരു ആനുകൂല്യം ചെയ്തു കൊടുക്കുകയാണിപ്പോൾ. ഇന്നു് ഇതു സംബന്ധിച്ചു് രണ്ടു മൂന്നു് ബുദ്ധിമുട്ടുകളുണ്ടു്. സർ, അതെന്താണെന്നുവച്ചാൽ ഈ പണമിടപാടുകാരിൽ പലരും ഇവിടത്തെ ഇൻസ്പെക്ടർമാരുടെ പരിധിയിൽ നിന്നും അന്വേഷണത്തിൽ നിന്നു, പുറത്തുള്ളവരാണു്. അതിനുകാരണം അവർ ലൈസൻസ് എടുത്തിരിക്കുന്നതു് കേരളത്തിലെ മണിലെൻഡേഴ്സ് ആക്ടു് പ്രകാരമല്ല. അവർ ബാംഗ്ലൂർ, മദ്രാസു്, കോയമ്പത്തൂർ അല്ലെങ്കിൽ ന്യൂഡൽഹി അങ്ങനെ എവിടെ നിന്നെല്ലാം രജിസ്റ്റർ ചെയ്യാൻ കഴിയുമായിരുന്നോ അവിടെയെല്ലാം രജിസ്റ്റർ ചെയ്തു് ഒരു ആഫീസിന്റെ ബോർഡും വച്ചു് ഒരു മേശയും കസേരയും മാത്രമിട്ടു് അവിടെ രജിസ്റ്റർ ചെയ്ത സംഘടനയെന്നുള്ള നിലയിൽ പൂട്ടി താക്കോലും കൊണ്ടു് പോകുന്നു. ഈ സംഘടനകൾക്കു് ഇന്നത്തെ നിലയിൽ യാതൊരു നിയന്ത്രണവും ബാധിക്കാത്ത വിധത്തിൽ അവർക്കു് എന്തു ചെയ്യാൻ സാധിക്കത്തക്ക വിധത്തിലുള്ള നടപടിയാണിതു്. ആ നടപടി അർജൻറായിട്ടു് മാറണം. അതാണു് ഇന്നു് അത്യാപത്തായി വന്നു നിലുക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

മണിലെൻറെഴ്സിൻെറ പ്രശ്നം സംബന്ധിച്ച് ഇന്ന് നിലനില്ക്കുന്ന ഏറ്റവും വലിയ അത്യാപത്ത് അതാണ്. ആ അത്യാപത്ത് ഒന്നു മാറ്റാൻ പാടില്ലേ ? ആ അത്യാപത്ത് അവിടെ രജിസ്റ്റർ ചെയ്തിരിക്കുന്ന ആളായാലും ഈ നിയമത്തിൽ ഇത് ബാധകമാക്കുമോ ? നമ്മുടെ ആക്ട് പ്രകാരമുള്ള മറ്റു വിധത്തിലുള്ള നടപടികളും ഇതിനു ബാധകമാകുമോ ? ഇതിൽ ഒരു വ്യവസ്ഥ എഴുതിച്ചേർക്കുന്നതിൽ എന്താണിത്ര കുഴപ്പം ? നമ്മുടെ നാട്ടിലൊക്കെയുള്ള അന്തിച്ചന്തകളിൽ എങ്ങനെയാണെന്നുവച്ചാൽ കാലത്തെ പണമിടപാടുകാർ ചാക്കിനകത്ത് പണവുമായി അവിടെ വരും. ശ്രീ. കെ. കെ. തോമസ്. പറയുന്നത് ആയിരം രൂപയ്ക്ക് പത്തു രൂപയാണ് പലിശ എന്നാണ്. അതല്ല ആയിരം രൂപയ്ക്ക് 100 രൂപയാണ് പലിശ. 100 രൂപയ്ക്കാണ് 10 രൂപ പലിശ. നമ്മളും ഇങ്ങനെ ക്യുമുലേറ്റീവ് ആയിട്ട് ബാങ്കിൽ പണമിട്ടാൽ പലിശ കിട്ടും. ക്യുമുലേറ്റീവ് ആയിട്ട് പത്തു രൂപ വാങ്ങിക്കുന്ന ആളാണെങ്കിൽ എനിക്ക് സങ്കടമില്ല സർ. കാരണമെന്താണെന്നോ ഒരാൾക്ക് ജീവിക്കാനല്ലേ ; 10 രൂപയല്ലേ കിട്ടുകയുള്ളൂ. അയാൾ കാലത്തെ ആയിരം രൂപയും കൊടുത്ത് കൈയ്യുംകെട്ടി ജോലി ചെയ്യാതിരുന്നാലും കിട്ടുന്ന 10 രൂപകൊണ്ട് അയാൾക്ക് എന്തുചെയ്യാൻ പറ്റും ? പക്ഷേ വാങ്ങിക്കുന്നത് 100 രൂപയാണ്. നമ്മുടെ എല്ലാ ചന്തകളിലും ഇന്ന് പ്രബലമായിട്ടുള്ള വിധത്തിൽ നടക്കുന്നത് ഇതാണ്. പച്ചക്കറി കടയിലും മീൻ കടയിലും പലവ്യഞ്ജന കടയിലുമെല്ലാം നടക്കുന്ന ഒരു ഇടപാടാണിത്. കമലം ഉടനെ എഴുന്നേറ്റ് വളരെ കേമമായിട്ട ല്ല പറയുന്നത്. തിരുനനന്തപുരത്ത് പെറുകച്ചവടക്കാരെ സംഘടിപ്പിച്ച് സംഘടനയുണ്ടാക്കി, എല്ലായിടത്തും ഇത് ഉണ്ടാക്കാൻ പോകുന്നുവെന്ന് എവിടെ ഇരിക്കുകയായിരുന്നു ഇത്രയും നാളും? ഒരിടത്തു ഉണ്ടായതുകൊണ്ട് വല്ല കാര്യവുമുണ്ടോ ? ശ്രീ. കെ. കെ. തോമസ് ഒരു സൊസൈറ്റി ഉണ്ടാക്കി. അതുകൊണ്ട് നമ്മുടെ ചന്തയിലെ കടം കൊടുപ്പ് തീരുമോ ? ഇത് തീരത്തക്കതാണോ ? വെറുതെ മന്ത്രി ഇന്നതുപോലെയൊക്കെ ചെയ്യാമെന്നു പറയുന്നത് പത്രത്തിൽ കൊടുക്കാനല്ലാതെ വേറെ എന്താണ് ഇതുകൊണ്ടുള്ളത്. നമ്മുടെ നാട്ടിൽ ഇങ്ങനെ വന്നിരിക്കുന്നതിനെ ഒന്നു മാറ്റിത്തീർക്കണം. മണിലെൻഴ്സ് നമ്മുടെ നാട്ടിൽ വളരുകയാണു സർ. വളരുന്നതിന് രണ്ടു മൂന്നു കാര്യങ്ങളുണ്ട്. ആവശ്യമുള്ള കടം കിട്ടാത്തതുകൊണ്ടും മനുഷ്യൻെറ കടം വർദ്ധിച്ചു വരുന്നതുകൊണ്ടുമാണ് എന്നാണ് പലരും ഇവിടെ പറഞ്ഞത്. ഇവിടത്തെ കർഷകസംഘത്തിൻെറ പ്രതിനിധികളും സെക്രട്ടറിയേറ്റിൻെറ മുമ്പിൽ സമരം കിടക്കുന്നത് അയ്യായിരം രൂപവരെയുള്ള കൃഷിക്കാരുടെ കടം റദ്ദ് ചെയ്യാൻ ഗവൺമെൻറ് നടപടിയെടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ്. ഗവൺമെൻറിന് അത് പറ്റുകയില്ലെന്ന നിലപാടാണ്. കഴിഞ്ഞ പ്രാവശ്യം ശ്രീ. ഇ. കെ. നായനാരോ മറ്റോ ചോദിക്കുന്നതു കേട്ടു, അവരുടെ കടം 3,600 രൂപവരെയെങ്കിലും നിങ്ങളൊന്നു കുറയ്ക്കുമോ അതല്ലെങ്കിൽ അതിൻെറ പലിശ ഒന്ന് ഇളവു ചെയ്യുമോ എന്ന് ? ഇതൊന്നുമില്ല. ദിവസം ചെല്ലുന്തോറും ജനങ്ങളുടെ കടം കൂടിക്കൂടി വരുന്നു. അഗ്രിക്കൾച്ചറൽ ക്രെഡിറ്റ് സർവ്വേ ഇന്നത്തെ ധനകാര്യ വകുപ്പുമന്ത്രി വായിക്കേണ്ട ആളാണല്ലോ ? സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിൻെറ പ്രസിഡൻറാണല്ലോ അദ്ദേഹം. റിസർവ്വ് ബാങ്ക് നടത്തിയിരിക്കുന്ന അഗ്രിക്കൾച്ചറൽ ക്രെഡിറ്റ് സർവ്വേയിൽ എന്താണ് പറഞ്ഞിരിക്കുന്നത് ? കൃഷിക്കാരുടെ ക്രെഡിറ്റും നമുക്ക് ആകെയുള്ള ക്രെഡിറ്റും എത്ര ശതമാനമാണ് സ്വാതന്ത്ര്യം കിട്ടിയതിനുശേഷം കൂടിയിട്ടുള്ളത്. നമ്മൾ സോഷ്യലിസത്തിലേക്കും 21-ാം നൂറ്റാണ്ടിലേക്കും എത്താൻ പോകുകയാണ്. അതിലേക്ക് നമ്മൾ ഓടിക്കയറാൻ പോകുകയാണ്. അങ്ങനെ പോകാൻ പോകുന്ന ഓരോരുത്തരുടെ തലയിലും എത്ര രൂപയുടെ കടം കൂട്ടിക്കൊണ്ടാണ് മുന്നോട്ടുപോകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങളം ബഹുമാനിക്കുന്ന റിസർവ്വ് ബാങ്ക് നോക്കുന്നതാണ് ഈ അഗ്രിക്കൾച്ചറൽ ക്രെഡിറ്റ് സർവ്വേ. ഇതിനുള്ള ഒരു സംവിധാനം എങ്ങനെ വരണം ? ആ നിലയിൽ ഇത് മാറ്റിത്തീർത്തെങ്കിൽ മാത്രമേ ഈ പ്രശ്നത്തിന് ഒരു ആശ്വാസം കിട്ടുകയുള്ളൂ. ഈ ലോകത്തെ മണിലെൻഡേഴ്സിന്റെ കൈകളിൽ നിന്ന് നമ്മളെ മുഴുവനും മോചിപ്പിച്ചെടുക്കാൻ സാധിക്കുമോയെന്നു ചോദിച്ചാൽ മുഴുവനായിട്ടും സാധിക്കുമെന്നുള്ള വിശ്വാസം എനിക്കില്ല. പക്ഷേ എങ്ങനെ കുറയ്ക്കാമെന്നുള്ളതിനെപ്പറ്റി തച്ചടി പ്രഭാകരൻ ഒന്ന് ആലോചിക്കണം. നിങ്ങളെ പിടിക്കാനാണ് അവർ പോകുന്നത്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) : സർ, ബഹുമാനപ്പെട്ട ഗൗരിയമ്മ പറയുന്ന കേരളത്തിൽ അമ്പായിരം രൂപയിൽ താഴെയുള്ള വായ്പ എടുത്തിരിക്കുന്ന കൃഷിക്കാരിൽ 85 ശതമാനവും സഹകരണ സ്ഥാപനങ്ങളിൽ നിന്നാണ്. സഹകരണ സ്ഥാപനങ്ങളിൽ നിന്നുതന്നെ 170 കോടി രൂപയുടെ ഹ്രസ്വകാല, മദ്ധ്യകാല, ദീർഘകാല കാർഷിക വായ്പകളുണ്ട്. ആ വായ്പകളം ഒരു ഗവൺമെന്റിനെക്കൊണ്ടും മോറട്ടോറിയം പ്രഖ്യാപിക്കാനോ എഴുതി തള്ളാനോ സാദ്ധ്യമല്ല. ഗവൺമെന്റ് കൊടുത്തിരിക്കുന്നത് കഷ്ടിച്ച് രണ്ടു മൂന്നു കോടി രൂപയേ വരികയുള്ളൂ. അതിൽ ചില ഇളവുകളൊക്കെ ഓരോ കാലങ്ങളിൽ കൊടുത്തിട്ടുണ്ട്. അസാദ്ധ്യമായ കാര്യങ്ങൾക്കു വേണ്ടി ഇതുപോലുള്ള പ്രക്ഷോഭണങ്ങളം നടത്തുന്നതുകൊണ്ട് എന്തു ഫലമാണ് ഉണ്ടാകാൻ പോകുന്നത്.

ശ്രീമതി കെ. ആർ. ഗൗരി : മുമ്പ് ഞാനെല്ലാം ഇരിക്കുമ്പോൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ കടത്തിന്റെ കണക്ക് പരിശോധിച്ചതിനുശേഷം പലിശ റദ്ദു ചെയ്തുകൊടുത്ത് കാശു കൊടുത്തു. അതിന് എത്രയാണ് പത്തോ പതിനെട്ടോ കോടി രൂപ വേണ്ടിവന്നു. കൃഷിക്കാരെ രക്ഷിക്കാൻവേണ്ടി 18 കോടി രൂപയുടെ പലിശ ഇളവു ചെയ്തു കൊടുത്തു. ഞങ്ങളുടെയെല്ലാം നിർബന്ധത്തിന്റെ ഫലമായിട്ടാണ് ആ വിധത്തിൽ ചെയ്തത്. ഇതൊന്നും സാധിക്കാത്ത കാര്യങ്ങളല്ല. ലോകത്ത് സാധിക്കാത്ത എന്തു കാര്യമാണുള്ളത്. എനിക്ക് ഓർമ്മയുണ്ട് സർ, ഞാൻ കമ്മ്യൂണിസ്റ്റ് പാർട്ടിയിലേക്ക് വരുന്നകാലത്ത് കൃഷിഭൂമി കൃഷിക്കാർക്ക്, ജൻമിത്വം അവസാനിപ്പിക്കും എന്നൊക്കെയുള്ള മുദ്രാവാക്യങ്ങളം എന്റെ മുഖത്തുനോക്കി പറഞ്ഞിട്ടുള്ള ആളുകളം ഇന്ന് പട്ടയമുള്ളവന്റെ ഭൂമി എടുക്കും അല്ലേ ? അന്നു വെറുതെ ഇങ്ങനെ ആകാശത്തിലേക്ക് കൈ ഉയർത്തി ഇടിച്ചു ചോദിച്ചതാണ്. നമ്മുടെ നാട്ടിൽ അതു കുറെ നടന്നില്ലേ ? പരിപൂർണ്ണമായി നടന്നുവെന്നു ഞാൻ പറയുന്നില്ല. അങ്ങനെ നടക്കത്തക്ക വിധത്തിലുള്ള നടപടികളം വേണം; അതിനാവശ്യമായിട്ടുള്ള നീക്കവും വേണം. ഇപ്പോൾ ഈ നിയമം ഇന്നത്തെ നിലയിൽ ഫലപ്രാപ്തിയിലേക്ക് എത്താൻവേണ്ടി തച്ചടി പ്രഭാകരനോ മറ്റാളുകൾക്കോ ഈ പറയുന്ന വിധത്തിലുള്ള എന്തെങ്കിലും നടപടിയെടുക്കാൻ ഈ നിയമത്തിൽ യാതൊരു പ്രൊവിഷനുമില്ല. ആ ഡിറ്റെക്ഷൻ ആഡിറ്റ് ചെയ്താൽ എഴുതിവയ്ക്കുന്ന കണക്ക് അയാൾ ആഡിറ്റ് ചെയ്തു തരും. നിങ്ങൾ പറഞ്ഞതിനുശേഷം 18 ശതമാനമോ 20 ശതമാനമോ പലിശ എന്നു പറഞ്ഞാൽ ഇനി എഴുതുന്ന കണക്കുകളിലും 20 ശതമാനമെന്നു എഴുതും. ഇതിനുമുമ്പുള്ള കണക്കുകളിൽ അത് 12 ശതമാനമേ ഈടാക്കിയുള്ളൂ എന്നും വരും. ആ വിധത്തിലുള്ള കണക്കുകളെ ഉള്ളൂ, ഇത് മാറ്റി തീർക്കാൻ എന്താണ് നടപടി ? പെട്ടെന്നുള്ള ഇൻസ്പെക്ഷൻ നടത്തി ഇവരെ പിടിക്കുന്നതിനുള്ള നടപടി വരണം. പുറത്തുള്ള രജിസ്റ്റർ ചെയ്ത സംഘങ്ങം നിങ്ങളുടെതായിട്ടുള്ള അന്വേഷണത്തിലും നിങ്ങളുടെ ഇൻസ്പെക്ഷനിൽ നിന്നും പുറത്തുപോയിട്ടുണ്ട്. ആ പുറത്തുപോയിട്ടുള്ള ആളുകളെ ഇതിന്റെ ഉള്ളിലേക്ക് കൊണ്ടുവരാൻ ഈ നിയമത്തിൽ ഭേദഗതി വേണം.

LIBRARY ARCHIVES Kerala Legislative Assembly

മേൽപ്പറ പെനാൽറ്റി കൂടിയതുകൊണ്ടോ അല്ലെങ്കിൽ അവരെ തൂക്കാൻ വിധിച്ചതുകൊണ്ടോ ഇതു നില്ക്കുമെന്നാണോ വിചാരം ? ശ്രീ. ബഷീർ ഇവിടെനിന്ന് പ്രസംഗിക്കുന്നതു കേട്ടപ്പോൾ എനിക്ക് അതിശയം തോന്നി സർ. മുഹമ്മദൻലായും മുഹമ്മദീയരുമൊക്കെ പറയുന്നത് പലിശ വാങ്ങാൻ പാടില്ലെന്നാണ്. എന്നിട്ട് ബഷീർ അവിടെനിന്ന് പലിശയുടേതായിട്ടുള്ള കമങ്ങളും ബാക്കിയുള്ളതുമൊക്കെ പ്രസംഗിക്കുന്നതുകേട്ടപ്പോൾ എനിക്ക് അതിശയം തോന്നി. ഞാൻ പറയുന്നത് ഇവരുടെയിടയിൽ നിന്ന് ഈ ആളുകളെ ഒന്നു രക്ഷിക്കാനും തൽക്കാലം ഒരു ആശ്വാസം കൊടുക്കാനും നിങ്ങളുടെ ഒരൊറ്റ ഭേഗതിക്കും സാദ്ധ്യമല്ല പലിശ 12 എന്നുള്ളത് 18 ആയി. ഇപ്പോൾ അത് ഇരുപതും ഇരുപത്തിയൊന്നുമായി. 19 ഇപ്പോൾ ഈടാക്കുന്നുണ്ട്. നിങ്ങൾ ചിലപ്പോൾ ഇൻസിഡൻറൽ എക്സ്പെൻസും വച്ച് ഭേഗതിയിൽ 20 ശതമാനമായിരിക്കും കൊടുക്കുന്നത്. 22 ശതമാനം ഈടാക്കുമെന്നു പറഞ്ഞ് 12 ശതമാനമുള്ള സ്ഥാനത്ത് നിങ്ങൾ 22 ശതമാനമാക്കി കൊടുത്ത് അവരെ സഹായിക്കും. ആ വിധത്തിലുള്ളതാണ് മറ്റു നടപടികളെല്ലാം. പിന്നെ ഡപ്പോസിറ്റ് സ്വീകരിക്കാതിരിക്കാൻ നിങ്ങൾക്ക് എന്താണ് നടപടിയുള്ളത് ? അതിന് മൂന്ന് അനേമലിയാണല്ലോ കാണുന്നത്. ഒന്ന് പുറത്തുള്ളവരുടേത് നമുക്ക് പരിശോധിക്കാൻ കഴിയാത്തത്. രണ്ട്, സെയിൽടാക്സ് ഓഫീസർമാരും മറ്റും അവർ ഇന്നു ചെയ്യുന്നതായിട്ടുള്ള നടപടികളും അവരുടെ കണക്കിനെയടിസ്ഥാനത്തിൽ പരിശോധിക്കുകയും മറ്റും ചെയ്യാത്തതുകൊണ്ട്. മൂന്ന്, ഡപ്പോസിറ്റ് സ്വീകരിച്ച് പൊതുജനങ്ങളിൽ നിന്ന് പണവും സ്വീകരിച്ച് അവരെ ആവാഹിച്ചെടുത്ത് ചില കള്ളൻമാർ ഇട്ടേച്ചുപോയി, അവർ നാടുംവിട്ട് പോയി. അതും ഉണ്ട്.

ഈ പണമിടപാടുകാരെന്നും പറഞ്ഞുകൊണ്ടുള്ള പണമൊക്കെ വാങ്ങിച്ചു കൊണ്ട് ചിലയാളുകൾ വലിയ കമ്പനികളടക്കം കേരളത്തിന് വെളിയിലേക്ക് കൊണ്ടുപോകുന്നു. പിയർലസ് കമ്പനി ഇപ്പോൾ കേരളത്തിലുണ്ടോയെന്ന് സംശയമാണ്. അതിപ്പോൾ കേരളത്തിലുണ്ടോ ? എന്തായാലും ഞങ്ങളുടെ നാട്ടിൽനിന്ന് ഒരു പിയർലെസ് കാരൻ പോയിട്ട് അയ്യായിരമോ ഒരു അഞ്ചോ എട്ടോ കോടി രൂപയുടെ കെട്ടിടം അവിടെ വച്ചിട്ടുണ്ട്. കണ്ണിക്കുഴിയിൽകൂടി പോകുമ്പോൾ നിങ്ങൾ നാഷണൽ ഹൈവേയുടെ വലത്തോഗത്തേക്ക് ഒന്നുനോക്കിയാൽ മതി 8 കോടി രൂപയുടെ ഒരു കെട്ടിടം അവിടെ വച്ചിട്ടുണ്ട്. ഞാൻ പറയുകയാണ് നമ്മൾ ഇത് എങ്ങനെ നിയന്ത്രിക്കാൻ ശ്രമിച്ചാലും ചിലയാളുകൾ പണം വാങ്ങിച്ചിട്ട് നാടുവിടും. നിങ്ങൾ ഇപ്പോൾ എന്താണ് ഈ മൂന്ന് വകുപ്പുകൾ ഭേഗതി ചെയ്യാൻ പോകുന്നത് ? എന്തുവരുമെന്നാണ് പറയുന്നത് ? കണ്ണിൽ പൊടിയിടാനാണോ ? എന്താണുള്ളത് ? തച്ചടി, നിങ്ങൾ കോ-ഓപ്പറേറീവ് കാരനാണ്. സ്റ്റേറ്റ് കോ-ഓപ്പറേറീവ് ബാങ്ക് നശിക്കാതിരിക്കാൻ നിങ്ങൾ അവിടെ വേറെ ആളെ ഏല്പിച്ചിട്ടു വന്നതാണെങ്കിലും നിങ്ങൾ ദിവസവും പോയി 1 P.M. നോക്കുന്നുണ്ട്. എന്താണ് അവിടെ നടക്കുന്നതെന്ന്. ആ നിലയിൽ അത് നശിക്കാതിരിക്കാൻ ശ്രമിക്കുന്നുണ്ട്. നമ്മുടെ ക്രെഡിറ്റ് ഫെസിലിറ്റീസ് സ്ഥാപനങ്ങൾ പൊതുജനങ്ങളെ ചൂഷണം ചെയ്യാതിരിക്കാൻ നിങ്ങളുടെ ഈ മൂന്നു ഭേഗതികൾ കൊണ്ട് കഴിയുകയില്ല, ഇതുകൊണ്ട് ഒരു ഗുണവും ഉണ്ടാകാൻ പോകുന്നില്ല. അതുകൊണ്ട് സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന ഭേഗതിയിൽ To look in the Provision of the original Act എന്നു കൂടി ചേർക്കണം എന്നു പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ : സർ, സെലക്ട് കമ്മിറ്റിയുടെ സമഗ്രമായ പരിശോധനയ്ക്ക് ഇതിനെ വിടണമെന്നുള്ള ഭേദഗതിയെ ഞാൻ അനുകൂലിക്കുന്നു.

സർ, ഈ ബില്ലിനെപ്പറ്റിയുള്ള പ്രസംഗങ്ങളിൽ ശ്രീമാൻ എം. എം. ഹസ്സനെപ്പോലുള്ള ആളുകളും ഇവിടെ ശ്രീമാൻ തച്ചടി പ്രഭാകരനെ ഒരു ദൈവദൂതനായി തന്നെ ഉയർത്തി, പ്രത്യേകിച്ചും ഈ രാജ്യത്തെ പണമിടപാടുകാരെയും അതുമായി ബന്ധപ്പെട്ടവരെ ഒക്കെ വരിഞ്ഞുകെട്ടി പാവങ്ങളെ രക്ഷിക്കാനുള്ള രക്ഷകൻ എന്ന മട്ടിലാണ് പറഞ്ഞു കണ്ടത്. ധനകാര്യമന്ത്രി ആയതിനെത്തുടർന്ന് ശ്രീ. തച്ചടി തന്നെ നടത്തിയ പ്രസംഗങ്ങളിൽ ഈ ബ്ലേഡ് കമ്പനിക്കാരെ ഒക്കെ ശരിയാക്കുമെന്ന് പല തവണ ആവർത്തിച്ചാവർത്തിച്ച് പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. ആ പശ്ചാത്തലത്തിൽ ഇങ്ങനെയൊരു ബിൽ വന്നപ്പോൾ ഞങ്ങളൊക്കെ വിചാരിച്ചത് ഇതൊരു സമഗ്രമായ ഈ ബ്ലേഡ് കമ്പനിക്കാരെയൊക്കെ ഫലപ്രദമായി നിയന്ത്രിക്കാൻ കഴിയുന്ന ഒരു നിയമമായിരിക്കുമെന്നാണ്. ഇത്ര വലിയ പ്രതീക്ഷയോടെ കാത്തിരുന്ന ഒരു കാര്യം മന്ത്രി വായിച്ചപ്പോൾ പണ്ട് 'മല എലിയെ പ്രസവിച്ചു' എന്നതുപോലെ അത്ര നിരാശാജനകമായിരുന്നു. ഇതിനകത്ത് ഇവിടെ പലരും ചൂണ്ടിക്കാണിച്ചതുപോലെ ഇപ്പോൾ ഗൗരിയമ്മ ചൂണ്ടിക്കാണിച്ചതുപോലെ രണ്ടുമൂന്നു വകുപ്പുകളിൽ ചെറിയ ചെറിയ ഭേദഗതികൾ വരുത്തിയിട്ടുണ്ട്. ഈ രംഗത്ത് രാമേശ്വരത്തെ ക്ഷൗരംപോലെ ഓരോ കൊച്ചു വകുപ്പിനും ഓരോ ഭേദഗതിയും അതിനൊരു ഓർഡിനൻസും അതിനൊരു നിയമവും ഉണ്ടാക്കുന്ന ഈ പാഴ്വേല ഒന്നവസാനിപ്പിക്കാനെങ്കിലും അദ്ദേഹം ശ്രമിച്ചില്ലല്ലോ എന്ന ഖേദമാണ് എനിക്ക് അക്കാര്യത്തിലുള്ളത്. ഈ മണി ലെൻഡിംഗ്—മണിലെൻഡർ എന്നറിയപ്പെടുന്നയാൾ അല്ലെങ്കിൽ സ്വകാര്യ പണമിടപാടുകാർ എന്നോ അല്ലെങ്കിൽ ബ്ലേഡ് കമ്പനിക്കാരെന്നോ പറയുന്ന ആളുകളെ നിയന്ത്രിക്കാൻ പ്രഖ്യാപനങ്ങളും നടത്തിയതുകൊണ്ട് എന്തെങ്കിലും ചില കാര്യങ്ങളും ചെയ്തുവെന്ന് വരുത്തുവാനാണെങ്കിൽ നാട്ടുകാരെ ബോധ്യപ്പെടുത്താനാണെങ്കിൽ ഇങ്ങനെയൊരു മണിലെൻഡേഴ്സ് ഭേദഗതി നിയമം അവതരിപ്പിച്ചിരിക്കുന്നതെന്ന് പറയാതെന്നല്ലാതെ ഇതുകൊണ്ട് ആ രംഗം കൈയ്യടക്കി വച്ച് ജനങ്ങളെ ചൂഷണം ചെയ്യുന്ന ഈ തട്ടിപ്പുകാരെ നിയന്ത്രിക്കുന്നതിന് ഫലപ്രദമായ യാതൊരു നടപടിയും ചെയ്യാൻ സാധിക്കുകയില്ല എന്നുള്ള കാര്യത്തിൽ ആർക്കും സംശയമുണ്ടാകേണ്ട കാര്യമില്ല. ഇവിടെ കമ്മേഴ്സിയൽ ബാങ്കുകൾക്ക് പലിശ ഈടാക്കാനുള്ള ഭേദഗതി അതിനേക്കാൾ 2% പലിശ കൂടുതൽ വാങ്ങാനുള്ള ഭേദഗതിയൊക്കെ..... ഇതൊന്നും ഈ മന്ത്രിയുടെ സംഭാവനയല്ല. റിസർവ് ബാങ്ക് ഈ രംഗത്ത് ഈയിടെ നടത്തിയിട്ടുള്ള ചില ഭേദഗതികളും ഇതിനകത്ത് കൊണ്ടുവന്നതല്ലാതെ വേറെ എന്തു കാര്യത്തിലാണ് ഒരു ഭേദഗതി കൊണ്ടുവന്നിട്ടുള്ളത് എന്ന് എനിക്ക് മനസ്സിലാകുന്നില്ല. ബ്ലേഡ് കമ്പനികളും ഈ രാജ്യത്ത് വളരെ ശക്തി പ്രാപിച്ചു കഴിഞ്ഞിരിക്കുന്നുവെന്ന് ശ്രീമാൻ എ. സി. ജോസ് പറയുന്നു. പത്രങ്ങളിൽ പരസ്യ പ്രസ്താവനകളും വരുന്നുണ്ട്. അഡ്വർടൈസിസ്മെൻസ് വരുന്നതിനെക്കുറിച്ചും പറഞ്ഞു. അവർ പരസ്യം കൊടുക്കുന്ന കൂട്ടത്തിൽ ആ കമ്പനിയുടെ യോഗ്യതയും ആ സ്ഥാപനത്തിന്റെയോ ആ സ്ഥാപനവുമായിബന്ധപ്പെട്ടവരുടേയോ ആയ സ്ഥാപനങ്ങളുടെ നീണ്ട പട്ടിക കൂടി കൊടുത്തിരിക്കും. വലിയ വലിയ ഒട്ടനവധി സ്ഥാപനങ്ങളും നടത്തുന്നവരാണ് ഇത് നടത്തുന്നതെന്നും പ്രമാണം കൊടുക്കുന്നു. അതെല്ലാം കണ്ടാൽ വളരെ ഉറപ്പുള്ള സ്ഥാപനമാണെന്നുള്ള നിലയിൽ പലരും പണം നിക്ഷേപിക്കാൻ ചെല്ലും. അങ്ങനെ കുറെക്കാലം കഴിയുമ്പോൾ ആ നിക്ഷേപകരുടെ ആ പണമെല്ലാം നഷ്ടപ്പെടുന്ന വിധത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ആ പ്രൈവറ്റ് ബാങ്ക് അല്ലെങ്കിൽ ആ ചിട്ടി കമ്പനി അല്ലെങ്കിൽ ആ ബ്ലേഡ് കമ്പനി പൊളിയുന്നു. ഇത് പൊളിഞ്ഞാൽ അതിൽ പണം മുടക്കിയവർക്കെല്ലാം കാശ് തിരിച്ചു കിട്ടാൻ യാതൊരു മാർഗ്ഗവുമില്ല. ഈ ഒട്ടനവധി സ്ഥാപനങ്ങളുടെ സഹോദര സ്ഥാപനമെന്നുള്ള പേര് പ്രചരണപ്പെടുത്തികൊണ്ടും പ്രസിദ്ധപ്പെടുത്തികൊണ്ടും തുടങ്ങുന്ന ഇത്തരം സ്ഥാപനം പൊളിയുമ്പോഴും ഈ സഹോദര സ്ഥാപനങ്ങളും ഈ സഹകരണ സ്ഥാപനങ്ങളും തമ്മിൽ യാതൊരു ബാദ്ധ്യതയും വരുന്നില്ല. അപ്പോഴും ആളുകളെ കബളിപ്പിക്കാൻ വേണ്ടി മാത്രം മറ്റ് സ്ഥാപനങ്ങളും നടത്തുന്നവരാണെന്നുള്ള ധാരണ ജനങ്ങളിൽ ഉണ്ടാക്കാൻവേണ്ടി ജനങ്ങളെ കബളിപ്പിക്കുന്ന ഇത്തരം പരസ്യങ്ങളും ഈ ഗവൺമെന്റും ഈ മന്ത്രിയും മൈനോരിറ്റി കാണുന്നതായി അതിനെ നിയന്ത്രിക്കാനോ അതിനുവേണ്ടി എന്തെങ്കിലും സംവിധാനം ഉണ്ടാക്കാനോ അങ്ങനെയൊരു ഏർപ്പാട് ഇതിനകത്തുണ്ടോ? അത്തരം സ്ഥാപനങ്ങളുടെ ഈ സ്ഥാപനങ്ങളിൽ അവരുടെ പേരുംകൂടി ഉപയോഗിച്ചുകൊണ്ട് സമാഹരിക്കുന്ന നിക്ഷേപം തിരിച്ച് കൊടുക്കുന്നതിനുള്ള ബാദ്ധ്യത ഫിക്സു ചെയ്യുന്നതിനും അത് വസൂലാക്കി കൊടുക്കുന്നതിനും എന്തെങ്കിലും നടപടി ഇതിൽ എടുത്തിട്ടുണ്ടോ? അതിനുവേണ്ടി ഫലവത്തായ യാതൊരു നടപടിയും അതിനുവേണ്ടിയുള്ള യാതൊന്നും തന്നെ ചെയ്യുന്നില്ലെന്നുള്ളത് വളരെ പ്രകടമാണ്. സർ, ഇവിടെ പലിശയെപ്പറ്റിയൊക്കെ പറയുന്നുണ്ട്. കുട്ടിലെ പശു പുല്ല് തിന്നുകയില്ല എന്നു പറയുന്നതുപോലെ പതിനേഴര ശതമാനവും പത്തൊൻപതര ശതമാനവും ഇരുപത്തിരണ്ടര ശതമാനവും ഒന്നുമല്ല പലിശ വാങ്ങുന്നത്. 50 മുതൽ 60 ശതമാനം വരെ പലിശ വാങ്ങുന്നുണ്ട്. ഇത് നിയന്ത്രിക്കാൻ ഫലപ്രദമായ എന്തു മാർഗ്ഗമാണുള്ളത്? ആഡിറ്റർമാർ പരിശോധിക്കും എന്നു പറഞ്ഞാൽ ആഡിറ്റർമാർ പരിശോധിക്കാത്ത ഏതെങ്കിലും സ്ഥാപനം ഈ രാജ്യത്ത് ഉണ്ടോ? സഹകാര്യ ആഡിറ്റർമാരും ചാർട്ടേഡ് അക്കൗണ്ടൻമാരും ആഡിറ്റ് ചെയ്യാത്ത വല്ല സ്ഥാപനവുമുണ്ടോ? അവർ ആഡിറ്റ് ചെയ്ത് അതിന്റെ പൂലോഭാലകം കണ്ടുപിടിച്ചാൽ അതുകൊണ്ട് എന്തു ഗുണമുണ്ട്? ഇത് ഫലപ്രദമായി നടപ്പിലാക്കാൻ സർക്കാരിന് എന്തു മിഷിനറിയാണുള്ളതെന്ന് മന്ത്രി ഇതുവരെ പറഞ്ഞിട്ടില്ല. ഈ മണി ലെൻഡേഴ്സിന്റെ പ്രവർത്തനങ്ങൾ പരിശോധിക്കാൻ ഓരോ ജില്ലയിലും ഓരോ ഇൻസ്പെക്ടറെ എങ്കിലും നിയോഗിക്കണമെന്ന് റവന്യൂ വകുപ്പിന്റെ നിർദ്ദേശമുണ്ടായിരുന്നിട്ടും ആ റവന്യൂ ബോർഡിന്റെ നിർദ്ദേശംപോലും ഈ സർക്കാർ അംഗീകരിച്ചിട്ടില്ല. ഉള്ള ഏർപ്പാട് ഇതേപടി തുടരുന്നുവെന്നുള്ളതിൽ കവിഞ്ഞ് ഇതിനകത്ത് പ്രയോജനകരമായി ഒന്നും കാണുന്നില്ല. പ്രചരണപരമായിട്ടുള്ള കാര്യങ്ങൾ മാത്രമേ കാണുന്നുള്ളൂ എന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഇവിടെ ആകെയുള്ള പ്രധാനമെന്താണ്? ഇവിടെ നിക്ഷേപകരെ ആകർഷിക്കാൻ കുറുപിടി കാര്യങ്ങൾ നടത്തുന്നു. എന്തുകൊണ്ടാണ് നിക്ഷേപകർ അവിടെ കയറി ചെല്ലുന്നത്? അവിടെ ചെല്ലുന്ന ആളുകൾ ആരൊക്കെയാണെന്ന് ഞാൻ പറയേണ്ട കാര്യമില്ല. ആയുഷ്ക്കാലം മുഴുവൻ പണിയെടുത്ത് കിട്ടിയ ഗ്രാറ്റുവിറ്റിയും പി. എഫും എല്ലാ സംഖ്യയും കാത്തിരുന്ന് അവർ വാങ്ങിച്ചുകൊണ്ടു പോകുന്നു. പലിശ വാങ്ങാനാണ് ആളുകൾ അവിടെ ചെല്ലുന്നത്. നമ്മുടെ രാജ്യത്തുള്ള ബാങ്കുകളിൽ സ്വർണ്ണവും പണയമായിട്ട് സ്വീകരിച്ചുകൊണ്ടുപോലും അവർക്ക് വായ്പ കൊടുക്കാൻ നമ്മുടെ ബാങ്കുകൾ തയ്യാറാകുന്നില്ല. ഈ രാജ്യത്തെ ബാങ്കിംഗ് സമ്പ്രദായം തന്നെ ഈ രാജ്യത്തെ പ്രൈവറ്റ് മണി ലെൻഡേഴ്സിനെ പ്രോത്സാഹിപ്പിക്കാൻ ഉതകുന്ന വിധത്തിൽ അനാവശ്യമായ നിയന്ത്രണങ്ങളും അധികമായ നിയന്ത്രണങ്ങളും വരുത്തുന്നതിന്റെ ഫലമായിട്ടാണ്. ഇത്തരം

LIBRARY ARCHIVES Kerala Legislative Assembly

സ്വകാര്യ സ്ഥാപനങ്ങളും ബ്ലേഡ് കമ്പനികളും ഉണ്ടാകുന്നത്. ഈ ബ്ലേഡ് കമ്പനികൾക്ക് നേതൃത്വം കൊടുക്കുന്നതു് സമൂഹത്തിലെ ഏറ്റവും ഉന്നതന്മാരായ ആളുകളാണ്. ഇവിടെ ശ്രീ. എ. സി. ജോസ് പല കാര്യങ്ങളും ഇതിനെക്കുറിച്ച് പറഞ്ഞു. ശ്രീ. ജോസും ജോസിനെ നിയന്ത്രിക്കുന്ന ആളുകളും ഈ കാര്യങ്ങളൊക്കെ അറിയുന്നവരാണ്. ഈ ഭരണകൂടത്തെ തന്നെ നിയന്ത്രിക്കാൻ മാത്രമുള്ള കഴിവും ശക്തിയും ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് ഉണ്ടെന്നുള്ളതിന്റെ സൂചനയാണ് ശ്രീ. ജോസ് തന്നെ ഇവിടെ വായിച്ച ആ ഒരു പ്രസ്താവനയുടെ ഭാഗത്തിൽ കാണുന്നത്. സർ, ഞാനൊരു കാര്യം പറയാം. ശ്രീ. തച്ചടി പ്രഭാകരൻ കോ-ഓപ്പറേറീവ് ബാങ്കിന്റെ പ്രെയർമാനും അതിന്റെ ഒരു ആധികാരിക വക്താവുമാണെന്നാണ് പൊതുവേ അറിയപ്പെടുന്നത്. ഞാൻ ബാങ്കിന്റെ സംരക്ഷണത്തെപ്പറ്റി പറയുകയാണ്. ഇവിടെ അർബൻ കോ-ഓപ്പറേറീവ് ബാങ്കുകൾക്ക് ചിട്ടികൾ നടത്താനുള്ള അധികാരം ഈ അടുത്ത കാലംവരെ ഉണ്ടായിരുന്നു. എന്നാൽ ഈ അടുത്ത കാലത്ത് റിസർവ് ബാങ്ക് വരുത്തിയ ഒരു ഭേദഗതിയുടെ ഫലമായിട്ട് അവർക്ക് ചിട്ടി നടത്താനുള്ള അനുവാദം നിഷേധിച്ചിരിക്കുകയാണ്. അതിന്റെ ഫലമായി നഗരപ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന അർബൻ ബാങ്കുകളുടെ വായ്പകൾ നല്കാനുള്ള കപ്പാസിറ്റി വളരെ കുറയുകയും അവരുടെ പ്രവർത്തനത്തെ അതു് ദോഷകരമായി ബാധിക്കുകയും ചെയ്തു. ഈ അടുത്ത കാലത്ത് അർബൻ ബാങ്കിന്റെ ഒരു കോൺഫറൻസ് തിരുവനന്തപുരത്ത് വച്ച് നടന്നു. ആ കോൺഫറൻസിൽ പങ്കെടുത്തുകൊണ്ട് ശ്രീ. തച്ചടി പ്രഭാകരനും നമ്മുടെ മുഖ്യമന്ത്രിയുമൊക്കെ തന്നെ ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അന്ന് അവർക്ക് ഉറപ്പ് കൊടുത്തു. 1985 ജനുവരി മാസത്തിലാണ്. ഇതുവരെ ആ ബാങ്കിനെ രക്ഷിക്കുന്നതിന് ഒരു നടപടിയും എടുത്തിട്ടില്ല. സ്റ്റേറ്റ് ഗവൺമെന്റിന് റിസർവ് ബാങ്കുമായി ആലോചിച്ച് ഈ ചിട്ടിയുടെ നിയന്ത്രണ കാര്യത്തിൽ ആവശ്യമായ എക്സെംപ്ഷൻ കൊടുക്കാൻ പ്രൊവിഷൻസ് ഉണ്ട്. അതൊക്കെ ഉപയോഗിച്ച് ഈ സഹകരണ സ്ഥാപനങ്ങളെ രക്ഷപ്പെടുത്തി. നാഷണലൈസ്ഡ് ബാങ്കിന്റെ വായ്പാ നയം ഉദാരമാക്കിയില്ലെങ്കിൽ ബ്ലേഡ് കമ്പനികളെ നിയന്ത്രിക്കാൻ ശ്രമിച്ചതുകൊണ്ട് ഫലപ്രദമായി ഒന്നും ചെയ്യാൻ കഴിയുകയില്ല എന്ന കാര്യം പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പി. വിജയദാസ് : സർ, 15-12-1986 വരെ ഇത് പൊതുജനാഭിപ്രായം ആരായുന്നതിനുവേണ്ടി വിടണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. നമ്മുടെ ധനകാര്യമന്ത്രി അധികാരത്തിൽ വന്ന സമയത്ത് അദ്ദേഹത്തിന്റെ സഹകരണമേഖലയിലുണ്ടായിരുന്ന പരിചയസമ്പത്തുവച്ചുകൊണ്ട് ആദ്യമായി അദ്ദേഹം കൈവച്ചത് അല്ലെങ്കിൽ പ്രസ്താവന ഇറക്കിയത് സ്വകാര്യ പണമിടപാടുകാരെ നിയന്ത്രിക്കുമെന്നുള്ളതായിരുന്നു. ആ പ്രസ്താവനയോടുകൂടി അല്ലെങ്കിൽ ആ കൈവയ്പോടുകൂടി അദ്ദേഹത്തിന് അംഗീകാരം ലഭിച്ചുവെന്നാണ് ഞങ്ങളൊക്കെ മനസ്സിലാക്കുന്നത്. പക്ഷെ അതിനുശേഷമുള്ള അദ്ദേഹത്തിന്റെ പോക്ക് ആ നിലയിലാണോ എന്ന് സംശയിക്കത്തക്ക തരത്തിലാണ് പോകുന്നത്. ഈ ഓർഡിനൻസിന്റെ ബിൽ തന്നെ കൊണ്ടുവന്നിരിക്കുന്നത് ഇവിടെ പലരും സൂചിപ്പിച്ചതുപോലെ സമഗ്രമായ ഒരു നിയമനിർമ്മാണം ഈ കാര്യത്തിൽ കൊണ്ടുവരാൻ പോകുന്നു എന്നു പറഞ്ഞാണ് മന്ത്രി തന്നെ ഇത് സൂചിപ്പിച്ചത്. അങ്ങനെ ഒരു ബിൽ വരുന്ന സ്ഥിതിക്ക് ഈ ഓർഡിനൻസ് ബിൽ ചർച്ച ചെയ്യേണ്ട കാര്യമില്ലെന്ന് ശ്രീ. വർക്കല രാധാകൃഷ്ണനടക്കമുള്ളവർ ഇവിടെ സൂചിപ്പിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ഈ നിയമ സഭയിലോ അടുത്ത നിയമസഭയിലോയെങ്കിലും ആ ബിൽ കടന്നുവരുമെന്നുള്ള കാര്യത്തിൽ സംശയം ജനിപ്പിക്കുന്ന തരത്തിലാണ് ഈ ഓർഡിനൻസ് ബിൽ ചർച്ചയ്ക്കെടുക്കണമെന്ന് മന്ത്രി നിർബന്ധിക്കുന്നതുകൊണ്ട് മനസ്സിലാകുന്നത്. അതല്ലായിരുന്നുവെങ്കിൽ സമഗ്രമായ ഒരു നിയമനിർമ്മാണം ഈ സഭയിൽത്തന്നെകൊണ്ടുവരുവാൻ അദ്ദേഹത്തിനു ശ്രമിക്കാമായിരുന്നു, കഴിയുമായിരുന്നു. ഈ നിയമം കൊണ്ടുവരുന്നതുകൊണ്ട് ഈ നിയമം നടപ്പിലാക്കാൻ ബുദ്ധിമുട്ടുണ്ടെന്ന് പലരും ഇവിടെ സൂചിപ്പിച്ചു. അപ്പോഴും ആ നിയമങ്ങളം കൊണ്ടുവരുന്ന കാര്യത്തിൽ അല്ല. ഈ ഓർഡിനൻസ് വന്നതിനുശേഷം, ഈ ഓർഡിനൻസിന്റെ വെളിച്ചത്തിൽ ഈ സഹകാര്യപണമിടപാടുകാരുടെ നടപടികളിൽ എന്തെങ്കിലും ചോദ്യം ചെയ്യാനോ നടപടി നടത്താനോ ഈ ഗവൺമെന്റോ മന്ത്രിയോ ശ്രമിച്ചിട്ടുണ്ടോ എന്ന് ഞാൻ ചോദിക്കുന്നു. അപ്പോഴും നിയമമില്ലാത്തതുകൊണ്ടല്ല ഈ ഓർഡിനൻസിൽ പറയുന്ന കാര്യങ്ങളിൽപോലും ഇത് ബില്ലാക്കാൻ കൊണ്ടുവരുന്ന സന്ദർഭത്തിൽ നടപടി നടത്താൻ മന്ത്രി തയ്യാറായില്ല എന്നുള്ള വസ്തുത ചൂണ്ടിക്കാണിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുന്നു. എന്തെല്ലാം ലൂപ്പ് ഹോംസാണ് ഇപ്പോഴും സഹകാര്യ പണമിടപാടുകാർക്ക് ഉള്ളതെന്ന് ഞാൻ സൂചിപ്പിക്കാതെ തന്നെ അറിയാം. ചാർട്ടേഡ് അക്കൗണ്ടിനെകൊണ്ട് അത് പരിശോധിപ്പിക്കും, ആഡിറ്റ് ചെയ്യിപ്പിക്കുമെന്ന് പറയുന്നു. എന്താണ് ചാർട്ടേഡ് അക്കൗണ്ടിനെക്കൊണ്ട് ആഡിറ്റ് ചെയ്യിപ്പിക്കുന്നത്? ഈ സഹകാര്യ പണമിടപാടുകാരുടെ കൈവശം എത്ര ജാതി അക്കൗണ്ടുകളം ഉണ്ടെന്ന് എനിക്കറിയാം. ശ്രീ. തച്ചടി പ്രഭാകരനു അറിയാം. രണ്ട് മൂന്ന് തരത്തിലുള്ള അക്കൗണ്ടുകളാണ് സഹകാര്യ പണമിടപാടുകാർ മെയിന്റയിൻ ചെയ്യുന്നത്. ആ അക്കൗണ്ടുകളം ഒരു ചാർട്ടേഡ് അക്കൗണ്ടിനെക്കൊണ്ട് പരിശോധിപ്പിക്കും, ആഡിറ്റ് ചെയ്യിപ്പിക്കുമെന്ന് പറഞ്ഞാൽ അതിന്റെ അർത്ഥം അവർ തയ്യാറാക്കിവച്ചിരിക്കുന്ന, പുറത്തുകാണിക്കാൻ പറ്റുന്ന, ചാർട്ടേഡ് അക്കൗണ്ടിനെക്കൊണ്ട് ആഡിറ്റ് ചെയ്യിപ്പിച്ചാൽ തകരാറില്ലാത്ത ഒരു അക്കൗണ്ടാണ് അവരെ ഏൽപ്പിക്കുന്നത് എന്നാണ്, അതുകൊണ്ട് കഴിയുമോ? ഈ ബാങ്കിംഗ് റഗുലേഷൻ ആക്ടിനകത്ത് വന്നിട്ടുള്ള ബാങ്കുകളെ റിസർവ് ബാങ്കിനും ഡിപ്പാർട്ടുമെന്റിനുമൊക്കെ പരിശോധിക്കാനുള്ള അവകാശം ഇന്ന് നിലവിലുണ്ട്. ഈ സാഹചര്യത്തിൽ ഏത് സന്ദർഭത്തിലും ഒരു സഹകാര്യപണമിടപാടുകാരന്റെ സ്ഥാപനം പരിശോധിക്കാനും അവിടെ കടന്നു ചെല്ലാനും ആ അക്കൗണ്ടിംഗ് സിസ്റ്റം പരിശോധിച്ച് കുറ്റങ്ങളം കണ്ടുപിടിക്കാനുമുള്ള സ്വാതന്ത്ര്യവും അവകാശവും ഗവൺമെന്റിനും റിസർവ് ബാങ്കിനും മറ്റ് ബന്ധപ്പെട്ടവർക്കും ഉണ്ടാകണം. അത് ഇതിനകത്തില്ല.

ഇതിൽ ഏഴുതി ചേർത്തിരിക്കുന്ന മറ്റൊരു കാര്യം ഒരു ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ടിന്റെ ഉത്തരവ് വാങ്ങിക്കൊണ്ടുവേണം ഇത് പരിശോധിക്കാൻ എന്നാണ് പറയുന്നത്. ഒരു സ്ഥാപനം പരിശോധിക്കാനുള്ള അനുവാദം ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റിന്റെ പക്കൽനിന്ന് വാങ്ങുന്ന സന്ദർഭത്തിൽ തന്നെ ആ സഹകാര്യ പണമിടപാടുകാരന് സ്ഥാപനത്തിലുള്ള കാര്യങ്ങളം മുഴുവനും നേരെയാക്കുന്നതിനുള്ള സാവകാശവും സന്ദർഭവുമുണ്ടാക്കിക്കൊടുക്കുന്ന ഒരു നടപടിയാണ് ഇതിൽക്കൂടി ഉണ്ടാകുന്നത്. ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ടിന്റെ അനുവാദം വാങ്ങി പരിശോധിക്കാൻ പോകുന്നുവെന്ന് പറഞ്ഞാൽ അതിന്റെ അർത്ഥം അത് പരിശോധിക്കാതിരിക്കുകയാണ് എന്നുള്ളതാണ്. ഈ നിയമങ്ങളം ഉണ്ടാക്കിയാലും ഈ നിയമങ്ങളം നിലവിലുണ്ടായിരുന്നാലും അത് നടപ്പാക്കുന്ന കാര്യത്തിൽ പലപ്പോഴും നമ്മം പിന്നോക്കം പോകുന്നുവെന്നുള്ളതാണ് സത്യം. ഇതിന് സാമൂഹ്യമായ

LIBRARY ARCHIVES Kerala Legislative Assembly

ഫ്ലർപ്പാടുകളുണ്ടാകണം. സമ്മർദ്ദമുണ്ടാകണമെന്ന് പറയുന്നു. നമ്മുടെ മന്ത്രിമാർ, നമ്മുടെ രാഷ്ട്രീയ പ്രവർത്തകൻമാർ, എം. എൽ. എ. മാർ (മുഴുവൻ ആളുകളേയും ഞാൻ പറയുന്നില്ല) നമ്മുടെ സർക്കാർ ഉദ്യോഗസ്ഥൻമാർ ഐ. എ. എസ്. ഓഫീസ്സൻമാർ തുടങ്ങിയവരെല്ലാം ഈ സ്ഥാപനം ഉൽഘാടനം ചെയ്യാൻ നടക്കുന്നു. അങ്ങനെ ആ സ്ഥാപനങ്ങൾക്ക് മാന്യതയുണ്ടാക്കി കൊടുക്കുന്നു. ഈ മാന്യതയുള്ളതുകൊണ്ടാണ് പലരും അവരുടെ നിക്ഷേപം കെണ്ടിടുന്നത്. അങ്ങനെ പോകാതിരിക്കാൻ ബന്ധപ്പെട്ടവർ ശ്രമിക്കണം. ഒരു കാര്യം കൂടി ചൂണ്ടിക്കാണിക്കുന്നു. നമ്മുടെ കമ്മേഴ്സ്യൽ ബാങ്കുകളും, ദേശസാൽക്കരിച്ച ബാങ്കുകളൊക്കെ നമ്മുടെ ക്രെഡിറ്റ് ഗ്യാപ്പ് നികത്തുന്നതിന് രംഗത്ത് കടന്ന് വരുന്നില്ല. ഈ സംസ്ഥാനത്ത് സ്വരൂപിക്കുന്ന നിക്ഷേപം കോടി കണക്കിന് രൂപയാണ്. ഈ നിക്ഷേപം ഈ സംസ്ഥാനത്ത് ആവശ്യമുള്ള പാവപ്പെട്ട ആളുകൾക്ക് നൽകുന്നതിനു പകരം പുറത്ത് കൊണ്ടുപോയി വിനിയോഗിക്കുന്നു. ഈ ക്രെഡിറ്റ് ഗ്യാപ്പ് നികത്തുന്നതിനുള്ള നടപടി കൂടി ഈ കാര്യത്തിലുണ്ടെങ്കിൽ മാത്രമേ ഇത് പരിഹരിക്കാൻ കഴിയുകയുള്ളൂ എന്ന് പറഞ്ഞുകൊണ്ട് എന്റെ ഭേഗേതി ഞാൻ അവതരിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എ. വി. താമരാക്ഷൻ : സർ, ഇവിടെ ബഹുമാന്യനായ ധനകാര്യ മന്ത്രിയുടെ ആത്മാർത്ഥതയെ ഞാൻ ചോദ്യം ചെയ്യുന്നില്ല. എന്നാൽ ഈ സഭയിൽ അവതരിപ്പിച്ചിരിക്കുന്ന ഈ ഭേഗേതി ബില്ലിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ പൂർണ്ണമായി സാക്ഷാത്ക്കരിക്കാൻ പര്യാപ്തമല്ലായെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കേരളത്തിൽ കൂണുപോലെ വളർന്നു വന്നിരിക്കുന്ന ഈ ബ്ലേഡ് കമ്പനികൾ നമ്മുടെ ബാങ്കിംഗ് സംവിധാനത്തിന്റെ തന്നെ അടിത്തറ തകർത്തിരിക്കുകയാണ്. ഈ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ബാങ്കിംഗ് സംവിധാനം തകർന്നാൽ ഈ രാജ്യത്തിന്റെ സമ്പദ് ഘടന തന്നെ തകർന്നുപോകും. കേരളത്തിൽ കഴിഞ്ഞ നാലഞ്ച് കൊല്ലങ്ങൾക്കുള്ളിലാണ് ബ്ലേഡ് കമ്പനികൾക്ക് ഇത്രയേറെ പ്രചാരമുണ്ടായത്. ഈ ബ്ലേഡ് കമ്പനികൾ അമിതമായ പലിശ കൊടുക്കുന്നത് കാരണം ഗവൺമെന്റിൽനിന്ന് റിട്ടയർ ചെയ്ത ഗവൺമെന്റ് ജീവനക്കാരും സാധാരണപ്പെട്ട ആളുകളുംപോലും പണംകൊണ്ടുചെന്ന് ഈ ബ്ലേഡ് കമ്പനികളിൽ നിക്ഷേപിക്കുകയാണ്. ഇതിന്റെ ഫലമായി ദേശസാൽകൃത ബാങ്കുകളിലും അതുപോലെ സഹകരണ ബാങ്കുകളിലും നിക്ഷേപം ലഭിക്കുന്നില്ല. ദേശസാൽകൃത ബാങ്കുകളും സഹകരണ ബാങ്കുകളും പണം വിതരണം ചെയ്യുന്നത് ചില മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്. കാർഷിക മേഖല, വ്യവസായിക മേഖല, ട്രാൻസ്പോർട്ട് ആൻറ് കമ്മ്യൂണിക്കേഷൻ എന്നീ മേഖലകൾക്ക് പണം വിതരണം ചെയ്യുന്നത് ചില അനുപാതത്തിന്റെ അടിസ്ഥാനത്തിലാണ്. ഈ ബ്ലേഡ് കമ്പനികൾ യാതൊരു നിയന്ത്രണവുമില്ലാതെ ലാഭമുണ്ടാക്കാൻ കഴിയുന്ന മേഖലയ്ക്കുമാത്രം പണം മുടക്കുന്നതിന്റെ ഫലമായി സമ്പദ്ഘടന തന്നെ ആപൽക്രമമായ വെല്ലുവിളിയെ നേരിടേണ്ടിയും ഇടയാകും. അതുകൊണ്ട് ബാങ്കിംഗ് സംവിധാനത്തെയും നമ്മുടെ ഇക്കോണമിയെത്തന്നെയും നല്ല നിലയിൽ കൊണ്ടുപോകാവുന്ന നിലയിലുള്ള സമഗ്രനിയമം കൊണ്ടുവരണം എന്നു പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

Shri Varkala Radhakrishnan : I support this Bill in principle. Before going into the details, I may be permitted to explain the background which led to the passage of the Money Lenders Act now in force. This enactment was originally brought into effect some 27 or 28 years

LIBRARY ARCHIVES Kerala Legislative Assembly

back. When the Kerala State was formed in 1956, there was no egislation to control the money lending business. Either in the Chitty Act or in any other statute, there was no enabling provision to control the money lending business. At the same time there existed some form of legislation in the earstwhile Cochin State and in the Malabar area under the Madras Presidency Legislation. Shri V. R. Krishna Iyer the then Law Minister, was the person, who brought this legislation into this House. This Act was passed in the year 1958. There was a healthy discussion at that time. I am not going into the details of that discussion. But things have changed. Now it has passed 23 years since this legislation was enacted. The question now before us is how best this business could be regulated. This social menace now control a vast area of the daily life. Now the Hon. Member Shri A. C. Jose has pointed out that they are capable of controlling even the administration. If that is the case, definitely we should come forward with some effective measures to control this business.

ശ്രീ. എം. എം. ഹസ്സൻ : മരണ നടപടികളും നിയമനിർമ്മാണ നടപടികളും മലയാളത്തിലാക്കാൻവേണ്ടി കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റു പാർട്ടിയുടെ ശക്തിയായി ആവശ്യപ്പെടുമ്പോഴേ സുപ്രധാനമായ ഒരു നിയമ നിർമ്മാണത്തെക്കുറിച്ച് ഇംഗ്ലീഷിൽ പ്രസംഗിക്കുന്നത് ഓർഡറിലാണോ ? മാണമാഷയും നിയമ നിർമ്മാണ ഭാഷയും മലയാളമാക്കണമെന്നു വാദിക്കുന്ന ഒരു പാർട്ടിയിലെ നിയമസഭാ സാമാജികൻ ഇംഗ്ലീഷിൽ പ്രസംഗിക്കുന്നത് ഓർഡറിലാണോ ?

മി. ചെയർമാൻ : അതിനു തടസ്സമില്ല.

Shri Varkala Radhakrishnan : Even this interruption will not disturb me. I will continue to speak in English.

Now the question before us is how to prevent this social menace ? These businessmen have considerable influence over the society. Their influence not only confine to the social structure but also the economic field. We will have to control it. This cannot be achieved through mere legislation. The public could be co-operated in this process. They must be enlightened the present state of affairs. These people are exploiting the poor in such a way that then extend a helping hand when they are badly in need of money. They will agree to terms and conditions dictated by the money lenders in such a precarious situation. That is the experience we had from time immemorial. Even Shakespeare has adopted in one of his plays a them to expose the money lenders. Now I would like to point out that in order to eradicate this anti-social activity we should have an effective legislation. I regret to inform this House that the present Amendment is throughly inadequate to meet the situation.

The main purpose of this Amendment Act is to control this business. How to control it ? It cannot be controlled by mere appointment of an auditor. This Amendment Act has provided for

LIBRARY ARCHIVES Kerala Legislative Assembly

the appointment of an auditor, a Chartered Accountant. Could that be sufficient ? Who is to meet the expenses of this Chartered Accountant ? We should make it clear that the appointment of the Chartered Accountant should be at the will and pleasure of the Government. The expenditure to be incurred for the appointment of the Chartered Accountant should be met by the concerned "blade company." That alone will save the position. So the Amendment in its present form will not be of much use. It will do no good. We will have to make necessary amendments to eliminate this social evil. So I would request to the Hon. Minister for Finance to incorporate my suggession when the Bill is discussed at the Subject Committee stage.

ശ്രീ. കാനം രാജേന്ദ്രൻ : സർ, ഇന്നു കേരളത്തിലെ സാമ്പത്തിക ഘടനയെ നേരിടുന്ന ഏറ്റവും വലിയൊരു പ്രശ്നത്തിനു പരിഹാരം കാണാൻ ഈ ചെറിയ നിയമഭേദഗതിക്കു കഴിയില്ല എന്നാണ് എന്റെ അഭിപ്രായം. 1982-ൽ ഈ നിയമസഭയിൽ സഹകാര്യ അംഗങ്ങളുടെ ബിൽ അവതരിപ്പിച്ചുകൊണ്ട് ഈ വിഷയം അന്ന് ഇതിന്റെ ചുമതലയു ണ്ടായിരുന്ന വ്യവസായ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി സമഗ്ര മായൊരു നിയമം കൊണ്ടുവരണമെന്നു പറയുകയുണ്ടായി. സർ, ഇപ്പോൾ വ്യവസായ വകുപ്പിന്റെ കയ്യിൽനിന്നും അധികാരം ധനകാര്യ വകുപ്പു മന്ത്രിയുടെ കൈവശം വന്നുചേർന്നു കഴിഞ്ഞപ്പോഴും സമഗ്രമായ നിയമം പുറകെ വരുന്നുണ്ടെന്നു പറയുന്നതല്ലാതെ ഫലപ്രദമായ ഈ ബ്ലേഡു കമ്പനികളെ നിയന്ത്രിക്കുന്നതിനുള്ള നിയമ നിർമ്മാണം കൊണ്ടുവരാൻ കഴിഞ്ഞിട്ടില്ല. ധനകാര്യ വകുപ്പുമന്ത്രി ഇന്നു രാവിലെ മുഴക്കിയ ഭീഷണിയും, സമഗ്രമായൊരു നിയമം കൊണ്ടുവരുന്നുണ്ടെന്നാണ്. അതു വന്നുകഴിഞ്ഞാൽ അതിനെക്കുറിച്ചു ചർച്ചചെയ്യാം. പക്ഷേ, ഈ നിയമത്തെ സംബന്ധിച്ചി ടത്തോളം, വളരെ അഭിമാനകരമായി ശ്രീ. ഫസ്സൻ ചൂണ്ടി കാണിച്ചതു പോലെ വളരെ അഭിമാനകരമായ ഒരു ബില്ലാണിത് എന്നു പറയാൻ കഴിയുകയില്ല. സർ, ഈ ബില്ലുകൊണ്ട് ഇപ്പോൾ വാങ്ങിക്കൊണ്ടിരിക്കുന്ന തുകയുടെ തോതു വർദ്ധിപ്പിക്കുകയാണ് ചെയ്യുന്നത്. അതു വളരെ അഭിമാനകരമാണെന്നു എനിക്കു തോന്നുന്നില്ല. രണ്ടാമതു, 1958-ലെ നിയമത്തിൽ ഡെപ്പോസിറ്റു വാങ്ങുന്നതിനുള്ള സൗകര്യമില്ലായിരുന്നു. ഇപ്പോൾ റിസർവ്വ് ബാങ്ക് വരുത്തിയ നിയമ ഭേദഗതിയുടെ ഫലമായി 25 വ്യക്തികളിൽ നിന്നോ, പാർട്നർഷിപ്പ് കമ്പനിയാണെങ്കിൽ 250 ആളുകളിൽനിന്നോ നിക്ഷേപം വാങ്ങാമെന്നുള്ള ഭേദഗതിയുടെ അടിസ്ഥാ നത്തിൽ ഇവിടെ വീണ്ടും നിക്ഷേപം സ്വീകരിക്കുന്നതു നിയമവിധേയമാ ക്കുകയാണ് ഈ നിയമം കൊണ്ടു ചെയ്യുന്നത്. സർ, വളരെ ദുർബലമായ ഒരു നിയമം ഫലപ്രദമായി നടപ്പിലാക്കാൻ യാതൊരു കാര്യക്ഷമതയും കാണിക്കാതെ നിലവിലുള്ള നിയമത്തിനു കൂടുതൽ സൗകര്യമുണ്ടാക്കി കൊടുക്കുകയല്ലാതെ ബ്ലേഡു കമ്പനികളെ നിയന്ത്രിക്കാൻ ഇതിനു കഴിയു കയില്ല. ഈ ബ്ലേഡു കമ്പനികളെ നിയന്ത്രിക്കാൻ ഇതിനു കഴിയുകയില്ല. ഈ ബ്ലേഡു കമ്പനികൾ വളരെ കൂടുതൽ പരസ്യം കൊടുത്തുകൊണ്ടു ഇന്നു നിക്ഷേപകരിൽനിന്നും പണം വാങ്ങിക്കൊണ്ടിരിക്കുകയാണ്. ഈ പരസ്യത്തെ നിയന്ത്രിക്കുന്നതിനു ചില നടപടികൾ സ്വീകരിക്കണം എന്തൊക്കെയാണ് പരസ്യത്തിൽ പറയുന്നത്. 36+2, ഗൾഫിലേക്കു മാ ഫ്യൂയർ ടിക്കറ്റ് ഇതൊക്കെയാണ് പരസ്യം. ഇന്നത്തെ ഈ ഭരണമുന്നണിയു മന്ത്രിമാരും ഇത്തരം പല ആളുകളെയും പിൻതുണയ്ക്കുന്നതുകൊണ്ട

LIBRARY ARCHIVES Kerala Legislative Assembly

അടുത്തുവരുന്ന പരസ്യം 36% പലിശയും അടുത്ത തൊഴിത്തടുപ്പിൽ മാറ്റിക്കാറും എന്നാകുമോ എന്ന് എനിക്കറിയില്ല. അങ്ങനെ പരസ്യങ്ങൾ നൽകിയും മറ്റും ആളുകളെ പ്രോത്സാഹിപ്പിച്ചു ഈ നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിനെ തടയുന്ന നടപടികളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. സർ, ഇപ്പോഴത്തെ ഈ നിയമം പരിശോധിക്കുന്നതിനും നിയമം നടപ്പിലാക്കുന്നതിനും ഏജൻസിയില്ല. പണ്ട് വ്യവസായ വകുപ്പിന്റെ കൈവശം ഉണ്ടായിരുന്നപ്പോഴും ഈ വക കാര്യങ്ങളും പരിശോധിക്കേണ്ടത് സെയിൽസ് ടാക്സുകാർ ആയിരുന്നു. ഇന്നിപ്പോഴും ധനകാര്യ വകുപ്പു മന്ത്രിയുടെ കൈവശമായതുകൊണ്ട് അദ്ദേഹത്തിന്റെ വകുപ്പുതന്നെ പരിശോധിക്കുമായിരിക്കും. ഫലത്തിൽ, പരിശോധിച്ച് കേസുകളും എടുക്കാനോ, നിയമം ലംഘിക്കുന്ന ആളുകൾക്കെതിരെ നിയമ നടപടികളും സ്വീകരിക്കാനോ കഴിയുകയില്ല എന്നുള്ളതാണ് മണിലെൻഡേഴ്സ് ആക്ടിലെ ഏറ്റവും വലിയ അപകടം. അതു മാറ്റുന്നതിനും ഈ നിയമം കർശനമായി നടപ്പിലാക്കുന്നതിനുമുള്ള യാതൊരു നടപടികളും സ്വീകരിക്കാതെ ഈ ഭേദഗതി കൊണ്ടുവന്നതുകൊണ്ട് മാത്രം ഈ പ്രശ്നത്തിനു പരിഹാരമുണ്ടാവുകയില്ല. സമഗ്രമായൊരു നിയമം ഇക്കാര്യത്തിൽ ആവശ്യമാണ്. ഒരു സമഗ്രമായ നിയമമെന്നു പ്രസംഗിച്ചത്കൊണ്ടു മാത്രമായില്ല; നമ്മുടെ സമ്പദ്ഘടനയെ ബാധിക്കുന്ന പ്രശ്നമാണിത്. നാഷണലൈസ്ഡ് ബാങ്കുകളെയും ഷെഡ്യൂൾഡ് ബാങ്കുകളെയും സഹകരണ സ്ഥാപനങ്ങളെയും എല്ലാം ബാധിക്കുന്ന ഒരു പ്രശ്നമാണ്. ഇതു പരിഹരിക്കാൻ വേണ്ടി കർശനമായൊരു നിയമ നിർമ്മാണമുണ്ടാക്കി അതു നടപ്പിലാക്കുന്നതിൽ ആത്മാർത്ഥത കാണിക്കുകയും ചെയ്യണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ധനകാര്യ വകുപ്പുമന്ത്രി ശ്രീ. തച്ചടി പ്രഭാകരൻ : സർ, ഈ ഭേദഗതി നിയമം കൊണ്ട് സഹകാര്യ പണമിടപാടുകാരെ പൂർണ്ണമായി നിയന്ത്രിക്കാൻ സാദ്ധ്യമല്ല എന്നു ബഹുമാനപ്പെട്ട മെമ്പറൻമാർ പറഞ്ഞതിനോട് ഞാൻ യോജിക്കുന്നു. നേരത്തെ ശ്രീ. വർക്കല രാധാകൃഷ്ണൻ ഈ നിയമം ഇവിടെ ചർച്ച ചെയ്യുന്നതുകൊണ്ടു പ്രയോജനമുണ്ടോയെന്നു ചോദിക്കുകയുണ്ടായി. ഇതു ഗവൺമെൻറു തീരുമാനത്തിന്റെ ഭാഗമായിട്ടാണു വന്നിട്ടുള്ളത്. ഓർഡിനൻസുകളെല്ലാം നിയമമാക്കണമെന്നു ആദ്യം തന്നെ ഗവൺമെൻറു തീരുമാനമെടുത്തിരുന്നു. ഇതു വളരെ നാളായി ഓർഡിനൻസിൽ കിടക്കുന്ന ഒരു നിയമമെന്നുള്ള നിലയിൽ ഗവൺമെൻറു തീരുമാനത്തെ ആധാരമാക്കിയാണ് ഇന്നു ചർച്ച ചെയ്യേണ്ടിവന്നത്. സർ, ഇന്നു ഗവൺമെൻറു ഇക്കാര്യത്തിൽ കാണിക്കുന്ന ആത്മാർത്ഥത ഞാൻ സൂചിപ്പിക്കുകയാണ്. എല്ലാ പഴുതുകളും അടച്ച്, സഹകാര്യ ബാങ്കിംഗ് വ്യവസായികം ഗവൺമെൻറിന്റെ നിയന്ത്രണത്തിനു വിധേയമായി, പ്രവർത്തിക്കത്തക്ക നിലയിലുള്ള സമഗ്രമായ ഒരു നിയമമാണ് കൊണ്ടുവരാൻ പോകുന്നത്. അതു നിയമസഭയുടെ മുൻപിൽ വരാൻ പോകുന്ന നിയമമായതുകൊണ്ട് അതിലേക്ക് കടക്കുന്നില്ല. ഇക്കാര്യത്തിൽ സമഗ്രമായ ഒരു നിയമം കൊണ്ടുവരുന്നതിനു കാരണം ഒന്നാമതായി റിസർവ്വ് ബാങ്ക് ഇവരെ നിയന്ത്രിക്കുന്നതിനു വേണ്ടി 1983-ൽ ഒരു അമൻഡുമെൻറ് കൊണ്ടുവരികയുണ്ടായി. റിസർവ്വ് ബാങ്കിന്റെ അമൻഡുമെൻറ് ആക്ട് വന്നുകഴിഞ്ഞാൽ സംസ്ഥാന ഗവൺമെൻറിനു ആ ആക്ടിനു വിരുദ്ധമായ നിയമങ്ങൾ എഴുതിച്ചേർക്കാൻ കഴിയുകയില്ല. അതിനു കേന്ദ്ര ഗവൺമെൻറിന്റെ അനുവാദം കിട്ടാൻ ബുദ്ധിമുട്ടുണ്ടാകും.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ടാണ് ഞങ്ങളും ഒരു മാസക്കാലത്തോളം നിയമവിദഗ്ദ്ധന്മാരുമായും, റിസർവ്വ് ബാങ്കിന്റെ ഉയർന്ന ഉദ്യോഗസ്ഥന്മാരുമായും ചർച്ചചെയ്തത് ആ ആക്ടുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള സമഗ്രമായ ഒരു ഭേദഗതിയാണ് കൊണ്ടുവരാൻ പോകുന്നത്. സർ, 16-ാം തീയതി ക്യാബിനറ്റിൽ തീരുമാനമെടുത്തുകഴിഞ്ഞതിനുശേഷം ഒരാഴ്ചയ്ക്കകം കേന്ദ്രഗവൺമെന്റിന്റെയും ഫിനാൻസ് ഡിപ്പാർട്ടുമെന്റിന്റെയും, ഹോം ഡിപ്പാർട്ടുമെന്റിന്റെയും ബാങ്കിംഗ് ഡിപ്പാർട്ടുമെന്റിന്റേയും പ്രതിനിധികളുമായി ചർച്ചചെയ്യാൻ ഇവിടെനിന്ന് ഒരു സെക്രട്ടറിയെ അവിടെ അയച്ചു. അതിന് കേന്ദ്ര ഗവൺമെന്റ് ഇപ്പോഴും അനുമതിനൽകിയിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ അനുമതിയില്ലാതെ ഈ സഭയിൽ അവതരിപ്പിക്കാൻ കഴിയുകയില്ല. ഇത്ര വേഗതയിൽ ഈ ഗവൺമെന്റ് ഇതുപോലെ ഒരു സമഗ്രമായ നിയമം കൊണ്ടുവരുന്നതിന് ആത്മാർത്ഥതകാണിച്ചിട്ടുണ്ടെന്നുള്ളത് ബഹുമാനപ്പെട്ട മെമ്പർമാർക്ക് അറിയാവുന്നതാണ്. ഇന്ന് ഇവിടെ ശ്രീ. പി. വിജയാസ് സൂചിപ്പിച്ചതുപോലെ സെയിൽസ്ടാക്സിന്റെ ഒരു ഉദ്യോഗസ്ഥനെ ഒരു ബ്ളയ്ഡ്കമ്പനി പരിശോധിക്കാൻ പോകണമെങ്കിൽ ഫസ്റ്റ് ക്ളാസ് മജിസ്ട്രേറ്റിന്റെ വാറൻറ് വാങ്ങിക്കഴിഞ്ഞതിനു ശേഷമേ പോകാവൂ എന്നുള്ളതാണ് ഇന്നത്തെ നിയമം. അതുകൊണ്ടു പല രീതിയിലുള്ള ബുദ്ധിമുട്ടുകളുണ്ട്. എന്തായാലും ശരി, ഈ കാര്യത്തിൽ വളരെ ആത്മാർത്ഥമായ ഒരു സമീപനം സ്വീകരിക്കാൻ തന്നെയാണ് ഈ ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. ഇവിടെ പറഞ്ഞ മറ്റു കാര്യത്തെക്കുറിച്ചൊന്നും, ഞാൻ പറയുന്നില്ല. ആരോപണങ്ങളും, ആക്ഷേപങ്ങളുമുണ്ടാകും – പക്ഷേ ഗവൺമെന്റ് ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം ശക്തമായ ഒരു നിലപാട് സ്വീകരിച്ചതുകൊണ്ട്, ഞാൻ കഴിഞ്ഞ ദിവസം ഒരു ചോദ്യത്തിന് ഉത്തരം പറഞ്ഞതുപോലെ ഇന്ന് പുതിയ നിക്ഷേപങ്ങളും 90 ശതമാനം ബ്ളയ്ഡ് കമ്പനികളിലും ലഭിക്കുന്നില്ലെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. ഗവൺമെന്റിൽനിന്നും ശക്തമായ നടപടി വരുമെന്നുള്ളതുകൊണ്ട്, അവിടെ പുതിയ നിക്ഷേപകർ വരാതിരിക്കാനുള്ള ഒരു സാഹചര്യം അല്ലെങ്കിൽ അന്തരീക്ഷമുണ്ടാക്കുക മാത്രമേ ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം ചെയ്തിട്ടുള്ളൂ. ശ്രീമതി ഗൗരിയമ്മ ഇതെല്ലാം ശരിക്ക് ധരിക്കാതെ പറഞ്ഞുവെന്നാണ് എനിക്ക് തോന്നുന്നത്. ഇവിടെ റിസർവ്വ്ബാങ്ക് അമൻറ്മെൻറ് ആക്ടിൽ പറഞ്ഞിരിക്കുന്നത് ബാങ്ക് റേറിനേക്കാൾ 2 ശതമാനം കൂടുതൽ പലിശ ലെൻഡിംഗിൽ ഈടാക്കണമെന്നുള്ളതാണ്. അതാണ് ഇവിടെ അമൻറ് ചെയ്തിരിക്കുന്നത്. റിസർവ്വ് ബാങ്കിന്റെ ബാങ്ക് റേറ് എന്ന് പറഞ്ഞാൽ പരമാവതി പതിനേഴര ശതമാനം വരെ പലിശ വാങ്ങാൻ ലെൻഡിംഗിന് അവകാശമുണ്ട്. അവരുടെ ആക്ടിൽ 2 ശതമാനം കൂടുതൽ ഈ സഹകാര്യ പണമിടപാടുകാരുടെ വാങ്ങാമെന്നു പറയുമ്പോൾ റിസർവ്വ് ബാങ്ക് ആക്ടിന് വിരുദ്ധമായി ഒരു അമൻറ്മെൻറ് സംസ്ഥാനത്തിന് കൊണ്ടുവരാൻ കഴിയാത്തതുകൊണ്ടാണ്. അതുമായി ബന്ധപ്പെടുത്തികൊണ്ട് 17½ ശതമാനമെന്നത്. 19½ ശതമാനമെന്നു ചേർക്കാൻ ഇടയായ സാഹചര്യം. നേരെമറിച്ച് ഈ ആക്ടിൽ നിക്ഷേപത്തെക്കുറിച്ച് തെറ്റിധരിച്ചാണ് പറഞ്ഞതെങ്കിൽ ഈ ആക്ടിന്റെ വ്യവസ്ഥ. നിക്ഷേപത്തിന് 12 ശതമാനം പലിശ ഈടാക്കാവുവെന്ന വ്യവസ്ഥയുണ്ട്. റിസർവ്വ് ബാങ്കിന്റെ ബാങ്കിംഗ് റെഗുലേഷൻ ആക്ടിന്റെ പരിധിയിൽ നിന്നുകൊണ്ട് ഈ നിയമം കൊണ്ടുവരുന്ന അവസരങ്ങളിൽ ബാങ്കിന് പതിനൊന്നര ശതമാനമാണ് പരമാവധി നിക്ഷേപങ്ങൾക്ക് പലിശ കൊടുക്കാൻ ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഇത് ഒരു സാമൂഹ്യ പ്രശ്നമെന്നുള്ള നിലയിൽ ഇവിടെ പല മെമ്പർമാരും സൂചിപ്പിച്ചതുപോലെ ഇതിനെ നിയന്ത്രിക്കേണ്ടതിന്

LIBRARY ARCHIVES Kerala Legislative Assembly

റിസർവ്വ് ബാങ്ക് 1962-ൽ നമ്മുടെ രാജ്യത്തെ വായ്പാഘടന സംബന്ധിച്ചിടത്തോളം ചില നിയന്ത്രണങ്ങളും ഏർപ്പെടുത്തി. നിക്ഷേപങ്ങളെ സംബന്ധിച്ചിടത്തോളം, ബാങ്കിംഗ് റെഗുലേഷൻ ആക്ടിന്റെ പരിധിയിൽ നിന്നുകൊണ്ട് പ്ലാനിംഗ് കമ്മീഷന്റെ ശുപാർശ അനുസരിച്ച് റിസർവ്വ് ബാങ്ക് ചില നിയന്ത്രണങ്ങളുണ്ടാക്കി. ആ നിയന്ത്രണമുണ്ടാക്കിയിരിക്കുന്നതിന്റെ ഉദ്ദേശം ഓരോ നിക്ഷേപങ്ങളെ സംബന്ധിച്ചിടത്തോളം സ്റ്റേറ്റ് ബാങ്കിനിത്ര % മറ്റ് ഓരോന്നിനുമുള്ള ദീർഘകാല നിക്ഷേപങ്ങൾക്കുമെല്ലാം ചേർത്ത് പതിനൊന്നര ശതമാനത്തിൽ കൂടുതൽ ഇൻഡ്യയിൽ ഒരു നിക്ഷേപവും ഒരു ബാങ്കിംഗ് റെഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരുന്ന ആളുകൾക്ക് കൊടുക്കാൻ പാടില്ലെന്നുള്ളതാണ് വ്യവസ്ഥ. പ്ലാനിംഗ് കമ്മീഷൻ റിസർവ്വ് ബാങ്കിനോട് അത് ആവശ്യപ്പെടാനുള്ള കാരണം, ഇവിടെ അമിതമായി നിക്ഷേപങ്ങൾ സ്വരൂപിച്ചുകഴിഞ്ഞാൽ ആ നിക്ഷേപങ്ങൾക്ക് വായ്പ കൊടുക്കുമ്പോൾ അമിതമായി പലിശ ഉടാക്കേണ്ടി വരുമെന്നുള്ളതുകൊണ്ടാണ് റിസർവ്വ് ബാങ്കും, പ്ലാനിംങ്ങ് കമ്മീഷനെയും നിർദ്ദേശം അനുസരിച്ച് അതു നിയന്ത്രിക്കുവാനുള്ള സാഹചര്യം സൃഷ്ടിച്ചത്. അത് ബാങ്കിംഗ് റെഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരുന്ന ആളുകൾക്ക് മാത്രമേ ബാധകമായിരിക്കുകയുള്ളൂ. സഹകാര്യ ബാങ്കിന്റെ പണമിടപാടുകാർക്ക് അതു ബാധകമല്ല. അതുകൊണ്ടാണ് അവരെ നിയന്ത്രിക്കാൻ വേണ്ടി റിസർവ്വ് ബാങ്ക് തന്നെ ഇപ്പോൾ പുതിയ ആക്ട് കൊണ്ടുവരുകയും പക്ഷേ റിസർവ്വ് ബാങ്ക് മാത്രം വിചാരിച്ചാൽ നടക്കാത്തതുകൊണ്ട് അതിനെ സപ്പോർട്ട് ചെയ്യാനുള്ളു ആക്ടുകൾ സംസ്ഥാനങ്ങളിൽ ഉണ്ടായിരിക്കണമെന്ന് റിസർവ്വ് ബാങ്കും കേന്ദ്ര ഗവൺമെന്റും നിർദ്ദേശിക്കുകയും ചെയ്തിട്ടുള്ളത് നേരത്തെ ഞാൻ ഇവിടെ സൂചിപ്പിച്ചതുപോലെ 1958-ൽ മണി ലെൻണ്ടേഴ്സ് ആക്ട് വരുമ്പോൾ കേരളത്തിൽ ഈ ബ്ലയ്ഡ് കമ്പനികളുടെ എണ്ണമൊക്കെ വളരെ പരിമിതമായിരുന്നു. പാവപ്പെട്ടവർക്ക് പത്തും ആയ്യായിരവും പതിനായിരവുമൊക്കെ രൂപ വച്ചു വായ്പ കൊടുക്കുന്നവർ മാത്രമേ ഉണ്ടായിരുന്നുള്ളൂ, അതുകൊണ്ടാണ് 50 രൂപാലൈസൻസ് എടുത്ത് അവർ നടത്തിക്കോട്ടെയെന്നുള്ള ഒരു അയഞ്ഞ നയം ഗവൺമെന്റ് സ്വീകരിച്ചത്. ഇന്ന് അതല്ല സ്തിഥി ഇന്ന് കണ്ടില്ലേ, ഇവിടെ നേരത്തെ ബഹുമാനപ്പെട്ട മെമ്പർ ചോദിക്കുകയുണ്ടായി. അതിനെക്കുറിച്ച് റിസർവ്വ് ബാങ്കിംഗ് ആക്ടിലും നമ്മുടെ ആക്ടിലും വളരെ വ്യക്തമായ വ്യവസ്ഥയുണ്ട്, ഒരു വ്യക്തിയാണ് ഈ സ്ഥാപനം നടത്തുന്നതെങ്കിൽ 25 പേരിൽ കൂടുതൽ നിന്നും നിക്ഷേപം വാങ്ങിക്കാൻ പാടില്ലെന്ന വ്യവസ്ഥയുണ്ട്. 25 വരെ പാർട്ണർഷിപ്പുള്ള ആളുകൾ പരമാവധി 250 നിക്ഷേപകരിൽ കൂടുതൽ നിന്നും നിക്ഷേപം വാങ്ങാൻ കഴിയുകയില്ല.

ശ്രീ. കാനം രാജേന്ദ്രൻ: നിക്ഷേപം വാങ്ങിക്കുകയും, ഈ 25-നുള്ളിലുള്ള ആളുകളുടെ പേരിലാണ് അതു അക്കൗണ്ട് ചെയ്യുകയും ചെയ്യുന്നതെന്നുള്ള കാര്യം ബഹുമാനപ്പെട്ട മന്ത്രിക്കറിയാമോ ?

ശ്രീ. തച്ചടി പ്രഭാകരൻ: അങ്ങനെ ആരും കാശു കൊണ്ട് അന്യ ആളുകളുടെ നിക്ഷേപത്തിൽ കൊടുക്കുമെന്ന് തോന്നുന്നില്ല. എന്തായാലും ശരി ഈ സഭയിൽതന്നെ ഈ നിയമം പാസ്സാക്കി അതിനുള്ള നടപടി ശരിയായിട്ടെടുക്കാം. ഒരാഴ്ചയോ, രണ്ടാഴ്ചയോ കൂടെ അവർ ക്ഷമിച്ചോട്ടെ. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഈ കാര്യത്തിൽ വളരെ ഗൗരവമായ ഒരു നടപടി സ്വീകരിക്കുമെന്നുള്ളതിന് ഈ സഭക്ക് ഉറപ്പ് നൽകാൻ

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ ആഗ്രഹിക്കുകയാണ്. ഞാൻ പറഞ്ഞതുപോലെ നമ്മുടെ സാമ്പത്തിക സംവിധാനത്തെ മുഴുവൻ തകർക്കുന്നത് ഈ വിഭാഗം ആളുകളാണ്. ഇന്ന് എത്രയോ ആളുകൾ അതിൽ നിരപരാധികളാണ്. ഞാൻ കഴിഞ്ഞ ദിവസം നിയമസഭയിൽ പറഞ്ഞതുപോലെ എത്രയോ ആളുകൾ ഈ ബ്ലേയ്ഡ് കമ്പനിയിൽ ഈ തലസ്ഥാനനഗരിയിൽ തന്നെ നിക്ഷേപിച്ച് ആളുകയ്ക്ക് നിക്ഷേപിച്ച തുക കിട്ടാതെ പോകുന്നു. പക്ഷേ ഗവൺമെൻറ് ഇടപെടുന്നതിന് ഇന്നത്തെ നിയമമനുസരിച്ച് ചില പരിമിതികളുണ്ട്. ഞാൻ നേരത്തെ പറഞ്ഞതുപോലെ മജിസ്ട്രേറ്റിൻറെ അടുത്തുപോയി വാറൻറ് കൊണ്ടുവന്ന് കൊടുക്കുകയാണ്. ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം, ഏകദേശം 87-ഓളം കേസുകൾ ഹൈക്കോടതിയിലുണ്ടായിരുന്നു. എന്നാൽ ഹൈക്കോടതിയിലെ ആ സ്റ്റേയെല്ലാംതന്നെ ഗവൺമെൻറ് ഇടപെട്ട് വാദിച്ച് ശരിയാക്കി. ഇപ്പോൾ 47 കമ്പനികൾ സുപ്രീം കോടതിയിൽ നിന്ന് ഒരു സ്റ്റേ വാങ്ങിച്ചിട്ടുണ്ട്.

ഞാൻ ഈ അടുത്ത കാലത്ത് അഡിഷണൽ അഡ്വക്കേറ്റ് ജനറലിനെ ഡൽഹിയിലയച്ചു. അവിടെ ചെന്ന് നല്ല, ടാക്സുമായി ബന്ധമുള്ള, നരിമാനെപോലുള്ള ആരെയെങ്കിലും വച്ചു കേസ് നടത്തി സ്റ്റേ മാറ്റണം. അവരെല്ലാം ഈ ആളുകളുടെ വക്കാലത്ത് പിടിച്ചിരിക്കുന്നു. പ്രധാനപ്പെട്ട അഭിഭാഷകരാണ് നമുക്കറിയാമല്ലോ. ആ വക്കീലൻമാരുടെ റേറ്റിൻറെ സ്ഥിതി അങ്ങനെയുള്ള ഒരു വിഭാഗത്തെ നിയന്ത്രിക്കണമെങ്കിൽ, സുപ്രീം കോടതിക്കായാലും ഹൈക്കോടതിക്കായാലും ഇടപെടാതിരിക്കണമെങ്കിൽ, അതിനനുസരണമായ വകുപ്പുകളോടുകൂടി തന്നെ നിയമം കൊണ്ടുവരണമെന്നുള്ളതാണ് ഈ ഗവൺമെൻറു ആലോചിക്കുന്നത്. അതിനുള്ള നടപടികൾ സ്വീകരിച്ചു കൊണ്ടിരിക്കുകയാണ്. പിന്നെ ഇവിടെ ഒരു പ്രധാനപ്പെട്ട ഒരു പ്രശ്നത്തെക്കുറിച്ച് പറയുകയുണ്ടായി. ഇവിടെ പല മെമ്പർമാർ പറഞ്ഞത് ശരിയാണ് അതു കേൾക്കുമ്പോൾ ആകർഷകമായി തോന്നും. പവന് 1200 രൂപയും 1300 രൂപയും ആണ് വാങ്ങുന്നത്, എന്നാൽ ഈ ഗവൺമെൻറ് പരിശോധിച്ചപ്പോൾ അങ്ങനെ ബ്ലേയ്ഡ് കമ്പനികളിൽ വച്ചിട്ടുള്ളതിൻറെ 90 ശതമാനം ആളുകളും തിരിച്ചെടുത്തിട്ടില്ല. കാരണം, പലിശ നാൽപ്പതും, നാൽപതും ശതമാനം വരെ ഈടാക്കുന്ന ബ്ലേയ്സ് കമ്പനികളാണുള്ളത്, 1300 രൂപയ്ക്ക് പണയം വച്ച് മൂന്നു മാസം കഴിയുമ്പോൾ മാർക്കറ്റ് വിലയിൽ ഒരു പവനുള്ള വിലയേക്കാൾ കൂടുതലായി വരും. ആറുമാസം ഇരുന്നാൽ പിന്നെ 2500 രൂപയും 2600 രൂപയും ഒക്കെയാകും. ഈ 2500 രൂപയാകുമ്പോൾ പിന്നെ എന്തിനാണ്? നൂറ് രൂപ കൂടിയാകും ശരാശരി ഒരു പവൻറെ പണിക്കൂലി. പവൻറെ പണിക്കൂലി ശരാശരി 50 രൂപയോ, നൂറ് രൂപയോ ആണ് അപ്പോൾ ആ പണിക്കൂലി നഷ്ടപ്പെട്ടാലും 1500 - നോ 1600 - നോ സ്വർണ്ണം വാങ്ങുമെന്നു വിചാരിച്ചാൽ പിന്നെ ഈ ബ്ലേയ്ഡ് കമ്പനികളിൽ വച്ചിട്ടുള്ള പാവപ്പെട്ട ആളുകൾ അവരുടെ സ്വർണ്ണമെടുക്കാൻ തിരിച്ചുപോകുന്നില്ലെന്നുള്ളതാണ് നമ്മുടെ 80 ശതമാനം സ്വർണ്ണനിക്ഷേപത്തെ സംബന്ധിച്ചിടത്തോളമുള്ളത്. അതുപോലെതന്നെ അത്യാവശ്യമായിട്ട് ആളുകൾ പണയപ്പെടുത്താൻ വരുമ്പോൾ കൊടുക്കുന്ന ബോണ്ടുകളൊന്നും പരിശോധിച്ചിട്ടല്ല കൊടുക്കുന്നത്. കാശിന് ആവശ്യം വരുമ്പോൾ സഹകാരി പണമിടപാടുകാരൻ കൊടുക്കുന്നതിനെ ഏതു പ്രമാണത്തിൽ വേണമെങ്കിലും, ഒപ്പിട്ടു കൊടുത്ത് തൽക്കാലത്തേയ്ക്ക് അവൻറെ ആവശ്യങ്ങൾ നിറവേറ്റുകയെന്നുള്ളതാണ് ഇവിടത്തെ സ്ഥിതി.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ; വായ്പ വാങ്ങാൻ ചെല്ലുമ്പോൾ അവരുടെ സ്ഥലമോ, കെട്ടിടമോ ഉണ്ടെങ്കിൽ അത് വിലയ്ക്കെഴുതി ഒപ്പിട്ട് കൊടുത്തിട്ടാണ് പണം കൊടുക്കുന്നതെന്നറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തച്ചടി പ്രഭാകരൻ: ഒരിക്കൽ ഇത് അടച്ചിട്ട് അവരുടെ ബാദ്ധ്യത ഒഴിവാക്കിക്കൊണ്ടുപോകുവാൻ 90 ശതമാനം ആളുകൾക്കും കഴിയുന്നില്ല. ഇപ്പോഴും തന്നെ തിരുവനന്തപുരത്ത് ഒന്ന് രണ്ട് ബ്ലേഡ് കമ്പനിക്കാർക്ക് പാവപ്പെട്ട ആളുകൾ വസ്തുവിറ്റ് നിക്ഷേപിച്ച പത്തും പതിനഞ്ചും ലക്ഷം രൂപ സിനിമാ തിയേറ്റർ ഉണ്ടാക്കാൻ ചെലവാക്കി. ഇതൊക്കെ കമ്പനികളുടെ ഭാഗത്ത് വരികയാണുണ്ടായത്. അങ്ങനെയുള്ള സാഹചര്യങ്ങൾ കഴിയുന്നത്ര ഒഴിവാക്കണമെങ്കിൽ സമഗ്രമായ ഒരു നിയമം ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം ഉണ്ടാകണം.

ഒന്ന് രണ്ട് മെമ്പർമാർ ചൂണ്ടിക്കാണിച്ച ഒരു സാമൂഹ്യപ്രശ്നമുണ്ട്. ആളുകൾ അത്യാവശ്യത്തിന് വരുന്ന അവസരങ്ങളിൽ ഇങ്ങനെയുള്ള കഴുത്തറുപ്പൻ പലിശയാണെങ്കിൽ പോലും ബാങ്കുകൾ വായ്പ കൊടുക്കുന്ന ഉദാരമായ ഒരു നയം ആവശ്യമാണ്. നമ്മുടെ ബാങ്കുകൾ ദേശസാൽക്കരിച്ചതു തന്നെ ഇതുപോലെ പാവപ്പെട്ട ആളുകളുടെ അടിയന്തിരമായി വരുന്ന ആവശ്യങ്ങൾക്ക് വായ്പ കൊടുക്കാൻവേണ്ടിയാണ്. അതുകൊണ്ട് കേരളത്തിലെ സഹകരണബാങ്കിംഗ് വ്യവസായികളെ നമ്മൾ നിയന്ത്രിക്കുന്നതിനെക്കുറിച്ച് കേന്ദ്രധനകാര്യമന്ത്രിയുമായും, റിസർവ്വ് ബാങ്ക് ഗവർണ്ണറുമായും ഈയടുത്തകാലത്ത് രണ്ട്മൂന്ന് പ്രാവശ്യം എനിക്ക് ചർച്ചചെയ്യാനുള്ള അവസരമുണ്ടായി. സഹകരണബാങ്കിംഗ് വ്യവസായികളെ നിയന്ത്രിക്കുന്ന അവസരത്തിൽ തീർച്ചയായും ബാങ്കിന്റെ വായ്പാനയത്തിൽ കുറെകൂടി ഉദാരമായ ഒരു സമീപനം ഉണ്ടാകേണ്ടതാണ് കേരളത്തെ സംബന്ധിച്ചിടത്തോളം ആവശ്യമാണ് എന്നറിയിച്ചപ്പോഴും റിസർവ്വ് ബാങ്ക് ഗവർണ്ണർ സമ്മതിച്ചിരിക്കുകയാണ്. എല്ലാ കമേഴ്സ്യൽ ബാങ്കുകളുടെയും നാഷണലൈസ്ഡ് ബാങ്കുകളുടേയും ചെയർമാൻമാരേയും മാനേജിംഗ് ഡയറക്ടർമാരേയും കേരളത്തിൽ വിളിച്ചുകൂട്ടി ഇവർക്ക് ആവശ്യമായ രീതിയിൽ വായ്പ കൊടുക്കുന്നതിനുള്ള ഉദാരമായ വ്യവസ്ഥ അവരെക്കൊണ്ട് ചെയ്യിക്കാമെന്ന് റിസർവ്വ് ബാങ്ക് ഗവർണ്ണർ സമ്മതിച്ചിരിക്കുകയാണ്. ഇപ്പോൾ മെമ്പർമാർ ചൂണ്ടിക്കാണിച്ചതുപോലെ സ്വർണ്ണപണയത്തിൻമേൽ വായ്പ ലഭിക്കുന്നത് ബുദ്ധിമുട്ടുള്ള കാര്യമാണ്. അതാണ് ഇവരെ ആശ്രയിക്കേണ്ടിവരുന്നത്. സഹകരണബാങ്കുകളെ സംബന്ധിച്ചിടത്തോളം ഇവിടെ ബഹുമാനപ്പെട്ട കൃഷ്ണൻകുട്ടി സൂചിപ്പിച്ചത് ശരിയല്ല. സഹകരണബാങ്കുകളെ സംബന്ധിച്ചിടത്തോളം ഞങ്ങൾ ജില്ലാ സഹകരണബാങ്കുകൾ ഉൾപ്പെടെ ഒരു വ്യക്തിക്ക് ഒരു പവൻ ആയിരം രൂപവച്ച് കൊടുക്കണമെന്നും 10,000 രൂപവരെ സഹകരണസംഘങ്ങൾ ഒരു വ്യക്തിക്ക് കൊടുക്കണമെന്നും തീരുമാനിച്ചിട്ടുണ്ട്. കേരളത്തിൽഅഞ്ഞൂറോളം പ്രൈമറി സഹകരണസംഘങ്ങൾ ഈ രംഗത്ത് വന്നുകഴിഞ്ഞു. ജില്ലാ സഹകരണബാങ്കുകളുടെയും സംസ്ഥാന സഹകരണബാങ്കുകളേയും സംബന്ധിച്ചിടത്തോളം അതിന്റെ തോത് വർദ്ധിപ്പിക്കുന്നതിന് ഗവൺമെന്റ് അവരോട് ആവശ്യപ്പെട്ടിട്ടുണ്ട് അവർ ഇതുവരെ അതിന്റെ തോത് വർദ്ധിപ്പിക്കുന്നതിനുള്ള അനുമതി തന്നിട്ടില്ല. നബാർഡിന്റെ അനുമതിയാണ് വേണ്ടത്. നബാർഡിന്റെ ചെയർമാനുമായി ഇക്കാര്യത്തെക്കുറിച്ച് ചർച്ച ചെയ്തു. തീർച്ചയായും കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ ഇവിടെ എടുത്തിട്ടുള്ള തീരുമാനം, നടപ്പാക്കുന്നതിനാവശ്യമായ ഉത്തരവ് തരും. അതു തന്നുകഴിഞ്ഞാൽ ജില്ലാ സഹകരണബാങ്കുകളുടെ 300 ബ്രാഞ്ചുകളിലും ഈ പറഞ്ഞ രീതിയിലുള്ള ഉദാരമായ വ്യവസ്ഥ നടപ്പാക്കുന്നതിനും അർബൻ ബാങ്കുകളിലും ആ വ്യവസ്ഥനടപ്പാക്കുന്നതിനുമുള്ള നടപടികളും തീർച്ചയായും സ്വീകരിക്കും. അതുപോലെ കമേഷ്യൽബാങ്കുകളുടെ കാര്യവും പറയാം. ഇന്ന് ഇത്തരം ചില ബാങ്കുകളിൽ ആഴ്ചയിൽരണ്ട് പ്രാവശ്യം പണയമെടുക്കും. നാലോ അഞ്ചോ സ്വർണ്ണപണയമാത്രമെടുത്തിട്ട്

LIBRARY ARCHIVES Kerala Legislative Assembly

നിർത്തും. ഈ ചർച്ചയോടുകൂടി അതിനൊക്കെ ഒരു മാറ്റം വരുത്തിയെടുക്കാൻ കഴിയും എന്നാണ് ഗവൺമെൻറ് പ്രതീക്ഷിക്കുന്നത്.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ; അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കിൻെറ നിരോധനം വന്നതിനെത്തുടർന്ന് അവരുടെ സമ്മേളനത്തിൽ ബഹുമാനപ്പെട്ട മന്ത്രി പങ്കെടുത്ത് റിസർവ്വ് ബാങ്കുമായി ആലോചിച്ച് ഈ കാര്യത്തിൽ സംസ്ഥാനത്തിന് എക്സംപ്ഷൻ കൊടുക്കാനുള്ള പ്രൊവിഷൻ ഇവോക്ക് ചെയ്ത് അവരെ സഹായിക്കാം എന്നു പറഞ്ഞിരുന്നു. അതിന് വല്ല നടപടിയുമെടുക്കുമോ?

ശ്രീ. തച്ചടി പ്രഭാകരൻ; റിസർവ്വ് ബാങ്കുമായും കേന്ദ്രധനകാര്യവകുപ്പുമായും ഈ കാര്യത്തെക്കുറിച്ച് ചർച്ച ചെയ്തിട്ടുണ്ട്. ആശാവഹമായ രീതിയിൽ ഒരു തീരുമാനം ഉണ്ടാകുമെന്നാണ് ഗവൺമെൻറ് കരുതുന്നത്. മുഖ്യമന്ത്രിയെ കൊണ്ടുതന്നെ ആ കാര്യത്തിനുവേണ്ടി കത്തയച്ചിട്ടുണ്ട്. അതു കഴിഞ്ഞ് അതിൻെറ ഫോളോഅപ്പ് എന്നുള്ളനിലയിൽ ചർച്ച ചെയ്ത് നമുക്ക് ആ രീതിയിൽ അർബൻബാങ്കുകൾക്ക് സഹായകരമായ രീതിയിലുള്ള ഒരു ഭേദഗതി വരുമെന്നുതന്നെയാണ് ഗവൺമെൻറ് പ്രതീക്ഷിക്കുന്നത്. ശ്രീ. കൃഷ്ണൻകുട്ടി ഇവിടെ ആരോപണരൂപേണ പറഞ്ഞു, ഇക്കാര്യങ്ങളൊക്കെ എവിടെനിന്ന് കിട്ടുന്നുയെന്ന് അറിയില്ല, പാലക്കാട്ടെ ഒരു ബ്ലേഡ്കമ്പനിയെക്കുറിച്ചാണ് പറഞ്ഞത്. ഐ. ഡി. ബി. ഐ. യുടെ ഫൈനാൻസ് കിട്ടുന്നതിൽനിന്ന് ഒരു ബ്ലേഡ് കമ്പനിക്കാരന് 50 ലക്ഷം രൂപ കോ-ഓപ്പറേറ്റീവ്ബാങ്ക്കൊടുത്തു എന്നാണ് പറഞ്ഞത്. ഞാൻ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ്ബാങ്കിൽ വിളിച്ചു ചോദിച്ചു, ബാങ്കിൽനിന്ന് അറിയാൻ കഴിഞ്ഞത് അങ്ങനെയൊരു ബ്ലേഡ്കമ്പനിക്കാരന് ബാങ്കിൽനിന്ന് പണം കൊടുത്തിട്ടില്ലായെന്നാണ്. അതിനാൽ ഞാൻ അതിനെ ശക്തമായി നിഷേധിക്കുന്നു. മറ്റൊരു ബില്ലുകൂടി ഈ സഭയിൽ വരുന്നതുകൊണ്ട്, അതേക്കുറിച്ച് കൂടുതൽ ചർച്ചയുണ്ടാകുമെന്നുള്ളതിനാൽ ഈ ചർച്ച ഞാൻ നീട്ടികൊണ്ട്പോകുന്നില്ല. ഇത് സബ്ജക്ട് കമ്മിറ്റിക്ക് അയക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. വി. എസ്. ചന്ദ്രശേഖരപിള്ള അവതരിപ്പിച്ച നിരാകരണപ്രമേയം വോട്ടിനിട്ട് സഭ നിരാകരിച്ചു.

ശ്രീ. എം. എം. ഹസ്സൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എ. സി. ജോസ് അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

1986- ലെകേരള ചണം കടംകൊടുപ്പുകാർ (ഭേദഗതി) ബിൽ സാമ്പത്തികകാര്യം സംബന്ധിച്ച 8-ാം സബ്ജക്ട്സ് കമ്മിറ്റിയുടെ പരിഗണനക്കയക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു. ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയച്ചു.

മി. സ്പീക്കർ; സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8,30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1986 നവംബർ മാസം 12-ാം തീയതി ബുധനാഴ്ച രാവിലെ 8-30 ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചക്ക് ശേഷം 1.44-ന് പിരിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly